# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2017 ഡിസംബർ വോള്യം: 6. ലക്കം: 5

6 കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ട്രേഡ് യൂണിയന്റെ നിർദേശങ്ങൾ

രാജ്യത്തെ തൊഴിലാളികളുടെ ആവശ്യങ്ങൾ മുൻനിർത്തി 2015 ആഗസ്തിൽ സമർപ്പിച്ച പന്ത്രണ്ടിന അവകാശ പത്രിക കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റിന് മുമ്പായി പരിഗണിക്കുന്നതിന് വീണ്ടും സമർപ്പിക്കുന്നു. ചർച്ചകളിൽ യാതൊരു ഫലവും കാണാത്തതിനാലാണ് ആവർത്തിച്ച് ആവശ്യങ്ങൾ ചൂണ്ടിക്കാട്ടുന്നത്.




11 ബെയിൽ ഇൻ, ബെയിൽ ഔട്ട്
എ.സിയാവുദീൻ



14 പ്രതിപക്ഷത്തിന്റെ സങ്കുചിത രാഷ്ട്രീയക്കളി
ജെ.മേഴ്സിക്കുട്ടിഅമ്മ

## എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്
പി. നന്ദകുമാർ
കെ ചന്ദ്രൻപിള്ള

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

മൂഡിസിന്റെ ഉയർത്തൽ 20
പ്രഭാത് പട്നായിക്ക്

കേന്ദ്ര പൊതുമേഖലയിലെ ശമ്പള പരിഷ്കരണം 24
കെ.ചന്ദ്രൻപിള്ള

ചരിത്രം രചിച്ച് കർഷക പാർലമെന്റ് 26
ഹന്നൻമുള്ള

തൊഴിലാളി ക്ഷേമനിധി ബോർഡ് 28
ടി.പി. രാമകൃഷ്ണൻ

ജറുസലേമിനെ തലസ്ഥാനമായി അംഗീകരിച്ച ട്രമ്പിന്റെ നടപടി 30

ട്രമ്പിന്റെ നികുതി പരിഷ്കാരം 33
ജോസ് ടി. എബ്രഹാം

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചാമോഹം 36
എൻ. പത്മലോചനൻ

ഇന്ത്യൻ റെയിൽവേയുടെ രത്നകമ്പനികളെ തകർക്കാൻ 52
കെ. ഹേമലത

എഡിറ്റോറിയൽ

# ഇടതുപക്ഷ ബദൽ ശക്തിപ്പെടുത്തുക

കേരളത്തിലെ എൽഡിഎഫ് സർക്കാരിനെ ദുർബലപ്പെടുത്താനുള്ള നീക്കത്തിനെതിരെ, തൊഴിലാളി വർഗം ജാഗ്രത പുലർത്തണം. 1959 ലെ വിമോചന സമരകാലത്തെ അനുസ്മരിപ്പിക്കുന്ന വിധത്തിലുള്ള അപവാദ പ്രചരണങ്ങളും അക്രമ പ്രവർത്തനങ്ങളുമാണ് നടക്കുന്നത്. കേന്ദ്ര ഭരണത്തിന്റെ സ്വാധീനമുപയോഗിച്ച്, ബിജെപി– ആർഎസ്എസ് സംഘടനകളാണ് എൽഡിഎഫിനെ ശത്രുപക്ഷത്ത് നിർത്തി ആക്രമിക്കുന്നത്. എൽഡിഎഫ് സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കാലയളവിൽ 14 സിപിഐഎം പ്രവർത്തകരെയാണ് ആർഎസ്എസുകാർ കൊലപ്പെടുത്തിയത്. സംസ്ഥാനത്തുടനീളം നിരവധി സിപിഐ(എം) സിഐടിയു ഓഫീസുകൾ അക്രമികൾ തകർത്തു. തിരുവനന്തപുരത്ത് സിപിഐ(എം) ജില്ലാ കമ്മിറ്റി ഓഫീസിന് നേരെ അക്രമം നടത്തി. തിരുവനന്തപുരം മേയറെ കോർപറേഷൻ ഓഫീസിൽ കയറി അക്രമിച്ച് പരിക്കേല്പിച്ചു. ഈ അക്രമികൾ തന്നെ സംസ്ഥാനത്ത് "ചുകപ്പ് ഭീകരത" യാണെന്ന് മുറവിളി കൂട്ടുന്നു. ബിജെപി സംസ്ഥാന പ്രസിഡന്റ് നയിച്ച പ്രചരണ ജാഥ പ്രധാനമായി ഉന്നെവെച്ചത് എൽഡിഎഫ് സർക്കാരിനെയും സിപിഐ(എം) നെയുമായിരുന്നു. ബിജെപി അഖിലേന്ത്യാ പ്രസിഡന്റും മുഖ്യമന്ത്രിമാരും എംപിമാരുമെല്ലാം ഈ കള്ള പ്രചരണത്തിൽ പങ്കാളികളായി.

കേന്ദ്ര സർക്കാരിന്റെ നവ– ഉദാരവൽക്കരണ നയങ്ങൾക്കും വർഗീയതക്കും ബദൽയങ്ങൾ ഉയർത്തിയാണ് എൽഡിഎഫ് സർക്കാർ മുന്നോട്ട് പോകുന്നത്. കേന്ദ്ര സർക്കാർ പൊതുമേഖല സ്വകാര്യവൽക്കരിക്കുമ്പോൾ, കേരളത്തിൽ പൊതുമേഖല പുനരുദ്ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. കടുത്ത തൊഴിലാളി ദ്രോഹ നയങ്ങൾ സംസ്ഥാനത്ത് നടപ്പാക്കില്ല എന്ന് പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലെ താല്ക്കാലിക തൊഴിലാളികളുടെ പ്രതിദിന വേദനം 650 രൂപയാക്കി ഉയർത്തി. കാലാവധി തീർന്ന മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നു. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നു. സ്കൂൾ യൂണിഫോമിന് ആവശ്യമായ മുഴുവൻ തുണിയും സംസ്ഥാനത്തെ കൈത്തറി മേഖലയിൽ ഉൽപാദിപ്പിക്കുന്നു. യുഡിഎഫ് സർക്കാർ സ്വകാര്യ കച്ചവടക്കാരിൽ നിന്ന് തുണിവാങ്ങി വൻതുക കമ്മീഷനായി കൈപ്പറ്റാറുണ്ടായിരുന്നു.

കേന്ദ്ര നയങ്ങൾ കർഷകരെ വൻതകർച്ചയിലേക്കാണ് നയിച്ചത്. കൃഷി ചെലവ് കൂടുകയും ഉൽപന്നങ്ങളുടെ വില കുറയുകയും ചെയ്തതിനാൽ കൃഷിക്കാർ വലിയ കടക്കെണിയിലായി. കടം വീട്ടാൻ വേണ്ടി, കൈവശമുള്ള ഭൂമി വില്ക്കേണ്ടി വരുന്നു. ചിലർ ആത്മഹത്യ ചെയ്യുന്നു. കഴിഞ്ഞ ഒരു ദശകത്തിനുള്ളിൽ 3.5 ലക്ഷം കൃഷിക്കാരാണ് ആത്മഹത്യ ചെയ്തത്. ഈ സാഹചര്യത്തിലാണ് രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സമരത്തിനിറങ്ങിയത്. കേരളത്തിൽ കർഷകരെ സഹായിക്കുന്ന നയമാണ് എൽഡിഎഫ് സർക്കാർ നടപ്പാക്കുന്നത്. കൃഷിക്ക് വലിയ പ്രോത്സാഹനമാണ് സർക്കാർ നൽകുന്നത്. നവ കേരള മിഷന്റെ ഭാഗമായ ഹരിതകേരളം പദ്ധതി കൃഷിക്കാർക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്.

സാമൂഹ്യ– ക്ഷേമ പെൻഷൻ 600 രൂപയിൽ നിന്ന് 1100 രൂപയായി ഉയർത്തിയതും, ഭവന രഹിതരെ സഹായിക്കാൻ ഏർപ്പെടുത്തിയ ലൈഫ് പദ്ധതിയും പൊതുവിദ്യാലയ ങ്ങളുടെ നവീകരണവും ആർദ്രം പദ്ധതിയുമെല്ലാം, ജനങ്ങൾക്ക് ഒരു പുതിയ അനുഭവ മാണ്.

സംഘപരിവാർ ഉയർത്തുന്ന വർഗീയതക്കെതിരെ എൽഡിഎഫ് ഉറച്ച നിലപാട് സ്വീകരിക്കുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെപോലെ ഗോരക്ഷ, ലൗജിഹാദ്, ഘർവാപസി തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി മതന്യൂനപക്ഷങ്ങളെ ആക്രമിക്കാനും മതപരമായ ചേരിതിരിവ് സൃഷ്ടിക്കാനും കേരളത്തിൽ സംഘപരിവാറിന് അവസരം നൽകുന്നില്ല. ദളിത് ജനതക്കെതിരെ യാതൊരതിക്രമവും കേരളത്തിൽ നടക്കുന്നില്ല. ബീഫ് നിരോധനം സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന മുഖ്യമന്ത്രിയുടെ ധീരമായ പ്രഖ്യാ പനം, ജനങ്ങൾക്കെല്ലാവർക്കും ആശ്വാസം നൽകി. രാജ്യത്താകയുള്ള മതനിരപേക്ഷ ചിന്താഗതിക്കാർ കേരളത്തെ ആവേശത്തോടെയാണ് നോക്കുന്നത്. കേരള മുഖ്യമന്ത്രിക്കും സിപിഐ(എം) നുമെതിരെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നടക്കുന്ന ആർഎസ് എസ് അതിക്രമങ്ങൾ ഈ പശ്ചാത്തലത്തിലാണ്.

കേരളത്തിലെ കോൺഗ്രസും മുഖ്യശത്രുവായി കാണുന്നത് ഇടത്പക്ഷത്തെയാ ണ്. മോഡി സർക്കാർ നോട്ട് നിരോധനം ഏർപ്പെടുത്തിയ നടപടി ജനങ്ങൾക്കുണ്ടാ ക്കിയ ജീവിത പ്രയാസങ്ങൾക്കെതിരെ എൽഡിഎഫ് സമരം ചെയ്യാൻ ഒരുങ്ങിയപ്പോൾ അതിനോട് ചേരാൻ കോൺഗ്രസ് സന്നദ്ധമായില്ല. സംഘപരിവാറിനോടൊപ്പം ചേർന്ന് എൽഡിഎഫിനെതിരെ നുണ പ്രചരണങ്ങൾ നടത്താനും കോൺഗ്രസിന് മടിയില്ല.

എൽഡിഎഫ് വിരുദ്ധ പടയണിയിൽ ബൂർഷ്വാ മാധ്യമങ്ങളും സജീവ പങ്കാളിക ളാണ്. കിട്ടുന്ന ഏതവസരം ഉപയോഗിച്ചും എൽഡിഎഫിനെതിരെ പൊതുവിലും സിപി ഐ(എം)നെ ഒറ്റതിരിച്ചും ആക്രമിക്കുന്നതിൽ അവർ മത്സരിക്കുകയാണ്. മുൻമന്ത്രി തോമസ് ചാണ്ടിക്കെതിരായി ചില ആക്ഷേപങ്ങൾ ഉയർന്ന് വന്നതിന്റെ പശ്ചാത്തലത്തി ലായിരുന്നു ഒരിക്കൽ എൽഡിഎഫ് സർക്കാരിനെതിരെയും മുഖ്യമന്ത്രിയെ ഒറ്റ തിരിച്ചും ആക്രമണം– ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മികച്ച ദുരന്ത നിവാരണ പ്രവർത്ത നങ്ങൾ നടത്തിയ സർക്കാരിനെതിരെ പരസ്യമായി കലാപത്തിനാഹ്വാനം ചെയ്യാനും ചില മാധ്യമങ്ങൾ സന്നദ്ധമായി. എന്നാൽ സർക്കാർ ആത്മാർത്ഥമായി നടത്തിയ പ്രവർത്തനങ്ങൾ നേരിൽ കാണുകയും അനുഭവപ്പെടുകയും ചെയ്ത തീരദേശത്തെ ജനങ്ങൾ, മാധ്യമ പ്രചരണത്തിൽ കുടുങ്ങി, കാലപത്തിനൊന്നും മുതിർന്നില്ല.

ബിജെപി സർക്കാർ നടപ്പാക്കുന്ന നവ– ഉദാരവൽക്കരണ നയങ്ങൾ രാജ്യത്തെ ജനങ്ങളുടെ ജീവിതം തകർക്കുകയാണ്. നോട്ട് നിരോധനവും ജിഎസ്ടിയും ദശലക്ഷ ക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തി. ചെറുകിട ഉൽപാദകരും കർഷ കരും തകരുകയാണ്. ഈ നയങ്ങൾക്കെതിരെ, പ്രതിഷേധവുമായി ജനങ്ങൾ രംഗത്തി റങ്ങി തുടങ്ങിയിട്ടുണ്ട്. കർഷക സമരവും 2017 നവംബർ 9, 10, 11 തീയതികളിൽ ഡൽഹി യിൽ നടന്ന തൊഴിലാളി സമരവും കേന്ദ്ര സർക്കാരിനെതിരായ രോഷ പ്രകടനങ്ങളാ യിരുന്നു. ഈ നയങ്ങൾക്കെതിരെ പോരാടുന്നവർക്ക് ആവേശം പകരുന്ന ബദൽ ശക്തി യാണ് കേരളത്തിലെ ഇടത്പക്ഷ ജനാധിപത്യ മുന്നണി. എൽഡിഎഫിനെതിരെയുള്ള ഗൂഢാലോചനയും അപവാദ പ്രചരണവും ഈ പശ്ചാത്തലത്തിലാണ്. എൽഡിഫിനെ സംരക്ഷിക്കാൻ തൊഴിലാളികൾ ഒന്നിച്ച് അണിനിരക്കണം.

### കേന്ദ്ര ബജറ്റിന് മുന്നോടിയായി

# കേന്ദ്ര ട്രേഡ് യൂണിയനുകൾ മുന്നോട്ടുവച്ച നിർദേശങ്ങൾ

ട്രേഡ് യൂണിയനുകൾ സംയുക്തമായി ഉന്നയിച്ച കാര്യങ്ങൾ പരിഗണിക്കുകയും അത് ബജറ്റ് നിർദേശങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്താൽ മാത്രമേ ഈ യോഗം അർഥപൂർണമാകൂ എന്ന് ഞങ്ങൾ ആമുഖമായി ആവശ്യപ്പെടുന്നു. ഈ യോഗം വെറുമൊരു അനുഷ്ഠാനമാക്കി മാറ്ററുതെന്ന് ഞങ്ങൾ അഭ്യർഥിക്കുന്നു.

രാജ്യത്തെ തൊഴിലാളികളുടെ ആവശ്യങ്ങൾ മുൻനിർത്തി 2015 ആഗസ്തിൽ സമർപ്പിച്ച പന്ത്രണ്ടിന അവകാശ പത്രികയ്ക്കുമേൽ താങ്കൾ തലവനായ മന്ത്രിതല സമിതി നടത്തിയ ചർച്ച അപൂർണമായിരുന്നു. കേന്ദ്ര ട്രേഡ് യൂണിയനുകൾ നിരന്തരമായി ആവശ്യപ്പെട്ടിട്ടും ചർച്ച പുനരാരംഭിക്കാൻ മന്ത്രിതല സമിതി തയ്യാറായിട്ടില്ല. ട്രേഡ് യൂണിയനുകളുമായി തൊഴിൽ മന്ത്രി 2017 നവംബർ ഏഴിന് നടത്തിയ ചർച്ച ഫലം കണ്ടതുമില്ല.

അതിനാൽ ആവശ്യങ്ങൾ ആവർത്തിച്ച് ഉന്നയിക്കാനും താഴെ പറയുന്ന കാര്യങ്ങൾ അവതരിപ്പിക്കാനും ഞങ്ങൾ നിർബന്ധിതരായിരിക്കുന്നു.

**ട്രേഡ് യൂണിയനുകൾ നിരന്തരമായി ആവശ്യപ്പെടുന്ന മേൽപ്പറഞ്ഞ പന്ത്രണ്ടിന അവകാശ പത്രികയിലെ ആവശ്യങ്ങൾ ഉടൻ അംഗീകരിച്ച് മൂർത്തമായി നടപടി കൈക്കൊള്ളണമെന്ന് ഞങ്ങൾ സർക്കാരിനോട് ആവശ്യപ്പെടുന്നു. മുൻവർഷങ്ങളിലെ ബജറ്റ് പൂർവ യോഗങ്ങളിൽ ട്രേഡ് യൂണിയനുകൾ ഉന്നയിച്ച ആവശ്യങ്ങളൊന്നും ബജറ്റുകളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ഖേദകരമാണ്.**

- **സാമൂഹിക മേഖലയിൽ ബജറ്റ് വിഹിതം വർധിപ്പിക്കുക:** സാമൂഹിക മേഖലയിലും ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ അടിസ്ഥാന അവശ്യ സേവന മേഖലയിലും കേന്ദ്ര ബജറ്റിൽ വിഹിതം വർധിപ്പിക്കാൻ സർക്കാർ തയ്യാറാവണം. പണമൊടുക്കാൻ കഴിവുള്ള സമ്പന്നർക്കുമേൽ നികുതി ചുമത്തി അവശ്യ സാമ്പത്തിക ഉറവിടങ്ങൾ ആഭ്യന്തരമായി വർധിപ്പിക്കണം.
- **നികുതി അടവിലും വായ്പാ തിരിച്ചടവിലും ബോധപൂർവമായി വീഴ്ച വരുത്തുന്നവർക്കെതിരെ ഫലപ്രദമായ നടപടി:** നികുതി അടവിലും വായ്
ച്ചടവിലും ബോധപൂർവമായി വീഴ്
ത്തുന്ന വൻകിട ബിസിനസ്സുകാർക്കും കോർപറേറ്റുകൾക്കും എതിരെ ഫലപ്രദവും ദൃഢവുമായ നടപടി കൈക്കൊണ്ട്
കുടിശ്ശിക കുന്നുകൂടുന്നത്
ധപൂർവം നികുതി അടയ്
നൽ കുറ്റമായി കണക്കാക്കുകയും ഇത്തരക്കാരുടെ പട്ടിക പൊതുജനസമക്ഷം അവതരിപ്പിക്കുകയും ചെയ്യുക. കടം തിരിച്ചു പിടിക്കാൻ ഫാസ്
ണലുകൾ അടക്കമുള്ള കർശന മാർഗങ്ങൾ സ്വീകരിക്കുക.
- **മിനിമം വേതനം:** 15ാം ഇന്ത്യൻ ലേബർ കോൺഫ്രൻസിന്റെ ശുപാർശകളിലും റാപ്
റ്റകോസ്
കോടതി വിധിയിലും പരാമർശിക്കുന്ന മിനിമം കൂലി ഉപഭോക്
ബന്ധപ്പെടുത്തി നിശ്ചയിക്കുക. ഏഴാം ശമ്പള കമീഷൻ ഇത്
പയാക്കി ഉറപ്പിച്ചത്
ട്ടുണ്ട്
ത്ത തുക മിനിമം വേതനമാക്കി നിശ്ചയിക്കണം. ഇത്
രന്തരമായി ഉന്നയിക്കുന്ന ആവശ്യമാണ്
ആവശ്യാധിഷ്
ക സുരക്ഷയുടെ അനിവാര്യതയായി പരിഗണിക്കണം.
- **ഏഴാം ശമ്പള കമീഷനുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ ആവശ്യങ്ങൾ പരിഹരിക്കുക:** ഏഴാം ശമ്പള കമീഷനുമായി ബന്ധപ്പെട്ട അലവൻസ്
കേന്ദ്ര -സംസ്ഥാന ജീവനക്കാർ ഉന്നയിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കുക. ഏഴാം ശമ്പള കമീഷന്റെ ആനുകൂല്യങ്ങളിൽ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തണം.
- **വിലക്കയറ്റം:** അവശ്യവസ്
പ്രത്യേകിച്ച്
രന്തരമായി കുതിച്ചുയരുന്നതോടെ തൊഴിലാളികൾക്കും അധ്വാനിക്കുന്നവർക്കും തങ്ങളുടെ ജീവിതാവശ്യങ്ങൾ നിറവേറ്റുക
എന്നത്
ഹക്കച്ചവടവും അവധിവ്യാപാരവും കരിഞ്ചന്തയുമാണ്
കാരണം. അവശ്യവസ്
ഹക്കച്ചവടവും അവധി വ്യാപാരവും തടയാനും കരിഞ്ചന്ത തടയാനും സർക്കാർ കർശന നടപടി കൈക്കൊള്ളുകയും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുകയും വേണം. പൊതുവിതരണ സംവിധാനം സാർവത്രികമാക്കണം. പൊതുവിതരണ സംവിധാനത്തിലെ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക്
പണം നൽകുന്നത്
- **പൊതുമേഖലാ യൂണിറ്റുകളുടെ ഓഹരി വിൽപ്പനയും സ്വകാര്യവൽക്കരണവും തടയുക:** പൊതുമേഖലയെ ശക്തിപ്പെടുത്തുകയും വിപുലീകരിക്കുകയും ചെയ്യണം. പൊതുമേഖലയിലെ രക്ഷപ്പെടുത്താൻ കഴിയാവുന്ന രോഗാതുര വ്യവസായങ്ങൾക്ക്
പ്പിക്കണം. ലാഭമുണ്ടാക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണ നീക്കം അവസാനിപ്പിക്കണം. സർക്കാർ ഉടമസ്ഥതയിലുള്ള പൊതു ഗതാഗത സംവിധാനത്തിന്റെ സ്വകാര്യവൽക്കരണത്തിലേക്ക് വഴി തുറക്കുന്ന മോട്ടോർ വാഹന നിയമ ഭേദഗതികൾ പിൻവലിക്കണം.
- **തൊഴിൽ സൃഷ്ടി:** സമീപ കാലത്ത്
ഴിൽ സൃഷ്ടി കൂപ്പുകുത്തിയിരിക്കയാണ്
അടിസ്ഥാന സൗകര്യ മേഖലയിലും സാമൂഹിക മേഖലയിലും കൃഷിയിലും പൊതുനിക്ഷേപം വൻ തോതിൽ വർധിപ്പിച്ചാൽ മാത്രമേ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകൂ. ഈ മേഖലകളിൽ അവശ്യംവേണ്ട പണം അനുവദിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാവണം. വിവിധ സർക്കാർ വകുപ്പുകളിലും

പൊതുമേഖലാ സ്ഥാപനങ്ങളിലും ഒഴിവുള്ള
എല്ലാ തസ്
നടത്തണം. നിയമനനിരോധനം പിൻവലി
ക്കണം. തസ്
റയ്
ക്കണം.

- **ഡംപിങ് തടയുക:** ഡംപിങ്
വസായ ഉൽപ്പനങ്ങൾ വർധിച്ച ഇറക്കുമതി
നിയന്ത്രിക്കണം. ആഭ്യന്തര വ്യവസായങ്ങളെ
സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കു
കയും വേണം. തൊഴിൽ നഷ്ടം തടയാനും
ഇത്
- **തൊഴിലുറപ്പ് പദ്ധതി വിപുലമാക്കുക:**
തൊഴിലുറപ്പ്
പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനാ
യി പദ്ധതിക്കുള്ള വിഹിതം വർധിപ്പിക്കണം.
തൊഴിലുറപ്പ്
ലാളികളുടെ അധ്വാനത്തിന്
വിതരണംചെയ്യണം. തൊഴിലുറപ്പ്
യുടെ പരിധിയിൽ നഗരപ്രദേശങ്ങളെക്കൂടി
ഉൾപ്പെടുത്തണം. നിയമപ്രകാരമുള്ള മിനിമം
വേതനത്തോടെ കുറഞ്ഞത്
നങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട്
പദ്ധതി പദ്ധതി നഗരപ്രദേശങ്ങളിലേക്കും
വ്യാപിപ്പിക്കണമെന്ന്
സമ്മേളനം ഏകകണ്
ചെയ്
- **കരാർ- താൽകാലിക തൊഴിലാളികൾ:**
സ്ഥിരം സ്വഭാവമുള്ള തൊഴിലുകളിൽ
കരാർ- താൽകാലിക തൊഴിലാളികളെ നി
യമിക്കരുത്
സമമായ തൊഴിൽ ചെയ്യുന്ന കരാർ- താൽ
കാലിക തൊഴിലാളികൾക്ക്
കോടതി വിധി പ്രകാരം സ്ഥിരം തൊഴിലാളി
കളുടേതിന്
- **പ്രത്യക്ഷവിദേശ നിക്ഷേപം:** പ്രതിരോധ
സാമഗ്രി നിർമാണം, റെയിൽവേയ്
മ്പത്തിക മേഖല, ചെറുകിട വിൽപ്പന
മേഖല തുടങ്ങിയ നിർണായക
മേഖലകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപം
പാടില്ലെന്ന്
ആവശ്യപ്പെടുന്നതാണ്
ഈ നയവുമായി തുടരുകയും ചെയ്യുന്നു. നി
ഷ്
പറേറ്റുകൾ പ്രതിരോധം പോലുള്ള നിർണാ
യ രംഗങ്ങളിൽ നിക്ഷേപം നടത്തുന്നു.
ഇത്തരം സുപ്രധാന മേഖലകളിൽ നേരിട്ടു
ള്ള വിദേശ നിക്ഷേപം പാടില്ലെന്ന്
യു ആവർത്തിച്ച്
- **പ്രതിരോധം:** പ്രതിരോധ മേഖലയുടെ സ്വ
കാര്യവൽക്കരണം അവസാനിപ്പിക്കണം.
പൊതുമേഖലയിലെ ഓർഡനൻസ്
ടറികൾ നിർമിക്കുന്ന മൊത്തം 273 ഉൽ
പ്പന്നങ്ങളിൽ 143 എണ്ണത്തിന്
നൽകി ഉത്തരവ്
- **സ്കീം തൊഴിലാളികൾ:** കേന്ദ്ര സർ
ക്കാരിന്റെ ഐസിഡിഎസ്
മിഡ്
ലേബർ പ്രൊജക്
തുടങ്ങിയ പദ്ധതികളിൽ പ്രവർത്തിക്കു
ന്നവരെ സ്ഥിരപ്പെടുത്തണം. അത്
ന്നതുവരെ ഐഎൽസിയുടെ 45ാം
സമ്മേളനത്തിന്റെ ശുപാർശ പ്രകാരം ഈ
പദ്ധതികളിൽ പ്രവർത്തിക്കുന്നവരെ തൊഴി
ലാളികളായി അംഗീകരിക്കുകയും അവർ
ക്ക്
ക്ഷേമ പദ്ധതികൾ നടപ്പാക്കുകയും
വേണം. ഈ പദ്ധതികൾക്കുള്ള ബജറ്റ്
ഹിതം വർധിപ്പിക്കുകയും പദ്ധതികൾ സ്വ
കാര്യവൽക്കരിക്കാനുള്ള നീക്കത്തിൽനിന്ന്
പിന്മാറുകയും വേണം.
- **വീട്ടുജോലിക്കാർ:** ഐഎൽഒയുടെ
189ാം ഉടമ്പടി അംഗീകരിച്ചുകൊണ്ട്
ജോലിക്കാർക്കുവേണ്ടിയുള്ള കേന്ദ്ര നിയമം
ഉടൻ നടപ്പാക്കണം.
- **അസംഘടിത തൊഴിലാളികൾ:** കരാർ,
കാഷ്വൽ, കുടിയേറ്റ തൊഴിലാളികൾ
അടക്കം എല്ലാ അസംഘടിത തൊഴിലാളി
കൾക്കും സാമൂഹിക സുരക്ഷ ഏർപ്പെടു
ത്താൻ ദേശീയ നിധി രൂപീകരിക്കുക. സ്
ട്രീറ്റ്
ലൈവ്
സ്
രൂപീകരിക്കാൻ എല്ലാ സംസ്ഥാന സർക്കാ
രുകൾക്കും നിർദേശം നൽകുകയും തെരു
വു കച്ചവടം ഒരു ഉപജീവന മാതൃകയായി
മാറ്റുന്നതിന്
വേണം. ബിൽഡിങ്
ട്രക്
ഡ്
ഡ്
കൈകാര്യകർതൃത്വം ധനമന്ത്രാലയത്തിന്റെ
ഉത്തരവാദിത്തത്തിൻ കീഴിലാക്കുകയും
അതിന്റെ ശേഖരണവും സെസ്സ്
തിരിക്കൽ തടയലും ഉപയോഗവും ഉറപ്പു
വരുത്തുകയും വേണം.
- **തൊഴിൽനിയമ പരിഷ്കരണം:** തൊഴി
ലാളികളുടെ ട്രേഡ്
ശങ്ങൾ ഹനിക്കുകയും തൊഴിലുടമകൾക്ക്
ഹയർ ആന്റ്
സൗകര്യം ചെയ്
ചെയ്യാൻ ലക്ഷ്യമിട്ടുള്ള തൊഴിൽനിയമ
പരിഷ്
കോഡ്
പാർലമെന്റിന്റെ തൊഴിൽ സ്ഥിരം സമിതി
യുടെ പരിഗണനയിലാണ്
ഘടനകൾ ഏകക്

# പ്രഹസനമാക്കി ചർച്ച

2017 ഡിസംബർ അഞ്ചിന്
ധനമന്ത്രി ബജറ്റിന്
കളുടെയും പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. സിഐടിയു പ്രസിഡന്റ്
ഹേമലതയാണ്
വാർഷിക അനുഷ്
ടി യു പ്രതിനിധികളെ ക്ഷണിച്ചുവരുത്തി നടത്തിയ 'സൃഷ്ടിപരമായ യോഗം' ഒരു
മണിക്കൂർ നേരം മാത്രം നീണ്ടുനിന്നു. ഓരോ ട്രേഡ്
തങ്ങളുടെ അഭിപ്രായങ്ങൾ 3-4 മിനുട്ട്
ബജറ്റിനെക്കുറിച്ചുള്ള ഉത്
സമയപരിധിക്കുള്ളിൽനിന്നുകൊണ്ടായിരുന്നു.

ധനമന്ത്രിയുടെ കുറിപ്പിനുമേൽ പത്ത്
പ്രായം പ്രകടിപ്പിച്ചു. ട്രേഡ്
മൊരു അനുഷ്
ന്ന തൊഴിലാളികളെ പ്രതിനിധാനംചെയ്യുന്ന ട്രേഡ്
ഇവിടെ പങ്കെടുത്തിരിക്കുന്നതെന്ന്
കൾ ഉന്നയിച്ച ആവശ്യങ്ങൾക്കുമേൽ ചർച്ച നടത്താനായി 2015ൽ ധനമന്ത്രി അധ്യ
ക്ഷനായ മന്ത്രിതല സമിതി രൂപീകരിച്ച കാര്യം ഓർമിപ്പിച്ച ഹേമലത, ഈ ചർച്ച
തുടരുകയും ട്രേഡ്
ക്കണമെന്ന്
സിനസ്
'ആഗോള പട്ടിണി സൂചിക'യിൽ ഇന്ത്യയുടെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനും
ലിംഗപരമായ അസമത്വം കുറയ്

ഐസിഡിഎസ്
യവയിലൂടെ സാമൂഹിക മേഖലകളായ ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ വി
ഹിതം വർധിപ്പിച്ചു കൊണ്ടു മാത്രമേ ഇത്
ട്ടികളുമടങ്ങുന്ന ദരിദ്രവിഭാഗങ്ങളെ സഹായിക്കാനാകും. സ്
തൊഴിലാളികളായി അംഗീകരിക്കണമെന്നും അവർക്ക്
ക്കണമെന്നുമുള്ള ഐഎൽസി ശുപാർശകൾ നടപ്പാക്കണം. ആരോഗ്യവും വിദ്യാ
ഭ്യാസവും അടക്കമുള്ള സാമൂഹിക മേഖലയിലെ ചെലവ്
തയ്യാറാവണമെന്നും സമ്പന്നർക്ക്
ലേക്ക്
ഷ്ടിക്കുന്നതിലും അടിസ്ഥാന മേഖലയ്
ലും സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കണം. റെയിൽവെ അടക്കമുള്ള സർക്കാർ വകു
പ്പുകളിൽ ഒഴിവുള്ള എല്ലാ തസ്
ഗ്രാമപ്രദേശങ്ങളിലും തൊഴിലുറപ്പ്
അവ വ്യാപിപ്പിക്കുകയുംവേണം.

അഭിപ്രായങ്ങൾ പരിഗണിച്ചു മാത്രമേ വ്യ വസായ ബന്ധ ബില്ലിന്റെ കരട് അന്തിമ തീരുമാനമെടുക്കാവൂ. തൊഴിലാ ളികളാണ് നാലും അവരാണ് ക്കപ്പെടുന്നത് സംഘടനകളുടെ അനുമതിയില്ലാതെ തൊഴി ൽ നിയമ പരിഷ് നടത്താൻ പാടില്ല.

- **ഇപിഎഫ്:** ഇപിഎഫ് ഭ പരിധി പത്താക്കി മാറ്റണം. സർക്കാരി ന്റെയും തൊഴിലുടമയുടെയും വിഹിതം ഉയർത്തി മിനിമം പെൻഷൻ പ്രതിമാസം മൂ വായിരം രൂപയാക്കണം. ഇപിഎഫിലെ പണം ഓഹരി വിപണിയിൽ നിക്ഷേപിക്കു ന്നത് പെൻഷൻ ഉയർത്തണമെന്ന് ടതിയുടെ വിധിയും ഉത്തരവുമുണ്ട് കീമിലുള്ള എല്ലാ തൊഴിലാളികൾക്കും ഈ ഓപ്
- **എല്ലാവർക്കും പെൻഷൻ:** പെൻഷൻ എന്നത് വൈകിയ വേതനമായി പരിഗണി ക്കുകയും ഏതെങ്കിലും ഒരു പെൻഷൻ പദ്ധതിയുടെയെങ്കിലും പരിധിയിൽ വരാത്ത എല്ലാ തൊഴിലാളികൾകും പ്രതിമാസം മൂ വായിരം രൂപ പെൻഷൻ ഉറപ്പാക്കുകയും വേണം.
- **ന്യൂ പെൻഷൻ സ്കീം:** ന്യൂ പെൻഷൻ സ്കീം(എൻപിഎസ്)പിൻവലിക്കണം. 1.1. 2004ന് ശേഷം നിയമനം ലഭിച്ച എല്ലാ കേന്ദ്ര -സംസ്ഥാന സർക്കാർ ജീവനക്കാരെയും പഴയ പെൻഷൻ സ്കീമിന്റെ പരിധിയിലുൾ പ്പെടുത്തണം.
- **ഗ്രാറ്റ്വിറ്റി:** പേയ് ടിന്റെ കീഴിൽ ഗ്രാറ്റിറ്റ്വി 20 ലക്ഷമാക്കി ഉയർ ത്തുകയും സേവനം പൂർത്തിയാകുന്ന മാസ ത്തെ 15 ദിവസത്തെ വേതനം എന്നത് വസത്തെ എന്നാക്കുകയും വേണം.
- **ആധാർ:** ആധാർ ലിങ്കിങ് ബന്ധമാക്കരുത്
- **പൂട്ടിയ വ്യവസായങ്ങൾ, രോഗാതുര വ്യവസായങ്ങൾ:** അടച്ചുപൂട്ടിയ വ്യവസാ യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അവരുടെ വേതന കുടിശ്ശിക സമയബന്ധി തമായി നൽകണം. ബിഐഎഫ് ടുന്നനെ അടച്ചു പൂട്ടിയതോടെ ബന്ധപ്പെട്ട പലർക്കും പരിഹാരം ലഭിക്കാതെ പോയി. സിക്ക് പെഷ്യൽ പ്രൊവിഷൻസ് 2003ന്റെ ചട്ടങ്ങൾ ഉടൻ രൂപീകരിക്കണം.
- **ആദായ നികുതി ഇളവ്:** ശമ്പളം ലഭിക്കു ന്നവർക്കും പെൻഷനർമാർക്കുമുള്ള ആദായ നികുതി പരിധി പ്രതിവർഷം അഞ്ചു ലക്ഷമാക്കി ഉയർത്തണം. മുതിർന്ന പൗ രന്മാർക്കുള്ള ആദായ നികുതി പരിധി 8.5 ലക്ഷമാക്കണം. ഹൗസിങ് ദ്യാഭ്യാസ ആനകൂല്യങ്ങൾക്കും റെയിൽ വെയിലെ റണ്ണിങ് നികുതി പാടില്ല.
- **രാഷ്ട്രീയപാർടികൾക്കുള്ള ഫണ്ടിങ്:** രാ ഷ്ട്രീയ പാർടികൾക്ക് വുന്ന സംഭാവനയുടെ പരിധി ഈയിടെ സർ ക്കാർ എടുത്തുകളഞ്ഞിരുന്നു. ഫണ്ട് ക്കുന്ന പാർടി ഏതെന്ന് മില്ല ഇപ്പോൾ. ഇത് സുതാര്യത ഇല്ലാതാക്കും. നേരത്തെയുള്ള സംവിധാനം പുനഃസ്ഥാപിക്കണം.
- **റെയിൽവെയ്സ്:** റെയിൽവെയുടെ പ്രവർ ത്തനം കൂടുതൽ ഫലപ്രദവും പ്രാപ്യതയു ള്ളതുമാക്കാനും സാധാരണക്കാർക്കും ദരിദ്രർ ക്കും താങ്ങാവുന്ന ഗതാഗത സംവിധാനമാ ക്കുന്നതിനും ആവശ്യമായ പണംവകയിരു ത്തണം. പൊതുമേഖലാ പ്രൊഡക് ണിറ്റുകളുടെ സാധ്യത പൂർണമായും ഉപയോ ഗപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും വേണം. രാജ്യത്തെ റെയിൽവെ സ് കൾ സ്വകാര്യ ഏജൻസികൾക്ക് ള്ള നീക്കം അടിയന്തരമായി അവസാനിപ്പി ക്കണം. റെയിൽവെയുടെ ഒരു ആസ് വിൽപ്പനയിലൂടെയോ പാട്ടത്തിലൂടെയോ സ്വ കാര്യ വ്യക്തികൾക്ക് വെയിലെ എല്ലാ ഒഴിവുകളും നികത്തണം. റണ്ണിങ് ന്നതും ഹൗസിങ് മെന്നുമുള്ള ആവശ്യങ്ങൾ ഉടൻ പരിഗണി ക്കണം.

## ഉപസംഹാരം

ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കാനെന്ന പേരിൽ രാജ്യ ത്തും വിദേശത്തുമുള്ള വൻ കോർപറേറ്റുകളെ സഹായിക്കാനായി കൈക്കൊളുന്ന തൊഴിലാളി ദ്രോഹനടപടികൾക്കെതിരെ ഞങ്ങളുടെ ശക്തമാ യ എതിർപ്പ ആവർത്തിക്കുന്നു.

ട്രേഡ് പ്പെടുന്ന മേൽപ്പറഞ്ഞ പന്ത്രണ്ടിന അവകാശ പത്രികയിലെ ആവശ്യങ്ങൾ ഉടൻ അംഗീകരിച്ച് മൂർത്തമായി നടപടി കൈക്കൊള്ളണമെന്ന് ഞങ്ങൾ സർക്കാരിനോട്

മുൻവർഷങ്ങളിലെ ബജറ്റ് ഗങ്ങളിൽ ട്രേഡ് ആവശ്യങ്ങളൊന്നും ബജറ്റുകളിൽ ഉൾപ്പെടുത്തി യിട്ടില്ലെന്നത് ആവർത്തിക്കില്ലെന്നും 2018-19 ബജറ്റിന്റെ പരി ഗണനക്കായി ഞങ്ങൾ മുന്നോട്ടുവച്ച കാര്യങ്ങൾ അനുഭാവപൂർവം പരിഗണിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു. ■

### എഫ്.ആർ.ഡി.ഐ ബിൽ

# ബെയിൽ ഇൻ ബെയിൽ ഔട്ട്

### എ സിയാവുദീൻ

**അന്താരാഷ്ട്ര ധനമൂലധനത്തിന്റെ കുറിപ്പടി പ്രകാരം ജീവിതത്തിന്റെ സമസ്തമേഖല കളിലും ഏർപ്പെടുത്തുന്ന സർക്കാർ നയത്തിന്റെ ഒരു പരിച്ഛേദമാണ് ധനകാര്യ മേഖല യിൽ അടിച്ചേൽപ്പിക്കുന്ന അപകടകരമായ 'പരിഷ് കാരങ്ങൾ'. ആശങ്കയും ചർച്ചയും പരിഹാര നിർദേശങ്ങളും ഉയർന്നു വരേണ്ടത് ഈ നയങ്ങൾക്കെതിരെയാണ്.**

ഈ കുറിപ്പ് അച്ചടിച്ചു വരുമ്പോഴേക്കും കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിന്റെ അവസാന നാളിൽ അവതരിപ്പിച്ച് സംയുക്ത പാർലമെന്ററി സമിതിയുടെ പരിഗണനയ്ക്കു വിട്ട ഫൈനാൻഷ്യൽ റെസല്യൂഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷുറൻസ് ബില്ലിന്റെ ഗതി എന്താ യിരിക്കുമെന്ന് കൂടുതൽ വ്യക്തമാകും. പതിവിനു വിപരീതമായി ഇത്തവണത്തെ പാർല മെന്റിന്റെ ശീതകാല സമ്മേളനം ചുരുങ്ങിയ ദിവസങ്ങൾ മാത്രമാണ് നടക്കുന്നത്. ഗുജ റാത്ത് തെരഞ്ഞെടുപ്പ് ഫലവും ജിഎസ്ടി സംബന്ധിച്ച പ്രശ്നങ്ങളും സൃഷ്ടിക്കാൻ സാധ്യ തയുള്ള സങ്കീർണതകൾക്കു മധ്യത്തിൽ ജെസിബി റിപ്പോർട്ട് പുറത്തുവരികയോ, വരാതി രിക്കുകയോ ചെയ്യാം. റിപ്പോർട്ട് വന്നാൽ തന്നെ മുഖം മിനുക്കുന്ന ഭേദഗതികളെങ്കിലും വരുത്തി ബിൽ അംഗീകരിപ്പിക്കാൻ പാർലമെന്റിൽ ഭൂരിപക്ഷമുണ്ടെങ്കിലും സർക്കാർ ഒട്ടൊന്ന് വിയർക്കേണ്ടി വരുമെന്ന കാര്യം തീർച്ചയാണ്. ഗുജറാത്ത് തെരഞ്ഞെടുപ്പ് ചൂടിന്റെ മധ്യ ത്തിൽ അരുൺ ജയ്റ്റ്ലി തുടർച്ചയായി നടത്തി വന്ന പ്രസ്താവനകളിൽ ഈ ബില്ല് പാസായാൽ ഉണ്ടാകാവുന്ന പ്രത്യാഘാതം സംബന്ധിച്ച ഭീതി നിഴലിക്കുന്നുണ്ട്.




ഏതാനും മാസം മുൻപ് ഈ ബില്ല് വെബ്സൈറ്റിൽ പ്രത്യക്ഷപ്പെട്ടപ്പോൾ തന്നെ ചില സാമ്പത്തിക വിദഗ്ദധരും ബെഫി അടക്കമുള്ള ട്രേഡ് യൂണിയനുകളും ഈ ബില്ലിന്റെ അപകടം ജനശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചതാണ്. കൺസഷണൽ വാർത്തയല്ലാത്ത മറ്റൊന്നിനും മാർക്കറ്റില്ലാത്ത മുഖ്യധാരാ മാധ്യമ കമ്പോള ത്തിൽ അതേറ്റെടുക്കാൻ ആരും മുന്നോട്ടു വന്നി ല്ല. അല്പം വൈകിയെങ്കിലും ബില്ലിലെ 'ബെയിൽ ഇൻ' വ്യവസ്ഥ പൊതുജനശ്രദ്ധയിൽ കൊണ്ടു വരാൻ സാമൂഹ്യ മാധ്യമങ്ങൾക്ക് കഴിഞ്ഞു. അതോടെ എല്ലാവരും അത് ഏറ്റു പിടിക്കയും 'ബെയിൽഇൻ' വ്യവസ്ഥയുടെ അപകടത്തെ ചുറ്റിപ്പറ്റി ചൂടുപിടിച്ച സംവാദ ങ്ങളും അതിനെതിരെ സോഷ്യൽ മീഡിയ വഴി ഒപ്പു ശേഖരണവും തുടർന്ന് സർക്കാരിന്റെ നിഷേധ പ്രസ്ഥാവനയും വിശദീകരണവും ജയ്റ്റ്ലിയുടെ ആശ്വാസ വചനങ്ങളും മാധ്യമ ങ്ങളിൽ ഇടം കണ്ടെത്തി.

'ബെയിൽ ഔട്ട്' എന്താണെന്ന് ഇന്ന് പൊതുവിൽ ജനങ്ങൾക്കറിയാം. 2008 ലെ ആഗോള സാമ്പത്തിക തകർച്ചയെ തുടർന്ന് അമേരിക്കയിൽ സ്വകാര്യമേഖലയിലെ അതി ഭീമന്മാ രായ ആഗോള കുത്തക ബാങ്കുകളെയും ഇൻഷുറൻസ് സ്ഥാപനങ്ങളെയും അമേരിക്കൻ

സർക്കാർ ട്രഷറിയിലെ പണം ഉപയോഗിച്ച് തകർച്ചയിൽ നിന്ന് രക്ഷിച്ചതാണ് 'ബെയിൽ ഔട്ടിന്റെ' ഏറ്റവും പുതിയ ഉദാഹരണം. ട്രഷറിയിൽ അതിനുവേണ്ട പണം ഉണ്ടാക്കാൻ സർക്കാർ ബോണ്ടുകളിറക്കി ആ ബോണ്ടുകൾ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് സൗദി അറേബ്യ അടക്കമുള്ള സമ്പന്ന രാജ്യങ്ങളിലെ ധനകാര്യ സ്ഥാപനങ്ങളെക്കൊണ്ട് വൻ തോതിൽ വാങ്ങിപ്പിച്ചു. അങ്ങനെ ഊഹക്കച്ചവടത്തിൽ തകർന്ന സ്ഥാപനങ്ങളിൽ ചിലതിനെ രക്ഷിച്ചെടുത്തു. ബാക്കിയുള്ളവർ പൊളിയുകയും ചെയ്തു.

അതിനു ശേഷമാണ് 'ബെയിൽ ഇൻ' കടന്നുവന്നത്. തകരുന്നവരെയെല്ലാം രക്ഷിച്ചെടുക്കാൻ ട്രഷറിപ്പണമോ സർക്കാരിന്റെ ഊഹക്കച്ചവടമോ കൊണ്ടുമാത്രം കഴിയില്ലെന്ന തിരിച്ചറിവിൽ മുതലാളിത്ത രാജ്യങ്ങളെത്തി. ഇന്ത്യയടക്കം ജി 20 രാജ്യങ്ങൾ ചേർന്ന് രൂപം നൽകിയ ഫൈനാൻഷ്യൽ സ്റ്റെബിലിറ്റി ബോർഡ് ഭാവിയിലെ തകർച്ച നേരിടാൻ മാർഗങ്ങളാരാഞ്ഞു. ഒടുവിൽ തകർച്ചയുടെ പ്രശ്ന പരിഹാരത്തിന് റെസല്യൂഷൻ കോർപറേഷനും അതിൽ ബെയിൽ ഇന്ത്യ വ്യവസ്ഥയും ഉൾക്കൊള്ളിക്കാനുള്ള മാർഗ നിർദേശം അംഗീകരിച്ചു. (1930 കളിലെ മഹാ മാന്ദ്യക്കാലത്ത് സ്വീകരിച്ച നിയന്ത്രണങ്ങളുടെ പുതിയ രൂപമെന്നതിനെ വിശേഷിപ്പിക്കാം) പുറത്തു നിന്ന് പണം കൊണ്ടുവന്ന് രക്ഷിക്കുന്നതിനു പകരം അകത്തെ പണം കൊണ്ടു രക്ഷിച്ചെടുക്കുന്ന സൂത്രവിദ്യ എന്ന് ലളിതമായി 'ബെയിൽ ഇന്നി' നെ വിശേഷിപ്പിക്കാം. അമേരിക്കയും യൂറോപ്യൻ യൂണിയൻ രാജ്യങ്ങളും ഈ വ്യവസ്ഥകൾ അംഗീകരിച്ചിട്ടുണ്ട്. ഗ്രീസിലും പോർട്ടുഗലിലും മറ്റും ഇതിന്റെ വെളിച്ചത്തിൽ ചില താല്ക്കാലിക നടപടികളെടുത്തെങ്കിലും ജനകീയ പ്രതിരോധത്തെ തുടർന്ന് 'ബെയിൽ ഇൻ' പൂർണമായി നടപ്പിലായില്ല. 2013 ൽ സൈപ്രസിൽ സാമ്പത്തിക കുഴപ്പം രൂക്ഷമായപ്പോൾ ഒരു ലക്ഷം യൂറോ നിക്ഷേപമുണ്ടായിരുന്നവരുടെ അക്കൗണ്ടിൽ നിന്ന് 37.5 ശതമാനം ഓഹരിയാക്കി മാറ്റി. ബാക്കിയിൽ 22.5 ശതമാനം കരുതലിനായി ഭാവിയിൽ ഓഹരിയാക്കാൻ പിടിച്ചുവച്ചു. പിന്നെ ഒരു 30 ശതമാനം താൽക്കാലികമായി മരവിപ്പിച്ചു. അതായത് മൊത്തം 1 ലക്ഷം യൂറോ ബാങ്കിൽ നിക്ഷേപമുള്ളയാൾക്ക് 'ബെയിൽ ഇൻ' പ്രയോഗത്തിൽ വന്നപ്പോൾ തിരികെ ഒരു ലക്ഷം യൂറോയിൽ എടുക്കാൻ കഴിഞ്ഞത് പതിനായിരം യൂറോ മാത്രം.

ബാങ്കു നിക്ഷേപമെന്നത് ഏറ്റവും സുരക്ഷിതവും ഏറ്റവും വിശ്വാസ്യതയുള്ളതുമെന്ന ജനങ്ങളിൽ ആഴ്ന്നിറങ്ങിയ വിശ്വാസമാണ് ഇവിടെ തകർക്കപ്പെടുന്നത്. 1999–2000 ത്തിൽ മൂലധന പര്യാപ്തത കുറഞ്ഞ് നഷ്ടത്തിലായി എന്ന് വൻ പ്രചാരണം നൽകി ഇന്ത്യൻ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക്, യൂക്കോ ബാങ്ക് എന്നിവയെ പറ്റി പഠിക്കാൻ സർക്കാർ നിയമിച്ച വർമാ കമ്മിറ്റി ഇന്ത്യൻ ബാങ്ക് ലിക്വിഡേറ്റ് ചെയ്യാൻ നിർദേശിച്ചതാണ്. എന്നിട്ടും ഈ പൊതു മേഖലാ ബാങ്കിൽ നിക്ഷേപിച്ച ജനങ്ങൾ പരിഭ്രാന്തരാവുകയോ നിക്ഷേപം പിൻവലിക്കുകയോ ചെയ്തില്ല. ഇന്നും നല്ല നിലയിൽ ആ ബാങ്ക് പ്രവർത്തിച്ചു വരുന്നു. നോട്ട് നിരോധനം മൂലം ഏറെ കഷ്ടതകൾ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകർക്കുണ്ടായെങ്കിലും അതിനെയൊക്കെ മറി കടക്കാൻ കഴിഞ്ഞത് ജനങ്ങൾ ഈ സ്ഥാപനങ്ങളിൽ ആർജിച്ച വിശ്വാസം മൂലമാണ്. നോട്ടു നിരോധനത്തെ തുടർന്ന് ഇടത്തരക്കാർ മാത്രമല്ല, ചെറുകിട നിക്ഷേപകരും സാധാരണക്കാരും അവരുടെ പണം ബാങ്കുകളിൽ നിക്ഷേപിച്ചു. വ്യാപകമായി ജൻധൻ അക്കൗണ്ടുകൾ തുറന്നപ്പോൾ അത്തരം നിക്ഷേപങ്ങൾ പിന്നെയും വർധിച്ചു. വൻകിടക്കാർ വരുത്തിയ കിട്ടാക്കടം തിരിച്ചടവില്ലാതെ കൂടിക്കൊണ്ടിരിക്കുന്നു. സർക്കാർ ഘട്ടം ഘട്ടമായി ഈ തുക എഴുതിതള്ളുകയാണ്. ബാങ്കുകളുടെ മൂലധന പര്യാപ്തത അന്തർദേശീയ മാനദണ്ഡ പ്രകാരം നിലനിർത്തണമെങ്കിൽ അതിന്റെ ബാധ്യത ഏറ്റെടുക്കാൻ സർക്കാരിനാവില്ല എന്ന് പല പ്രാവശ്യം ഈ സർക്കാർ പ്രഖ്യാപിച്ചതാണ്. 2.11 ലക്ഷം കോടി രൂപ അതിനു കണ്ടെത്തുമെന്ന് നടത്തിയ ഉഗ്രൻ പ്രഖ്യാപനത്തിനു തൊട്ടു താഴെയുള്ള കൂട്ടി ചേർക്കലുകൾ കൂട്ടി ചേർത്തു വായിച്ചാലേ അതു വ്യക്തമാകൂ. ഈ തുകയുടെ സമാഹരണം ഇന്ത്യൻ കമ്പോളത്തിൽ നിന്നോ വിദേശ കമ്പോളത്തിൽ നിന്നോ ഓഹരിയിനത്തിലും ബോണ്ടുകളിറക്കിയുമാണ് സമാഹരിക്കുക എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. 1.35 ലക്ഷം കോടിയും സമാഹരിക്കുന്നത് ബോണ്ടുകളിറക്കിയാണ്. കഴിഞ്ഞ മൂന്നു വർഷത്തെ എൻഡിഎ ഭരണത്തിൽ ഇന്ത്യയിലെ ധനകാര്യ സ്ഥാപനങ്ങളുടെ ഭദ്രത തകരുകയും സങ്കീർണമായ സ്ഥിതി വിശേഷത്തിൽ അതെത്തുകയും ചെയ്തിരിക്കുന്നു. 2016–17 ലെ കേന്ദ്ര ബജറ്റ് അവതരിപ്പിച്ച തന്റെ പ്രസംഗത്തിൽ അരുൺ ജയ്റ്റ്ലി പറഞ്ഞതിങ്ങനെ "സാമ്പത്തിക സ്ഥാപനങ്ങൾ പാപ്പരാകുന്ന അവസ്ഥ സംബന്ധിച്ച് സംവിധാനപരമായ ഒരു ശൂന്യത (systemic vaccum) നിലനിൽക്കുന്നു. സാമ്പത്തിക സ്ഥാപനങ്ങളിൽ അതു പരിഹരിക്കാനുള്ള വ്യക്തമായ നിർദേശങ്ങളുള്ള, ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും ഇതര സാമ്പത്തിക സ്ഥാപനങ്ങളും പാപ്പരാകുന്ന പക്ഷം സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച, പ്രത്യേക പരിഹാര മാർഗങ്ങൾ ഉൾപ്പെടുന്ന ബില്ല് 2016–17 ൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതാണ്"

ഇതാണ് ഇത്തരം ഒരു ബില്ല് പാർലമെന്റിന് മുന്നിലെത്തിയ പശ്ചാത്തലം.

ബില്ലിലെ ചില പ്രധാന വകുപ്പുകളെപ്പറ്റിക്കൂടി സൂചിപ്പിക്കാം. ഇന്ത്യയിലെ പൊതുമേഖലാ ബാങ്കുകൾ, സ്വകാര്യബാങ്കുകൾ, റീജിയൺ റൂറൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, പൊതു, സ്വകാര്യ ഇൻഷുറൻസ് കമ്പനികൾ, ജനറൽ ഇൻഷുറൻസ് കമ്പനികൾ, നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനി

കൾ, തുടങ്ങി ധനകാര്യ മേഖലയിലെ എല്ലാ സ്ഥാപനങ്ങളും ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള നിക്ഷേപത്തിന് ഗാരന്റി നൽകിയിരുന്ന റിസർവ് ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡെപോസിറ്റ് ഇൻഷുറൻസ് ആന്റ് ക്രഡിറ്റ് ഗാരന്റി കോർപറേഷൻ (DICGC) ഉപേക്ഷിക്കും.

പുതുതായി രൂപം നൽകുന്ന ഫൈനാൻഷ്യൽ റെസല്യൂഷൻ കോർപറേഷൻ എന്ന സ്ഥാപനത്തിന്റെ ആസ്ഥാനം മുംബൈ ആണ്. കേന്ദ്ര സർക്കാർ നിർദേശിക്കുന്നതും വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്നതുമായ 10 അംഗങ്ങളും ചെയർമാനും ഉൾപ്പെടുന്ന ഡയറക്ടർ ബോർഡാണ് അധികാര കേന്ദ്രം. ഈ ബോർഡിന് ഏതു ധനകാര്യ സ്ഥാപനത്തെയും പരിശോധിക്കാം. ഇടപെടാം. മാനേജിംഗ് ഡയറക്ടർ അടക്കം ഏതു ഉദ്യോഗസ്ഥനെയും പിരിച്ചുവിടാം. അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താം. സ്ഥാപനത്തിന്റെ ആസ്തി പിടിച്ചെടുക്കാം. അതിനും ലികിഡേഷൻ അടക്കം തീരുമാനിക്കുന്നതിന് ചില റേറ്റിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള 6 റേറ്റിംഗിന്റെ അടിസ്ഥാനത്തിലായിരിക്കും സ്വീകരിക്കേണ്ട നടപടി തീരുമാനിക്കുന്നത്. ലികിഡേഷൻ അഥവ ക്ലോഷർ ആണ് തീരുമാനിക്കുന്നതെങ്കിൽ വിവരം ദേശീയ കമ്പനി ട്രിബ്യൂണലിനെ അറിയിക്കണം. പരാതിയുള്ളവർക്ക് അപ്പലേറ്റ് ട്രിബ്യൂണലിനെയും സുപ്രീം കോടതിയെയും സമീപിക്കാം. അതിനു താഴെ ഒരു വേദിയിലും ചോദ്യം ചെയ്യാൻ അവകാശമില്ല. കോർപറേഷന്റെ ഉത്തരവിനെതിരെ സ്റ്റേ ഉത്തരവ് നിലനിൽക്കില്ല. ഇങ്ങനെ ലികിഡേറ്റ് ചെയ്യുന്ന സ്ഥാപനത്തിലെ തൊഴിലാളികളെ പിരിച്ചുവിടുന്നതിന് വിപുലമായ അധികാരങ്ങളാണ് കോർപറേഷനിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്.

മേൽ സൂചിപ്പിച്ച വ്യവസ്ഥകളെല്ലാം തന്നെ അന്താരാഷ്ട്രതലത്തിൽ ആഗോള മൂലധനത്തിന്റെ അഭിലാഷ പ്രകാരം ജി 20 രാജ്യങ്ങൾ അംഗീകരിച്ച മാനദണ്ഡമനുസരിച്ചാണെന്ന് പ്രത്യേകം പറയേണ്ടതില്ല. നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും പരിശോധനകൾ നടത്താനുമുള്ള റിസർവ് ബാങ്കിന്റെ അധികാരം ഒഴിവാക്കി സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു പ്രത്യേക ഏജൻസിക്ക് നിയമ പ്രാബല്യം നൽകുന്നതിന്റെ പ്രത്യാഘാതങ്ങൾ ഗൗരവ പൂർവം ചർച്ച ചെയ്യപ്പെടേണ്ടതാണ്. എന്നാൽ ഇതെല്ലാം ഒഴിവാക്കി ഡിഐസിജിസി പിരിച്ചുവിടുന്നതിന്റെയും നിക്ഷേപ ഇൻഷുറൻസിന്റെയും അപകടത്തെപ്പറ്റിയുള്ള ചർച്ചയിൽ ഇത് ഒതുങ്ങുകയാണ്. കേന്ദ്ര സർക്കാർ ആഗ്രഹിക്കുന്നതും അതു തന്നെയാകണം.

ഇന്ത്യയിൽ ബാങ്കുകൾ സ്വകാര്യമേഖലയിൽ തുടർന്ന് ബാങ്കു തകർച്ചകൾ കൂടുതൽ നടന്നിരുന്ന ഘട്ടത്തിലാണ് ഡിഐസിജിസി നിയമം ഇവിടെ നിലവിൽ വന്നത്. പിന്നീട് കൂടുതൽ ധനകാര്യ സ്ഥാപനങ്ങളും പൊതുമേഖലയിലായപ്പോൾ 1978 ൽ ഡിഐസിജിസിയെ റിസർവ് ബാങ്കിന്റെ സബ്സിഡിയറിയാക്കി. നിക്ഷേപങ്ങളുടെ ഗാരണ്ടിക്ക് ബാങ്കുകൾ നൽകേണ്ട പ്രീമിയവും നിജപ്പെടുത്തി.

ഒരു നിശ്ചിത കാലയളവിൽ ഗാരണ്ടി നൽകാനുള്ള തുകയും നിശ്ചയിച്ചു. 1980 ൽ നിക്ഷേപ ഗാരണ്ടി ഉണ്ടായിരുന്നത് 30,000 രൂപക്കായിരുന്നു. 1993 ൽ പരമാവധി ഗാരണ്ടി തുക ഒരു ലക്ഷമാക്കി ഉയർത്തി. ഈ തുക പിന്നീട് പരിഷ്കരിച്ചില്ല. ധനകാര്യ സ്ഥാപനങ്ങളുടെ തകർച്ച കാര്യമായി ഉണ്ടായില്ല എന്നതും സ്മരണീയമാണ്. ഇക്കാലത്ത് നടന്ന ബാങ്ക് മെർജറുകളിൽ നിക്ഷേപങ്ങൾക്ക് പൂർണ സംരക്ഷണം ഉറപ്പായിരുന്നതിനാൽ ഗാരണ്ടി തുക വർധിപ്പിക്കണമെന്ന മുറവിളിയും ഉയർന്നില്ല.

എന്നാൽ സ്ഥിതി ഇന്ന് വ്യത്യസ്തമാണ്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ വർധിച്ചിരിക്കുന്നു. പൊതു മേഖലാ സ്ഥാപനങ്ങളിൽ സ്വകാര്യ പങ്കാളിത്തവും വർധിച്ചുവരുന്നു. ആഗോള മൂലധനവുമായി ഇന്ത്യൻ സമ്പദ് വ്യവസ്ഥ കണ്ണി ചേർക്കപ്പെടുന്ന അവസ്ഥയിൽ ധനകാര്യ സ്ഥാപനങ്ങളുടെ അപകടാവസ്ഥ വർധിച്ചിരിക്കുന്നു. നിക്ഷേപകരുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ അളവിലും വൻ വർധനവ് ഉണ്ടായിരിക്കുന്നു. സർക്കാർ തുടരുന്ന സാമ്പത്തിക നയങ്ങൾ മൂലം കിട്ടാക്കടം വർധിച്ച് ബാങ്കുകളുടെ കിട്ടാക്കടം 10 ലക്ഷം കോടിയിലെത്തിയിരിക്കുന്നു. സ്ഥാപനങ്ങൾ ലികിഡേറ്റ് ചെയ്യപ്പെട്ടാൽ അത് ബാധിക്കാൻ സാധ്യതയുള്ളവരുടെ എണ്ണം ഏറെ വലുതാണെന്ന് വ്യക്തമാണ്. ഡിഐസിജിസി നിർത്തലാക്കി 'ബെയിൽ ഇൻ വ്യവസ്ഥ' പ്രകാരം നിക്ഷേപം മരവിപ്പിച്ച് ഓഹരിയോ നിർബന്ധിത നിക്ഷേപമോ, നിർബന്ധിത ബോണ്ടോ ആക്കി മാറ്റിയേക്കാം എന്നതിലുള്ള ആശങ്കക്ക് മുഖ്യ പ്രാധാന്യം വന്നത് ഈ പശ്ചാത്തലത്തിലാണ്.

ഈ ആശങ്കക്കുള്ള ആശ്വാസ പ്രഖ്യാപനമാണ് ഇപ്പോൾ കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഡിഐസിജിസി ഇല്ലാതായാലും റെസല്യൂഷൻ കോർപറേഷന് കോമ്പൻസേഷൻ നിശ്ചയിക്കാൻ അധികാരമുണ്ട്. തുക പ്രഖ്യാപിച്ചിട്ടില്ലെന്നു മാത്രം. ജിപിസി റിപ്പോർട്ടിൽ തുക വർധിപ്പിക്കാൻ നിർദേശം വന്നേക്കാം. അല്ലെങ്കിൽ അതിനുള്ള വ്യവസ്ഥ ബില്ലിൽ സർക്കാരിന് കൂട്ടിചേർക്കാം. 1993 ൽ നിശ്ചയിച്ചതിൽ കൂടിയ നിക്ഷേപ ഗാരണ്ടി ലഭിക്കുമെന്നാണ് ധനമന്ത്രി പറഞ്ഞുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബില്ലിലെ ഇതര വ്യവസ്ഥകളുടെ അപകടം കുറയുന്നില്ല. മുഖ്യ പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധ തിരിക്കാൻ ഇതിനെ ഒരു മറയാക്കാമെന്നു മാത്രം. അന്താരാഷ്ട്ര ധനമൂലധനത്തിന്റെ കുറിപ്പടി പ്രകാരം ജീവിതത്തിന്റെ സമസ്തമേഖലകളിലും ഏർപ്പെടുത്തുന്ന സർക്കാർ നയത്തിന്റെ ഒരു പരിച്ഛേദമാണ് ധനകാര്യ മേഖലയിൽ അടിച്ചേൽപ്പിക്കുന്ന ഇത്തരം 'പരിഷ് കാരങ്ങൾ' ആശങ്കയും ചർച്ചയും പരിഹാര നിർദേശങ്ങളും ഉയർന്നു വരേണ്ടത് ഈ നയങ്ങൾക്കെതിരെയാണ്.■



# ഹൃദയംതൊട്ട രക്ഷാപ്രവർത്തനങ്ങൾക്കിടെ പ്രതിപക്ഷത്തിന്റെ സങ്കുചിത രാഷ്ട്രീയക്കളി

**ഈ നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ ദുരന്തത്തിനാണ് മത്സ്യത്തൊഴിലാളികൾ ഇരയായിരിക്കുന്നത്. അടിയന്തിര ആശ്വാസ പദ്ധതികൾക്കൊപ്പം ഇടക്കാലാശ്വാസവും ദീർഘകാല പദ്ധതികളും വളരെ ശ്രദ്ധാപൂർവ്വം നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ജീവൻ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകി ഒരു പരിധിവരെയെങ്കിലും അവർക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ദുരന്തത്തിന് ഇരയായ കുടുംബങ്ങൾക്ക് കൂടുതൽ സഹായം എത്തിക്കുന്നതിന് ജനങ്ങളിൽ നിന്നും സഹായം സ്വീകരിച്ച് പ്രത്യേക ഫണ്ട് സ്വരൂപിക്കും.**





ജെ. മേഴ്സിക്കുട്ടിഅമ്മ

**മനുഷ്യത്വത്തിന് ഊന്നൽ നൽകി മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിന് എല്ലാ വകുപ്പുകളെയും കേന്ദ്ര സേനകളെയും ഏകോപിപ്പിച്ച് ഹൃദയത്തിൽ തൊട്ട നിസ്തുലവും സത്യസന്ധവുമായ പ്രവർത്തനം കാഴ്ച വെയ്ക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.**

ഓഖി ചുഴലികൊടുങ്കാറ്റ് വരുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് ലഭിക്കാത്തതുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള ചർച്ചകൾ നടക്കുമ്പോഴും മനുഷ്യത്വത്തിന് ഊന്നൽ നൽകി മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിന് എല്ലാ വകുപ്പുകളെയും കേന്ദ്ര സേനകളെയും ഏകോപിപ്പിച്ച് ഹൃദയത്തിൽതൊട്ട നിസ്തുലവും സത്യസന്ധവുമായ പ്രവർത്തനം കാഴ്ചവെയ്ക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.

ചുഴലിക്കാറ്റും പേമാരിയും വൻതിരമാലകളും ഉണ്ടാകുമെന്നുള്ള യാതൊരു മുന്നറിയിപ്പും നവംബർ 29-ന് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നില്ല. ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ്ദങ്ങൾ സാധാരണയാണ്. അപൂർവ്വമായി മാത്രമേ ഇത് കൊടുങ്കാറ്റായി മാറുകയുള്ളൂ. 1940-കളിൽ മാത്രമേ അത്തരം ഒരു സംഭവം ഇന്നത്തെ ആളുകളുടെ ഓർമ്മയിൽ ഉള്ളൂ. ന്യൂനമർദ്ദം സംബന്ധിച്ചുള്ള അറിയിപ്പുകൾ ആയിരുന്നു കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിൽ നിന്ന് ആദ്യം ലഭിച്ചിരുന്നത്. ന്യൂനമർദ്ദത്തിന്റെ തോതിലുള്ള വർദ്ധനവ് സംബന്ധിച്ചായിരുന്നു പിന്നീട് ഉള്ള അറിയിപ്പുകൾ. അത്തരത്തിലുള്ള ഒരു സന്ദേശം ആദ്യമായി ലഭിക്കുന്നത് നവംബർ 30-ന് മാത്രമാണ്. എന്നാൽ 30-ന് രാവിലെ 10 മണി മുതൽ ആദ്യ അപകടം അടിമലത്തുറയിൽ ഉണ്ടായതു മുതൽ ശക്തമായ നടപടികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്.



**ചുഴലിക്കാറ്റും പേമാരിയും വൻതിരമാലകളും ഉണ്ടാകുമെന്നുള്ള യാതൊരു മുന്നറിയിപ്പും നവംബർ 29-ന് സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നില്ല. ന്യൂനമർദ്ദം സംബന്ധിച്ചുള്ള അറിയിപ്പുകൾ ആയിരുന്നു കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിൽ നിന്ന് ആദ്യം ലഭിച്ചിരുന്നത്. ന്യൂനമർദ്ദത്തിന്റെ തോതിലുള്ള വർദ്ധനവ് സംബന്ധിച്ചായിരുന്നു പിന്നീട് ഉള്ള അറിയിപ്പുകൾ. അത്തരത്തിലുള്ള ഒരു സന്ദേശം ആദ്യമായി ലഭിക്കുന്നത് നവംബർ 30-ന് മാത്രമാണ്. എന്നാൽ 30-ന് രാവിലെ 10 മണി മുതൽ ആദ്യ അപകടം അടിമലത്തുറയിൽ ഉണ്ടായതു മുതൽ ശക്തമായ നടപടികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത്.**

ആഗോള താപനം പോലെയുള്ള പ്രതിഭാസങ്ങളുടെ അടിസ്ഥാനത്തിൽ ശാസ്ത്രത്തിന്റെ ഇതുവരെയുള്ള നിഗമനങ്ങൾക്കുപരിയായി പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമെന്നുള്ളതിന്റെ തെളിവാണ് അറബിക്കടലിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റ്. ഇത്തരം കാര്യങ്ങൾ മുൻകൂട്ടി കാണാനും സംസ്ഥാനങ്ങളെ അറിയിക്കാനുമുള്ള കേന്ദ്ര കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിനും കേന്ദ്രസർക്കാർ സ്ഥാപിതമായ മറ്റ് ശാസ്ത്ര സ്ഥാപനങ്ങൾക്കുമുള്ള ഉത്തരവാദിത്വം. സുനാമിയുടെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ ഭാവിയിൽ ഉണ്ടാകാതെ മുന്നറിയിപ്പ് നൽകുന്നതിനുള്ള എല്ലാ സംവിധാനവും ഒരുക്കി എന്നാണ് കേന്ദ്ര സർക്കാർ അവകാശപ്പെട്ടിരുന്നത്. ഇത് ശരിയല്ല എന്നുള്ളതാണ് ഓഖി ചുഴലിക്കാറ്റിൽ വെളിവാക്കപ്പെട്ടത്.

കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പിൽ നിന്ന് സംസ്ഥാന സർക്കാരിന് നവംബർ 30–ന് ഉച്ചയ്ക്ക് 12 മണിവരെ ചുഴലിക്കൊടുങ്കാറ്റ് ഉണ്ടാകുമെന്നുള്ള യാതൊരു സന്ദേശവും ലഭിച്ചിരുന്നില്ല. നവംബർ 29–നും 30–ന് ഉച്ചയ്ക്ക് 12 മണിവരെയും ലഭിച്ച സന്ദേശങ്ങൾ ന്യൂനമർദ്ദങ്ങളെ സംബന്ധിച്ചുള്ളതും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നുള്ള സാധാരണ രീതിയിലുള്ള ഉപദേശങ്ങളുമാണ് ഉണ്ടായിരുന്നത്. മറിച്ച് നടത്തുന്ന എല്ലാ പ്രചാര വേലകളും വസ്തുതയ്ക്ക് നിരക്കുന്നതല്ല.

സന്ദേശം കൃത്യമായി അറിയിക്കുന്നതിൽ ഉണ്ടായ കേന്ദ്ര സർക്കാർ ശാസ്ത്ര സ്ഥാപനങ്ങളുടെ കെടുകാര്യസ്തതയാണ് ഇത്തരം ഒരു വലിയ ദുരന്തത്തിലേക്ക് കാര്യങ്ങൾ നയിച്ചത്. കേന്ദ്ര ടൂറിസം സഹമന്ത്രി ശ്രീ.അൽഫോൺസ് കണ്ണന്താനത്തിന്റെ സാന്നിധ്യത്തിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന മന്ത്രിമാരും കേന്ദ്ര സംസ്ഥാന ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഡയറക്ടർ സംസ്ഥാനത്തിന് നൽകിയ കാലാവസ്ഥാ നിരീക്ഷണ സന്ദേശങ്ങൾ കൃത്യമായി പരിശോധിച്ചിരുന്നു. ഇതിൽ ഒന്നിലും തന്നെ ചുഴലിക്കാറ്റോ കൊടുങ്കാറ്റോ ഉണ്ടാകുന്നതിനുള്ള സന്ദേശങ്ങൾ ഒന്നും അടങ്ങിയിരുന്നില്ല.

ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ എത്തിയ കേന്ദ്രപ്രതിരോധം വകുപ്പു മന്ത്രി ശ്രീമതി. നിർമ്മല സീതാരാമൻ സംസ്ഥാന സർക്കാർ സ്വീകരിച്ച രക്ഷാപ്രവർത്തനങ്ങളും തുടർ നടപടികളും അവലോകനം ചെയ്ത് സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്.

ഇക്കാര്യങ്ങളെല്ലാം തന്നെ മനസ്സിലാക്കിയിട്ടും സംസ്ഥാന സർക്കാരിനെതിരായ രാഷ്ട്രീയ ആയുധമായി ഓഖി ദുരന്തത്തെ മാറ്റാനാണ് പ്രതിപക്ഷം ശ്രമിച്ചിട്ടുള്ളത്. സുനാമി ദിനങ്ങളിൽ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചതിന്റെ എത്രയോ ഇരട്ടി ഊർജ്ജസ്വലമായ നടപടികളാണ് ഈ സർക്കാർ ഓഖി ചുലിക്കാറ്റുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ളത്. സുനാമിയുടെ ദുരിതങ്ങൾ അകറ്റാൻ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ച നടപടികൾ ഇപ്പോഴത്തെ രക്ഷാപ്രവർത്തനങ്ങളുമായി പ്രതിപക്ഷം തുലനം ചെയ്ത് കാര്യങ്ങൾ വിലയിരുത്തേണ്ടതുണ്ട്. ദുരിതബാധിതരെ സർക്കാരിനെതിരെ തിരിക്കത്തക്ക രീതിയിൽ രാഷ്ട്രീയ ലാഭം മുന്നിൽ കണ്ട് മുഴക്കിയിട്ടുള്ള അഹ്വാനങ്ങൾ എല്ലാം തന്നെ മത്സ്യത്തൊഴിലാളികളും മലയാളി മനസാക്ഷിയും നിരാകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സർക്കാർ ഇതുവരെ സ്വീകരിച്ച രക്ഷാപ്രവർത്തനങ്ങളെ ആത്മാർത്ഥമായും നിഷ്പക്ഷമായും വിലയിരുത്തുന്നത് ഉചിതമായിരിക്കും.

നവംബർ 30–ന് രാവിലെ 10 മണിക്ക് അടിമലത്തുറ ഭാഗത്ത് ഒരു വള്ളം നാലു തൊഴിലാളികളുമായി അപകടത്തിൽപ്പെട്ടു എന്ന ടെലിഫോൺ സ

ന്ദേശം വിഴിഞ്ഞം സ്റ്റേഷനിൽ എത്തുകയുണ്ടായി. വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനിൽ നിന്ന് 10.05–ന് രക്ഷാ പ്രവർത്തനത്തിനായി ബോട്ടു പുറപ്പെട്ടു. ശക്തമായ മഴയിലും കാറ്റിലും പട്രോൾ ബോട്ടുമായുള്ള ആശയ വിനിമയവും നിയന്ത്രണവും നഷ്ടപ്പെട്ട് ബോട്ട് വടക്കോട്ട് ഒഴുകിപ്പോയി. മണിക്കൂറുകളോളം കടലിൽ നിയന്ത്രണം വിട്ട് ഒഴുകിയ ബോട്ട് അന്നേ ദിവസം 7 മണിക്ക് കൊല്ലത്ത് കണ്ടെത്തി.

ഇതേ സമയം തന്നെ കൊല്ലങ്കോട് പൊഴിയൂർ, വിഴിഞ്ഞം, പൂന്തുറ, പരിത്തിയൂർ, കോട്ടപ്പുറം, അടിമലത്തുറ സ്ഥലങ്ങളിൽ നിന്ന് മത്സ്യത്തൊഴിലാളികളുടെ അപകടവിവരം ഫിഷറീസ് സ്റ്റേഷനിൽ ലഭിച്ചുകൊണ്ടിരുന്നു. കോസ്റ്റ്ഗാർഡിനെ സഹകരിപ്പിച്ചുള്ള രക്ഷാപ്രവർത്തനം ആരംഭിച്ചെങ്കിലും ശക്തമായ പേമാരിയും കൊടുങ്കാറ്റും രക്ഷാപ്രവർത്തനത്തിന് അസാദ്ധ്യമാക്കി. 11 മണിയോടെ തന്നെ തിരുവനന്തപുരം മെറ്റ് സെന്ററുകളിൽ നിന്ന് ലഭിച്ച അപകട സന്ദേശവും കാലാവസ്ഥാ പ്രവചനവും ലഭിച്ചു. കോസ്റ്റ്ഗാർഡിനോടും, നേവിയോടും അടിയന്തിരമായി ഇടപെടാനുള്ള സന്ദേശങ്ങൾ നൽകി. 10.00 മണിക്ക് തന്നെ അടിമലത്തുറ സംഭവത്തെ തുടർന്ന് എന്റെ ഓഫീസിൽ നിന്നും സന്ദേശം നേവിക്കും എയർഫോഴ്സിനും നൽകുകയുണ്ടായി. ഉടൻതന്നെ ആവശ്യമായ കപ്പലുകളും ഹെലികോപ്റ്ററുകളും വിമാനങ്ങളും കേരളത്തിന്റെ തീരപ്രദേശങ്ങളെ ലക്ഷ്യമാക്കി തിരുവനന്തപുരം കേന്ദ്രീകരിച്ച് നീങ്ങുമെന്ന് നേവിയുടെയും എയർഫോഴ്സിന്റെയും മറുപടി ലഭിച്ചു.

പക്ഷെ പ്രക്ഷുബ്ദമായ കാലാവസ്ഥ കാരണം കപ്പലുകൾ ഉദ്ദേശിച്ച സമയത്ത് തിരുവനന്തപുരത്ത് എത്താനായില്ല. ഹെലികോപ്റ്റർ വഴിയുള്ള രക്ഷാപ്രവർത്തനത്തിന് മൂടികെട്ടിയ ആകാശവും ഉയർന്ന തിരമാലകളും തടസ്സമായിരുന്നു. കടലിന് 10 മീറ്റർ ഉയരത്തിൽ എത്തിയാൽപോലും ഹെലികോപ്റ്ററുകൾക്ക് കടൽ കാണാൻ കഴിയാത്ത അവസ്ഥയായിരുന്നു. വിമാനങ്ങളുടെ രക്ഷാപ്രവർത്തനത്തെയും ഇത് ബാധിച്ചിരുന്നു.

ഇതിനോടൊപ്പം തന്നെ അപകട മുന്നറിയിപ്പ് മത്സ്യഭവനുകൾ, പള്ളികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അറിയിച്ചു. മത്സ്യത്തൊഴിലാളികൾ കടലിൽപോകരുതെന്ന ശക്തമായ നിർദ്ദേശം നൽകി. 30–ന് രാവിലെ തന്നെ എല്ലാ ജില്ലകളിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിൽ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിരുന്നു. വിഴിഞ്ഞത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കി. നവംബർ 30–ന് നടത്തിയ രക്ഷാ പ്രവർത്തനങ്ങൾ പ്രതികൂല കാലാവസ്ഥയിൽ ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ല.

നവംബർ 29–നോ 30–ന് അതിരാവിലെയോ മത്സ്യബന്ധനത്തിന് പോയ ബോട്ടുകളും വള്ളങ്ങളുമാണ് കൂടുതലായി അപകടത്തിൽപ്പെട്ടത്. 30–ന് രാവിലെ തന്നെ രക്ഷാ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും അത് വിജയകരമാക്കാൻ പ്രതികൂല കാലാവസ്ഥ കാരണം കഴിഞ്ഞില്ല. എന്നാൽ ഡിസംബർ 1,2,3 തീയതികളിൽ കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത രക്ഷാപ്രവർത്തനമാണ് നടത്തിയത്. കടലിൽ നിന്ന് നിരവധി മത്സ്യത്തൊഴിലാളികളെ ഹെലികോപ്ടറിന്റെ സഹായത്താൽ രക്ഷപ്പെടുത്തി തിരുവനന്തപുരം എയർപോട്ടിന്റെ ടെക്നിക്കൽ ഏര്യായിൽ എത്തിക്കുകയും റവന്യൂ ആരോഗ്യ ഫിഷറീസ് വകുപ്പുകളുടെ സഹായത്തോടെ ആശുപത്രികളിൽ എത്തിച്ച് ജീവൻ തിരിച്ചുപിടിക്കാൻ സാധിച്ചത് രക്ഷാപ്രവർത്തനത്തിലെ സ്മരണീയ മുഹൂർത്തങ്ങളാണ്.

വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിവിധ മത്സ്യഗ്രാമങ്ങളും വിശേഷ്യ വിഴിഞ്ഞവും കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. ഡിസംബർ ഒന്നിന് രാവിലെ തന്നെ വിഴിഞ്ഞം വാർഫിൽ നങ്കൂരമിട്ടിരുന്ന എമറാൾഡ് എന്ന സ്വകാര്യ ഫിഷിംഗ് ബോട്ട് വകുപ്പു നൽകിയ ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ചെലവിൽ സജ്ജമാക്കി വിഴിഞ്ഞം, പൂന്തുറ, പൂവാർ സ്വദേശികളായുള്ള 12 മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു. രാത്രി പത്തു മണിവരെ തെരച്ചിൽ തുടർന്നു. വിഴിഞ്ഞം, പൂവാർ, അടിമലത്തുറ സ്വദേശികളായ ഒമ്പതുപേരെ എമറാൾഡ് വഴി അന്നു തന്നെ രക്ഷിക്കാൻ കഴിഞ്ഞു. രക്ഷാപ്രവർത്തനത്തിൽ സർക്കാരിന്റെ ശുഷ്കാന്തി മത്സ്യത്തൊഴിലാളികൾക്ക് ബോദ്ധ്യമായ പ്രവർത്തനമായിരുന്നു ഇത്.

പ്രധാന കേന്ദ്രങ്ങളിലെ ഹെൽപ്പ് ഡെസ്കുകളെ ജില്ലാ സംസ്ഥാന രക്ഷാപ്രവർത്തന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തി. തിരുവനന്തപുരം എയർപോർട്ട് ടെക്നിക്കൽ ഏരിയായിൽ പ്രത്യേക കൺട്രോൾ റൂം ആരംഭിച്ചു. കാണാതായ മത്സ്യത്തൊഴിലാളികളുടെ ഫോട്ടോയും വിവരങ്ങളും ശേഖരിച്ച് ടെക്നിക്കൽ ഏരിയ കൺട്രോൾ റൂം വഴി നേവിക്കും എയർഫോഴ്സിനും ലഭ്യമാക്കി.

മത്സ്യബോർഡ് വഴിയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ 83 പേർക്ക് 5000 രൂപ വീതം അപകടധനസഹായവും 4 പേർക്ക് 10000 രൂപ നിരക്കിൽ മരണാനന്തര ചെലവുകൾക്കുള്ള ധനസഹായവും ഡിസംബർ 3–ന് തന്നെ വിതരണം ചെയ്തു. തിരുവനന്തപുരം ജില്ലയിൽ തെരച്ചിൽ നടത്തുന്നതിനുള്ള 35 യാനങ്ങൾക്ക് 200 ലിറ്റർ വീതവും കൊല്ലം ജില്ലയിൽ 18 യാനങ്ങൾക്ക് 150 ലിറ്റർ വീതം 9700 ലിറ്റർ മണ്ണെണ്ണ മത്സ്യഫെഡ് മുഖേന ലഭ്യമാക്കി. ഇവരുടെ തെരച്ചിലിൽ ഏഴോളം മൃതദേഹങ്ങൾ കണ്ടെത്തി.

ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക, ലക്ഷ്യദ്വീപ് എന്നീ പ്രദേശങ്ങളിൽ ലക്ഷ്യം തെറ്റി എത്തിയ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്ന

തിന് ആ പ്രദേശങ്ങൾ സന്ദർശിച്ച് സഹായങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ധാരാളം പ്രവർത്തനങ്ങൾ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിരുന്നു. മുപ്പതിനായിരത്തോളം വരുന്ന മത്സ്യവകുപ്പ് യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസിംഗ് എന്നിവ കൃത്യമായി ചെയ്തു വരുന്നു. 1.68 ലക്ഷം കടൽ മത്സ്യത്തൊഴിലാളികളുടെ ബയോമെട്രിക് കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഇവരുടെ വിപുലമായ ഡേറ്റാബേസും ലഭ്യമാണ്. മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുമ്പോൾ ആ വിവരവും അവരുടെ സ്ഥാനവും അറിയുന്നതിന് എമർജൻസി പൊസിഷൻ ഇൻഡിക്കേറ്റർ ബീകോൺ 18 കോടി രൂപ ചെലവഴിച്ച 7262 മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനത്തിനുള്ള ബോധവത്ക്കരണം മത്സ്യത്തൊഴിലാളികൾക്ക് നടത്തിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണം ഫലപ്രദമായി ഉപയോഗിക്കുന്നതിന് വേണ്ടത്ര പ്രാധാന്യം മത്സ്യത്തൊഴിലാളികൾ നൽകിയിട്ടില്ല. കടലിൽ പോകുമ്പോൾ പല മത്സ്യത്തൊഴിലാളികളും ഇത് കൊണ്ടു പോകാറില്ലെന്നുള്ളതാണ് വസ്തുത. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി വലിയ തുക ചെലവഴിച്ച് ആധുനിക ശാസ്ത്ര സാങ്കേതിക ഉപകരണങ്ങൾ കൂടെ കൊണ്ടുപോകാനും അത് ഫലപ്രദമായി ഉപയോഗിക്കാനുമുള്ള താല്പര്യം മത്സ്യത്തൊഴിലാളികളുടെ ഭാഗത്തു നിന്നും ഉണ്ടായെങ്കിൽ മാത്രമേ ഇത്തരം പ്രകൃതി ദുരന്തങ്ങളിൽ നിന്ന് അവരെ പൂർണ്ണമായും രക്ഷപ്പെടുത്തുവാൻ കഴിയൂ. ഇത്തരം അപകട അവസ്ഥയിൽ ഉപയോഗിക്കാനുള്ള മറൈൻ ആംബുലൻസുകളുടെ നിർമ്മാണ ഉത്തരവ് കൊച്ചിൻ ഷിപ്പ്യാർഡിന് നൽകുന്ന പ്രവർത്തനം ത്വരിതഗതിയിലാണ്.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കരയിലും കടലിലും ഒരുപോലെ അപകടസാദ്ധ്യതകൾ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിന് ഐ.എസ്.ആർ.ഒ. യുമായി ധാരണയായി. അപകടസമയങ്ങളിൽ കരയിൽ നിന്ന് കടലിലേക്ക് പോകാതിരിക്കാനും അപകടസാദ്ധ്യതകളുടെ അറിയിപ്പിനെ തുടർന്ന് കടലിൽ പോയാൽ തന്നെ തിരിച്ചു വരുന്നതിനുമാണ് ഐ.എസ്.ആർ.ഒ.യുമായി ധാരണയായിട്ടുള്ള തെന്ന് മന്ത്രി അറിയിച്ചു.

കടലിൽ 1500 കിലോമീറ്ററോളം ദൂരെയുള്ള മത്സ്യത്തൊഴിലാളികൾക്കും സന്ദേശം കിട്ടത്തക്ക രീതിയിലാണ് ഉപഗ്രഹ സഹായത്തോടെ ഇത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നത്. നിലവിൽ കരയിൽ നിന്ന് 50 കിലോമീറ്റർ അകലെ മാത്രമേ മൊബൈൽ ഫോൺ സൗകര്യം ലഭ്യമാകൂ. മത്സ്യലഭ്യതാപ്രദേശങ്ങൾ കണ്ടെത്തുന്നതിനും, മത്സ്യത്തിന്റെ അതാതു ദിവസങ്ങളിലെ വില അറിയുന്നതിനുമുള്ള സംവിധാനവും ഇതിനോടൊപ്പം സജ്ജീകരിക്കും.

ജീവൻ നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങൾ നൽകി ഒരു പരിധിവരെയെങ്കിലും അവർക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ദുരന്തത്തിന് ഇരയായ കുടുംബങ്ങൾക്ക് കൂടുതൽ സഹായം എത്തിക്കുന്നതിന് ജനങ്ങളിൽ നിന്നും സഹായം സ്വീകരിച്ച് പ്രത്യേക ഫണ്ട് സ്വരൂപിക്കാനാണ്.

മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിൽ ഒരാൾക്ക് ജോലി ഉറപ്പു വരുത്താനും സർവ്വകക്ഷി യോഗത്തിൽ ധാരണയായിട്ടുണ്ട്. സർക്കാർ 20 ലക്ഷം രൂപയുടെ നഷ്ടപരിഹാരം പ്രഖ്യാപിച്ചെങ്കിലും 25 ലക്ഷം രൂപയുടെ സഹായം ഉറപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇൻഷുറൻസോ ക്ഷേമനിധി അംഗത്വമോ ഇല്ലെന്ന കാരണത്തിൽ ആർക്കും സഹായങ്ങൾ നിഷേധിക്കില്ല.ബോട്ടുകൾക്കും വള്ളങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്.

ദുരന്തം മൂലം മാനസ്സികാഘാതം നേരിട്ട കുട്ടികൾക്ക് കൗൺസിലിംഗ് സഹായവും നൽകും. തീരദേശ പോലീസിലേക്ക് നിയമനം നൽകുമ്പോൾ മരിച്ചവരുടെ ആശ്രിതർക്ക് മുൻഗണന നൽകും. ആശ്വാസ നടപടികളുമായി സർക്കാർ ശക്തമായ രീതിയിൽ മുന്നോട്ട് പോകുകയാണ്. രൂക്ഷമായ കടലിൽപോയ 550 ഓളം തൊഴിലാളികളുടെ തിരിച്ചു വരവ് സർക്കാരിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ആത്മാർത്ഥത വെളിവാക്കുന്നു. കൂടാതെ ദുരിതാശ്വാസ പ്രവർത്തനത്തിനുള്ള ഫണ്ട് പിരിവും യുദ്ധകാലാടിസ്ഥാനത്തിലാണ് നടന്നു വരുന്നത്. മലയാളികൾ മനസ്സിൽ തൊട്ട് നൽകുന്ന സംഭാവനകൾ റിക്കാർഡ് തലത്തിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. യാതൊരു സാമ്പത്തിക അടിസ്ഥാനമില്ലാത്ത പാവപ്പെട്ടവരായ ആളുകൾ അവരുടെ എളിയ സംഭാവന ഫണ്ടിലേയ്ക്ക് നൽകുമ്പോൾ അത് സംസ്ഥാന സർക്കാരിന്റെ രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലുമുള്ള ആത്മാർത്ഥയെ അടയാളപ്പെടുത്തുന്ന സംഭവങ്ങളാണ്.

മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നു. കടലിൽ പോകുന്ന ഒരു മത്സ്യത്തൊഴിലാളിക്കും ജീവൻ നഷ്ടപ്പെടാതിരിക്കാനുള്ള സംവിധാനം ഐ.എസ്.ആർ.ഒ.യുമായി ചേർന്ന് നടപ്പാക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരുന്നു. മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങളുടെയും ഉന്നതിയിലേക്ക് നയിക്കുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് ആവശ്യം. ഈ നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ ദുരന്തത്തിനാണ് മത്സ്യത്തൊഴിലാളികൾ ഇരയായിരിക്കുന്നത്. അടിയന്തിര ആശ്വാസ പദ്ധതികൾക്കൊപ്പം ഇടക്കാലാശ്വാസവും ദീർഘകാല പദ്ധതികളും വളരെ ശ്രദ്ധാപൂർവ്വം നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ■

# ആലത്തൂർ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്

**ക്ലിപ്തം നമ്പർ പി – 620**

## ബ്രാഞ്ചുകൾ

ആലത്തൂർ– 04922–224167

കുഴൽമന്ദം– 04922–273268

വടക്കഞ്ചേരി – 04922–254046



**ആലത്തൂർ താലൂക്കിലെ കൃഷിക്കാർക്ക്
ഏറ്റവും കുറഞ്ഞ പലിശ നിരക്കിൽ വായ്പ കൊടുക്കുന്ന
താലൂക്കിലെ ഏക സ്ഥാപനം**

കെ എൻ നാരായണൻ
പ്രസിഡന്റ്
9495172020

വി കെ സണ്ണി
സെക്രട്ടറി
9495485768

# മൂഡിസിന്റെ ഉയർത്തൽ

**നവ ഉദാരവത്കരണ മുതലാളിത്ത വ്യവസ്ഥയെ മറികടന്നുകൊണ്ടു മാത്രമേ രാജ്യത്തെയും ധനമൂലധനത്തെയും ഒന്നായി കാണുന്ന സൈദ്ധാന്തിക നിർമ്മിതിയിൽ നിന്ന് രക്ഷ കണ്ടെത്തുവാനാകൂ. ഈ നിർമ്മിതി ബൗദ്ധികമായ പരിശ്രമങ്ങളിലൂടെ മാത്രം പൂർണമായും പുറന്തള്ളുവാനാകുന്ന "തെറ്റായ ആശയം" മാത്രമല്ല. അത് നവ ഉദാരവത്കരണ മുതലാളിത്ത വ്യവസ്ഥയിൽ വേരുറച്ചു നിൽക്കുന്ന വസ്തുനിഷ്ഠ വിവേകത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന "തെറ്റായ ആശയമാണ്". നവ ഉദാരവത്കരണ വ്യവസ്ഥയെ മറികടന്നുകൊണ്ടു മാത്രമേ അതിനെ മറികടക്കുവാൻ സാധിക്കൂ.**



**പ്രഭാത് പട്നായിക്**

തിരിച്ചടവ് ശേഷിയില്ലാത്തവർക്ക് വായ്പ (sub-prime loans) നൽകിയതിനാലാണ് അമേരിക്കയിൽ ഭവനവായ്പാ കുമിള വീർത്തു പൊട്ടുവാനിടയായത്. അതിനെ നിരുത്തരവാദപരമായ രീതിയിൽ പിന്തുണച്ചതുകാരണം ക്രെഡിറ്റ് റേറ്റിങ്ങ് ഏജൻസികൾക്ക് അന്ന് വലിയ വിശ്വാസത്തകർച്ച സംഭവിച്ചിരുന്നു. തുടർന്ന് മാളങ്ങളിലേക്ക് പിൻവലിഞ്ഞ ഈ ഏജൻസികൾ ഇപ്പോൾ മെല്ലെ പുറത്തുവരുന്ന കാഴ്ച കണ്ട് ഇന്ത്യയിലെ ഭരണകൂടം വലിയ ഉൽസാഹത്തിലാണ്. മൂഡീസ് എന്ന ഏജൻസി ഇന്ത്യയുടെ വായ്പാക്ഷമതയുടെ (ക്രെഡിറ്റ് റേറ്റിങ്) നിലവാരത്തെ അൽപ്പം ഉയർത്തുകയും ഇത് സ്വയം മറന്ന് ആഹ്ളാദിക്കാൻ ബിജെപിയെ പ്രേരിപ്പിക്കുകയുമാണ്. ഏറ്റവും താഴ്ന്ന നിലയായ Baa 3 ൽനിന്ന് തൊട്ടുമുകളിലുള്ള Baa 2 ലേക്ക് മാത്രമാണ് ഇന്ത്യ ഉയർത്തപ്പെട്ടിരിക്കുന്നത്. എന്നിട്ടും മാധ്യമങ്ങളും അമ്പരപ്പുണ്ടാക്കുന്ന വിധത്തിൽ ഈ ഉയർത്തലിന്റെ കഥയെ ആഘോഷിക്കപ്പെടേണ്ടതായി കൊട്ടിഘോഷിക്കുകയാണ്.

ധനമൂലധനം (Finance Capital) ഒരു സർക്കാരിന്റെ പ്രവർത്തനത്തെ വിലയിരുത്തുന്നതിനായി ഉപയോഗിക്കുന്ന മാനദണ്ഡം പണിയെടുക്കുന്ന ജനങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ച് ആശങ്ക വച്ചുപുലർത്തുന്നവർ സ്വീകരിക്കുന്ന മാനദണ്ഡത്തിന് നേർവിപരീതമായിരിക്കും. അന്തർദേശീയ ധനമൂലധനത്തിന്റെ കാവൽനായായി പ്രവർത്തിക്കുന്ന ഏജൻസിയാണ് മൂഡീസ്. അത്തരം ഒരു ഏജൻസിയാണ് ഇന്ത്യയുടെ വായ്പാക്ഷമതയുടെ നിലവാരം ഉയർത്തിയിരിക്കുന്നത്. ഇത് ഒരു കാര്യം സൂചിപ്പിക്കുന്നുണ്ട്. പണിയെടുക്കുന്ന ജനങ്ങൾക്കെതിരെ നവഉദാരവൽക്കരണ കാലഘട്ടത്തിലെ ഭരണകൂടങ്ങൾ ഉൾപ്പെടെയുള്ള മറ്റെല്ലാ സർക്കാരുകളേക്കാളും അതിരൂക്ഷമായ ആക്രമണമാണ് മോദി സർക്കാർ അഴിച്ചുവിടുന്നത് എന്ന വസ്തുതയെ വിസ്മരിച്ചുകൊണ്ട് മിക്ക മാധ്യമങ്ങളും ഈ ഉയർത്തലിനെ വേണ്ടത്ര ചിന്തിക്കാതെയും വിശകലനം ചെയ്യാതെയും ഒരു നേട്ടമായി ആഘോഷിക്കുകയാണ്.

മോദിക്കുള്ള ക്രിസ്തുമസ് സമ്മാനമായും ഹിമാചൽ പ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മോദിയെ സഹായിക്കുവാൻ പോകുന്ന ഒന്നായും കാണുകയാണ്. ഇത്

മാധ്യമങ്ങളിൽ നിന്ന് 'മിതവാദ' ചിന്തകൾ പോലും എത്ര കണ്ട് അപ്രത്യക്ഷമായിരിക്കുന്നു എന്നതിനെ മാത്രമല്ല വെളിപ്പെടുത്തുന്നത്. സമൂഹത്തിൽ നിന്നുതന്നെ മിതവാദ ചിന്തകർ അപ്രത്യക്ഷമായിരിക്കുന്നു എന്ന സ്വയംതോന്നൽ എത്രകണ്ട് മാധ്യമങ്ങളെ ബാധിച്ചിരിക്കുന്നു എന്നതിലേക്കുകൂടി ഇത് വിരൽചൂണ്ടുകയാണ്.

മോദിസർക്കാരിന്റെ നേട്ടങ്ങളായി മൂഡീസ് പരിഗണിക്കുന്നത് എന്തിനെയെല്ലാമാണെന്ന് നോക്കുക. നേട്ടങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം "സാമ്പത്തിക ദൃഢീകരണത്തിനാണ്" (ഫിസ്കൽ കൺസോളിഡേഷൻ). അതായത് ധനക്കമ്മി വെട്ടിക്കുറയ്ക്കൽ. ഇന്ത്യയിൽ ഇത് കൈവരിക്കപ്പെടുന്നത് സമ്പന്നന്മാരുടെ നികുതി വർധിപ്പിച്ചുകൊണ്ടല്ല. സമഗ്ര ശിശുവികസന പദ്ധതി (ഐസിഡിഎസ്), മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്) തുടങ്ങിയ സാമൂഹ്യ പദ്ധതികൾക്കുള്ള വിഹിതം ഉൾപ്പെടെ സർക്കാരിന്റെ ചെലവ് ഗണ്യമായി വെട്ടിക്കുറച്ചുകൊണ്ടാണ്. നോട്ടുനിരോധനത്തിന് മുമ്പുള്ള കാലഘട്ടത്തിലും മൊത്തം തൊഴിൽ ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെന്ന് സർക്കാരിന്റെ തന്നെ ലേബർ ബ്യൂറോ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിലേക്ക് നയിച്ച മുഖ്യകാരണങ്ങളിലൊന്ന് തീർച്ചയായും ചെലവ് ചുരുക്കൽ തന്നെയാണ്. ചെലവ് ചുരുക്കലും നോട്ട് നിരോധനവും ചേർന്ന് ഏൽപ്പിച്ച ആഘാതത്തിന്റെ ഫലമായാണ് 2017–ലെ ആദ്യപാദത്തിൽ തൊഴിൽലഭ്യതയിൽ ഇടിവുണ്ടായതെന്ന് സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ എക്കോണമിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് മൂഡീസ് "സാമ്പത്തിക ദൃഢീകരണത്തെ" അഭിനന്ദിച്ചിട്ടുണ്ടെങ്കിലും ഈ "ദൃഢീകരണത്തിന്റെ" മറുവശം തൊഴിൽ ലഭ്യതയിൽ സംഭവിച്ച ഇടിവും രാജ്യത്ത് നിലവിലുള്ള ചുരുക്കം ചില ക്ഷേമപദ്ധതികളുടെ പരിമിതപ്പെടുത്തലുമാണ്.

ചരക്കുസേവന നികുതി (ജിഎസ്ടി) നടപ്പിലാക്കിക്കൊണ്ട് സമ്പദ് ഘടനയെ "ഔപചാരികവൽക്കരിക്കുന്നതിനായി" (ഫോർമലൈസേഷൻ) നടത്തപ്പെടുന്ന ശ്രമങ്ങളെയാണ് രണ്ടാമത്തെ നേട്ടമായി മൂഡീസ് പരാമർശിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ അവകാശങ്ങളെ കവർന്നെടുക്കുന്ന നടപടിയാണ് ജിഎസ്ടി. ഇന്ത്യൻ ഭരണഘടനയുടെ "അടിസ്ഥാന ചട്ടക്കൂടിന്" വിരുദ്ധമായി ഇതിലൂടെ കേന്ദ്രസർക്കാരിൽ അധികാരം കേന്ദ്രീകരിക്കപ്പെടുന്നു. ഇത് "അനൗപചാരിക മേഖലയിൽ" (ഇൻഫോർമൽ സെക്ടർ) കൂടുതൽ നികുതി ചുമത്തപ്പെടുന്നതിലേക്കും നയിക്കുന്നു. ചെറുകിട ഉൽപ്പാദന മേഖല എന്നുകൂടി വിളിക്കാവുന്ന "അനൗപചാരിക മേഖലയുടെ" കൊട്ടിഘോഷിക്കപ്പെടുന്ന "ഔപചാരവൽക്കരണത്തിലൂടെ" അതിന് നേരെ ആക്രമണം അഴിച്ചുവിടപ്പെടുകയാണ്.

ഇത്തരം ഒരു ആക്രമണം മാർക്സ് "മൂലധനത്തിന്റെ പ്രാകൃതമായ സഞ്ചയം'' (പ്രിമിറ്റീവ് അക്യുമിലേഷൻ ഓഫ് കാപ്പിറ്റൽ) എന്നു വിളിച്ചിരുന്ന മുതലാളിത്ത പ്രവണതയുടെ ഒരു ഉദാഹരണമാണ്. അന്താരാഷ്ട്ര ധനമൂലധനത്തിന്റെ ആശിർവാദത്തോടെ നടപ്പിലാക്കപ്പെടുന്ന നവഉദാരവൽക്കരണ നയങ്ങൾ തീർച്ചയായും മൂലധനത്തിന്റെ ഇതുപോലുള്ള പ്രാകൃത സഞ്ചയത്തിന് കലവറയില്ലാത്ത പ്രോൽസാഹനമാണ് നൽകുന്നത്. എന്നാൽ തെരഞ്ഞെടുപ്പിൽ ഉണ്ടായേക്കാവുന്ന തിരിച്ചടികളെ ഭയന്ന് പൊതുവിൽ സർക്കാരുകൾ വളരെ കരുതലോടുകൂടി മാത്രമേ ഇത്തരം നടപടികൾ സ്വീകരിക്കാറുള്ളൂ. പക്ഷേ മോദിസർക്കാരിനെ ഇത്തരം ചിന്തകൾ പോലും അലട്ടുന്നില്ല. വൈരാഗ്യബുദ്ധിയോടെ ചെറുകിട ഉൽപ്പാദനമേഖലയ്ക്ക് നേരെ അഴിച്ചുവിട്ടിരിക്കുന്ന ആക്രമണം മൂഡിസിന്റെ പ്രശംസ പിടിച്ചുപറ്റിയിരിക്കുന്നു.

**ചെലവ് ചുരുക്കലും നോട്ട് നിരോധനവും ചേർന്ന് ഏൽപ്പിച്ച ആഘാതത്തിന്റെ ഫലമായാണ് 2017-ലെ ആദ്യപാദത്തിൽ തൊഴിൽലഭ്യതയിൽ ഇടിവുണ്ടായതെന്ന് സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ എക്കോണമിയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് മൂഡീസ് "സാമ്പത്തിക ദൃഢീകരണത്തെ" അഭിനന്ദിച്ചിട്ടുണ്ടെങ്കിലും ഈ "ദൃഢീകരണത്തിന്റെ" മറുവശം തൊഴിൽ ലഭ്യതയിൽ സംഭവിച്ച ഇടിവും രാജ്യത്ത് നിലവിലുള്ള ചുരുക്കം ചില ക്ഷേമപദ്ധതികളുടെ പരിമിതപ്പെടുത്തലുമാണ്.**

ബാങ്കുകൾക്ക് കൂടുതൽ മൂലധനം അനുവദിക്കാനുള്ള (റീ കാപ്പിറ്റലൈസേഷൻ) തീരുമാനത്തെയാണ് മൂഡീസ് മൂന്നാമത്തെ നേട്ടമായി സൂചിപ്പിക്കുന്നത്. എന്തുകൊണ്ടാണ് ഇത് വേണ്ടിവന്നത്. നിഷ്ക്രിയ ആസ്തികളുടെ താങ്ങാനാവാത്ത ഭാരത്താൽ ഉലയുന്ന ബാങ്കുകൾക്ക് ആശ്വാസം എത്തിക്കുന്നതിനാണ് ഈ നടപടി എന്നാണ് പറയപ്പെടുന്നത്. എന്നാൽ നിഷ്ക്രിയ ആസ്തികളുടെ ഉറവിടം തേടിച്ചെല്ലുമ്പോൾ കൊട്ടിഘോഷിക്കപ്പെട്ട "അടിസ്ഥാന സൗകര്യമേഖലയുടെ" വികസനത്തിനായുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനായി സ്വകാര്യ മേഖലയ്ക്ക് നൽകിയ വായ്പകളിലാണ് നാം ചെന്നെത്തുക. സാമ്പത്തികമായി ലാഭകരമാകുമെന്ന് യാതൊരു ഉറപ്പുമില്ലാതിരുന്ന ഈ പദ്ധതികൾക്കായുള്ള വായ്പകൾ കൈപ്പറ്റിയത് ഭരണകൂടത്തിന്റെ ഇഷ്ടക്കാരാണ്. ബാങ്കുകൾ സർക്കാരിന്റെ സമ്മർദഫലമായാണ് ഇവർക്ക് വായ്പകൾ അനുവദിച്ചത്. ഈ വായ്പകൾ തിരിച്ച് പിടിക്കു

ന്നതിനായി ഒരു നടപടിയുമില്ല. കുറ്റക്കാരായ വായ്പാ കുടിശ്ശികക്കാരെ സൈ്വരമായി വിഹരിക്കാൻ അനുവദിച്ചിരിക്കുകയാണ്. ബാങ്കുകൾക്ക് കൂടുതൽ മൂലധനം ലഭ്യമാക്കുന്നതിന് വേണ്ടിവരുന്ന തുകയുടെ ഒരു വിഹിതം കേന്ദ്ര ബജറ്റിൽ നിന്നായിരിക്കും കണ്ടെത്തുക എന്ന് സർക്കാർ സൂചിപ്പിച്ചുകഴിഞ്ഞു. ഇതിനുവേണ്ടി അവശേഷിക്കുന്ന ചില ക്ഷേമപദ്ധതികൾക്കായുള്ള ചെലവുകളിലായിരിക്കും സർക്കാർ തീർച്ചയായും കൈവയ്ക്കുക. അങ്ങനെ ബാങ്കുകൾക്ക് കൂടുതൽ മൂലധനം എത്തിക്കുന്നതിനായുള്ള നടപടിയും ഫലത്തിൽ ദരിദ്രരിൽ നിന്ന് വിഭവങ്ങൾ സമ്പന്നരിലോക്ക് കൈമാറ്റം ചെയ്യപ്പെടുന്ന തന്ത്രത്തിന്റെ മറ്റൊരു ഉദാഹരണമായി കലാശിക്കുകയാണ്.

"പരിഷ്കാരങ്ങളോട്" മോദി സർക്കാരിന് ഉള്ളതായി പറയപ്പെടുന്ന പ്രതിബദ്ധതയാണ് മൂഡിസിന്റെ അംഗീകാരം പിടിച്ചു പറ്റിയിരിക്കുന്ന നാലാമത്തെ നേട്ടം. ഈ പ്രതിബദ്ധതയെക്കുറിച്ച് കൂടുതൽ വിശദീകരണമൊന്നും തന്നെ മൂഡീസിന്റെ വക്താവ് നൽകിയിട്ടില്ല. എന്നാൽ ഇതുകൊണ്ട് മൂഡീസ് ഭൂമി ഏറ്റെടുക്കലും തൊഴിലാളികളെ ഇഷ്ടം പോലെ നിയമിക്കുന്നതും പിരിച്ചുവിടുന്നതും (വഴങ്ങുന്ന തൊഴിൽ വിപണി സൃഷ്ടിക്കുന്നതിനായി), എളുപ്പമാക്കുന്നതിനായി കൈക്കൊണ്ട നടപടികളെയാണ് പരോക്ഷമായി പരാമർശിക്കുന്നത് എന്നാണ് ചില നിരീക്ഷകർ വ്യാഖ്യാനിക്കുന്നത്. "തൊഴിൽ വിപണിയെ വഴങ്ങുന്നതായി" മാറ്റുന്നത് ജീവനക്കാരെ ഭീതിയിലാക്കുന്നതിനും തൊഴിലാളി സംഘടനകളെ ഇല്ലാതാക്കാനും (ഭീതിയുടെ പിടിയിലായാൽ തൊഴിലാളികൾ സംഘടനകളിൽ നിന്ന് അകന്നുനിൽക്കുമല്ലോ) വേണ്ടിയാണ്. ഭൂമി ഏറ്റെടുക്കൽ എളുപ്പമാക്കുന്നത് കർഷകരുടെ ഭൂമി തട്ടിയെടുക്കുന്നതിന് തുല്യമാണ്. ഇത് മൂലധനത്തിന്റെ പ്രാകൃത സഞ്ചയപ്രക്രിയയ്ക്ക് ആക്കം കൂട്ടും. ഈരണ്ടു നടപടികളോടും മോദി സർക്കാർ കാട്ടിയ പ്രതിബദ്ധതയെ (ഭൂമി ഏറ്റെടുക്കുന്നതിനായി അത് ഓർഡിനൻസുകൾ പുറപ്പെടുവിക്കുകയുണ്ടായല്ലോ) മൂഡീസ് പരിഗണനയ്ക്കെടുത്തു. ഇവ നടപ്പിലാക്കപ്പെട്ടാൽ ഇന്ത്യയുടെ വായ്പാക്ഷമതയുടെ നിലവാരം ഉയരുമെന്ന് കണിയൊരുക്കി. അതിനായി പ്രോൽസാഹിപ്പിക്കുകയും ചെയ്തു.

ചുരുക്കത്തിൽ അന്തർദേശീയ മൂലധനത്തിന്റെ ഒരു പ്രമുഖ ഏജൻസിയായ മൂഡീസ് അഭിനന്ദിക്കുന്നത് പണിയെടുക്കുന്ന ജനങ്ങൾക്ക് നേരേയുള്ള ആക്രമണങ്ങൾ തുടരുന്നതിനു വേണ്ടിയാണ്. ഇക്കാര്യത്തിൽ മൻമോഹൻസിങ്ങിനേയും ചിദംബരത്തേയും മോദിസർക്കാർ കടത്തിവെട്ടിയിരിക്കുകയാണ്. നവഉദാരവൽക്കരണ വ്യവസ്ഥിതിയുടെ യുക്തി ഇതാണ്. പണിയെടുക്കുന്ന ജനങ്ങൾക്കു നേരേയുള്ള ആക്രമണം എത്രകണ്ട് ശക്തമായിരിക്കുമോ അത്രകണ്ട് അതിന് നേതൃത്വം നൽകുന്ന സർക്കാരുകളുടെ വായ്പാക്ഷമതാ നിലവാരത്തിലും ഉയർച്ചയുണ്ടാകും.

ഇതെല്ലാം നമ്മുടെ മുന്നിലുണ്ടെങ്കിൽ കൂടിയും ഏറ്റവും ശ്രദ്ധേയമായി അനുഭവപ്പെടുന്നത് എന്താണോ ധനമൂലധനത്തിന് ഗുണകരം അത് രാജ്യത്തിനും ഗുണകരമാണെന്ന ധാരണ പ്രചരിപ്പിക്കുന്നതിനായി അവലംബിക്കപ്പെടുന്ന രീതികളാണ്. ഇതും നവഉദാരവ്യവസ്ഥയുടെ ഒരു സവിശേഷതയാണ്. സമ്പദ് ഘടനയ്ക്ക് മേൽ സർക്കാരിന് നിയന്ത്രണമുണ്ടായിരുന്ന മുൻകാല മുതലാളിത്ത വ്യവസ്ഥയിലെ ഭരണകൂടങ്ങൾ മുതലാളിത്ത വികസനപാത തന്നെയാണ് പിന്തുടർന്നുവന്നിരുന്നത് എങ്കിലും അത് വർഗങ്ങൾക്ക് അതീതമായി നിലകൊള്ളുന്നതായുള്ള പ്രതീതി സൃഷ്ടിച്ചിരുന്നു. എല്ലാവർക്കും വേണ്ടി ഇടപെടലുകൾ നടത്തുന്നതായും, നവഉദാരവൽക്കരണ ഭരണകൂടങ്ങൾക്കാകട്ടെ അന്താരാഷ്ട്ര ധനമൂലധനത്തിന്റെ താൽപ്പര്യങ്ങളുമായി വളരെ അടുത്ത ബന്ധമാണുള്ളത്. അന്താരാഷ്ട്ര ധനമൂലധനത്തോട് കൈകോർത്തുനിൽക്കുന്ന തദ്ദേശീയ കുത്തക ധനിക വർഗത്തിന്റെ താൽപ്പര്യത്തോടും. ഈ ബന്ധത്തിനെ സാധൂകരിക്കുന്നതിനായി ധനമൂലധനത്തിന്റെയും രാജ്യത്തിന്റെയും താൽപ്പര്യങ്ങൾ ഒന്നുതന്നെയാണെന്നുള്ള സൈദ്ധാന്തിക ന്യായീകരണമാണ് നവഉദാരവൽക്കരണ ഭരണകൂടം മുന്നോട്ടുവയ്ക്കുന്നത്.

കുറച്ചുനാൾമുമ്പ് ലോകബാങ്കിന്റെ "വ്യവസായ നടത്തിപ്പ് ആയാസരഹിതമാക്കുന്നതുമായി" ബന്ധപ്പെട്ട സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 130 –ൽ നിന്ന് 100 ആയി മെച്ചപ്പെട്ടപ്പോൾ ആ ദേശീയ നേട്ടത്തെ അനുമോദിക്കാൻ എല്ലാവരോടും സർക്കാർ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇന്റർനാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട പട്ടിണി ദുരിതത്താൽ ബാധിതരായ 119 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ നൂറാമത്തെ സ്ഥാനത്തായതിനെ കുറിച്ച് സർക്കാരിന് ഒരുവാക്കുപോലും പറയുവാനുണ്ടായിരുന്നില്ല. ചുരുക്കത്തിൽ ധനത്തിന്റെ (ഫിനാൻസ്) താൽപ്പര്യങ്ങൾക്കാണ് ഇവിടെ ഏറ്റവുമധികം പ്രാധാന്യം നൽകപ്പെടുന്നത്. പട്ടിണിപ്പാവങ്ങളുടെ താൽപ്പര്യങ്ങൾക്കല്ല. ധനം സമം രാജ്യം എന്ന കാഴ്ചപ്പാടാണ് ദേശീയതയെക്കുറിച്ച് നിരന്തരം വാചാലമാകുന്ന ഒരു സർക്കാർ ഇവിടെ പ്രചരിപ്പിക്കുന്നത്. നമ്മുടെ "തീവ്രദേശീയവാദികൾ" ആണെങ്കിൽ മുൻകാലങ്ങളിലെ സർക്കാരുകളേക്കാൾ അൽപ്പം മെച്ചപ്പെട്ട ഒരുസ്ഥാനം അന്താരാഷ്ട്ര മൂലധനത്തിന്റെ ഒരു ഏജൻസി നൽകിയതിൽ വിരോധാഭാസമെന്നു പറയട്ടെ ആഹ്ലാദത്തിലുമാണ്!

രാഷ്ട്രത്തെ ധനമൂലധനത്തിന് സമമായി പരിഗണിക്കുകയും അതിന്റെ ഭാഗമായി തൊഴിലെടുക്കുന്ന ജനങ്ങളെ പിഴിഞ്ഞെടുക്കുകയും ചെയ്യുന്നതിനെ സ്ഥിരമായി നൽകപ്പെടുന്ന ന്യായീകരണം ഇത് തൽക്കാലം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ വളർച്ചയെ ത്വരിതപ്പെടുത്തുമെന്നാണ്. എന്നാൽ ജനങ്ങളെ പിഴിഞ്ഞെടുക്കുന്നതും (അതിന്റെ ഫലമായി വായ്പാ ക്ഷമതയുടെ നിലവാരം ഉയരുന്നതും) തമ്മിലുള്ള ബന്ധം തന്നെ സംശയാസ്പദമാണ്. ഈ പദവി ഉയർത്തൽ ഇന്ത്യയുടെ ഭാവിയിലെ വിദേശ കടമെടുപ്പുകളുടെ പലി

ശനിരക്ക് കുറയുവാൻ സഹായിക്കുമെന്നാണ് കരുതപ്പെടുന്നത്. എന്നാൽ ഇതിന് ഉറപ്പൊന്നുമില്ല. മാത്രവുമല്ല "ദീർഘകാലത്തിനുശേഷം" ഉയർന്ന വളർച്ചയുടെ ഗുണഭോക്താക്കളായി തൊഴിലാളികൾ മാറുന്ന ആ നല്ലകാലം ഒരുകാലത്തും വന്നെത്തുകയുമില്ല. ധനത്തേയും രാജ്യത്തേയും ഒന്നായി കാണുന്നത് അതുകൊണ്ട് വെറുമൊരു സൈദ്ധാന്തികമായ നിർമ്മിതി മാത്രമാണ്.

ധനമൂലധനത്തെയും രാജ്യത്തെയും ഒന്നായി കാണുന്നത് ഒരു സൈദ്ധാന്തികമായ നിർമിതി മാത്രമായതുകൊണ്ട് അത് പൂർണമായും അടിത്തറയില്ലാത്തതും വെറുമൊരു തെറ്റിദ്ധാരണയുടെ പ്രകടനമാണെന്നും അർത്ഥമാക്കേണ്ടതില്ല. "വസ്തുനിഷ്ഠ വിവേകത്തിന്റെ" അല്ലെങ്കിൽ നവ ഉദാരവത്കരണ മുതലാളിത്തത്തിന് അപരിചിതമായ ശരിയായ അറിവിന്റെ കാഴ്ചപ്പാടിൽ നോക്കുമ്പോൾ അത് തികച്ചും യുക്തിരഹിതമായ ഒന്നാണെന്ന് തീർച്ചയായും ബോധ്യമാകും. എന്നാൽ നവഉദാരവൽക്കരണ മുതലാളിത്തത്തിന്റെ യുക്തിയിൽ നോക്കുമ്പോൾ ആ വ്യവസ്ഥക്കുള്ളിൽ അതിന് അംഗീകാരാവും സ്വീകാര്യതയും ഉണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല. അടിമത്വ സമൂഹം നിലനിന്നിരുന്ന കാലഘട്ടത്തിൽ ആ സമൂഹത്തിന്റെ യുക്തിയാൽ സ്വാധീനിക്കപ്പെട്ടിരുന്ന ഒരാൾക്ക് അടിമകളുടെ ഉടമ സന്തോഷവാനായിരിക്കുന്നത് (അല്ലെങ്കിൽ അയാൾ അടിമകൾക്കുമേൽ കൊടിയ മർദ്ദനം അഴിച്ചുവിടും.) അന്നത്തെ മൊത്തം സമൂഹത്തിന്റെയും സന്തോഷത്തിന് അനിവാര്യമാണെന്ന തോന്നലുണ്ടാകും. അതുപോലെ തന്നെ നവ ഉദാരവത്കരണ സമൂഹത്തിന്റെ യുക്തിക്കുള്ളിൽ ധനമൂലധനത്തെ സന്തോഷിപ്പിച്ച് നിർത്തുന്നത് രാജ്യത്തിന്റെ മൊത്തം സന്തോഷത്തിന് അനിവാര്യമാണെന്ന ചിന്ത ഉയർന്നുവരുന്നത് സ്വാഭാവികമാണ്.

ഇതിനെ മറ്റൊരു രീതിയിൽ ഇങ്ങനെ വ്യാഖ്യാനിക്കാം. നവ ഉദാരവത്കരണ മുതലാളിത്ത വ്യവസ്ഥയെ മറികടന്നുകൊണ്ടു മാത്രമേ രാജ്യത്തെയും ധനമൂലധനത്തെയും ഒന്നായി കാണുന്ന സൈദ്ധാന്തിക നിർമ്മിതിയിൽ നിന്ന് രക്ഷ കണ്ടെത്തുവാനാകൂ. ഈ നിർമ്മിതി ബൗദ്ധികമായ പരിശ്രമങ്ങളിലൂടെ മാത്രം പൂർണമായും പുറന്തള്ളുവാനാകുന്ന "തെറ്റായ ആശയം" മാത്രമല്ല. അത് നവ ഉദാരവത്കരണ മുതലാളിത്ത വ്യവസ്ഥയിൽ വേരുറച്ചു നിൽക്കുന്ന വസ്തുനിഷ്ഠ വിവേകത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന "തെറ്റായ ആശയമാണ്". നവ ഉദാരവത്കരണ വ്യവസ്ഥയെ മറികടന്നുകൊണ്ടു മാത്രമേ അതിനെ മറികടക്കുവാൻ സാധിക്കൂ. ഈ ആശയത്തിലെ തെറ്റുകളെ മനസിലാക്കിക്കൊണ്ട് നവഉദാരവത്കരണ വ്യവസ്ഥിതിയിൽ നിന്നു കൊണ്ടു തന്നെ യഥാർത്ഥമായ വസ്തുനിഷ്ഠ വിവേകത്തിന്റെ കാഴ്ചപ്പാടിനെ ആ വ്യവസ്ഥിതിക്കകത്ത് പ്രചരിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതാണ് നവഉദാരവത്കരണ മുതലാളിത്ത വ്യവസ്ഥയെ മറികടക്കുന്നതിനായുള്ള പരിശ്രമങ്ങളുടെ ആദ്യചുവടുവയ്പ്. ■

# 5 അതിസമ്പന്നരുടെ സ്വത്ത് 50% ത്തിന് സമം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോളിസി സ്റ്റഡീസ് നവംബറിൽ നടത്തിയ ഒരു പഠനത്തിൽ കണ്ടത് അമേരിക്കയിലെ ഏറ്റവും ധനികരായ ജെഫ് ബെസോസ്, ബിൽഗേറ്റ്സ്, വാറൻ ബഫറ്റ് എന്നീ മൂന്നു പേരുടെ സമ്പത്ത് അമേരിക്കയിലെ ഏറ്റവും താഴെക്കിടയിലുള്ള 50% ജനങ്ങളുടെ സമ്പത്തിനു തുല്യമാണെന്നാണ്. ലോകത്തെ അഞ്ചു സമ്പന്നരുടെ സ്വത്ത് ലോകത്തെ പാവപ്പെട്ട 50% ജനങ്ങളുടെ സമ്പത്തിനു തുല്യമാണ്. അതായത് ലോകത്തെ ഏകദേശം 360 കോടി ജനങ്ങളുടെ സ്വത്തും ഏറ്റവും ധനികരായ അഞ്ചുപേരുടെ സ്വത്തും 2017 നവംബറിൽ ഏകദേശം തുല്യം. ഓക്സ്ഫാം എന്ന സംഘടനയുടെ പഠനത്തിൽ പറയുന്നത് 2016 ജനുവരിയിൽ 62 സമ്പന്നരുടെ സ്വത്തിനു തുല്യമാണ് ലോകത്തെ 50% സമ്പത്തെന്നാണ്. 2017 ജനുവരിയിലെ ഓക്സ്ഫാം കണക്കുകൾ കണ്ടത് ലോകത്തെ 8 ധനികരുടെ സമ്പത്തിനു തുല്യമാണ് 50% സാധാരണ ജനങ്ങളുടെ സ്വത്തെന്നാണ്. ലോകത്തെ 1% ത്തിൽ താഴെ ആളുകൾ 99% ജനങ്ങളുടെ സ്വത്തിനു സമാനമായ സമ്പത്താണ് കയ്യടക്കിയിരിക്കുന്നത്. 2010 ൽ 388 പേരുടെ സമ്പത്തിനു തുല്യമായിരുന്നു പാവപ്പെട്ട 50% ത്തിന്റെ സമ്പത്ത്. 2014 ൽ അത് 80 പേരുടെ സമ്പത്തിനു തുല്യമായി. 2016 ജനുവരിയിൽ 62 പേരുടേ സമ്പത്തിനു സമാനമായിരുന്നു സാധാരണക്കാരായ 50% പേരുടെ സമ്പത്ത്. എന്നാൽ 2017 നവംബറിൽ ലോകത്തെ 50% സാധാരണ ജനങ്ങളുടെ സമ്പത്ത് ധാനാഢ്യരായ 5 പേരുടെ സ്വത്തിനു സമാനമായി.

2010 നും 2015 നുമിടയിൽ ലോകത്തെ ഏറ്റവും പാവപ്പെട്ട 50% ജനങ്ങളുടെ സ്വത്തിൽ 41 % ത്തിന്റെ ഇടിവുണ്ടായി. ഇതേ കാലയളവിൽ 62 സമ്പന്നരുടെ സ്വത്ത് 500 ബില്യൻ ഡോളറിന്റെ വളർച്ച നേടി. എത്ര വേഗതയിലാണ് അസമത്വങ്ങൾ ഉയരുന്നതും സമ്പത്തിന്റെ അതിഭീകരമായ കേന്ദ്രീകരണം നടക്കുന്നതും എന്ന് ഈ കണക്കുകൾ സൂചിപ്പിക്കുന്നു.

2017 നവംബറിൽ ബിൽഗേറ്റ്സിനെ പിന്തള്ളി ജെഫ് ബെസോസ് ഏറ്റവും വലിയ സമ്പന്നനായി. ആമസോണിന്റെ ജെഫ്ബെസോസ് സമ്പത്ത് കുന്നുകൂട്ടുന്നത് ലോകത്താകെ പരന്നുകിടക്കുന്ന 3 ലക്ഷത്തോളം തൊഴിലാളികളുടെ അധ്വാനം ചൂഷണം ചെയ്തിട്ടാണ്. ഇന്തയയിലെ ആമസോൺ ജീവനക്കാർക്ക് ശരാശി ഒരു മാസം കിട്ടുന്നത് 233 ഡോളർ അല്ലെങ്കിൽ 15,000 രൂപയാണ്. യാതൊരു ജോലി സുരക്ഷിതത്വും ഇല്ല എന്നു മാത്രമല്ല ക്ലിപ്തമായ ജോലി സമയം തന്നെയില്ല. മണിക്കൂറുകളോളം തുടർച്ചയായി പണിയെടുക്കണം. സാമൂഹ്യ സുരക്ഷതിത്വ സംവിധാനങ്ങളും തുച്ഛമാണ്.

# കേന്ദ്ര പൊതു മേഖലയിലെ എട്ടാം റൗണ്ട് ശമ്പള പരിഷ്കരണം

കെ.ചന്ദ്രൻപിള്ള

**മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചുകൊണ്ടിരിക്കുകയും എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയം മൂലം ലാഭകരമല്ലാതാവുകയും ചെയ്ത തന്ത്ര പ്രധാന മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ ജീവനക്കാർക്ക് ശമ്പള വർധനവ് നിഷേധിക്കുന്നതും നിരവധി തൊഴിലാളി വിരുദ്ധ നിർദേശങ്ങൾ അടങ്ങിയതുമായ ഡിപിഇ മാർഗരേഖക്കെതിരെ ശക്തമായ പ്രതിരോധം ഉയർത്തിക്കൊണ്ടുവരണം.**

കേന്ദ്ര പൊതുമേഖലയിലെ ശമ്പള പരിഷ്കരണത്തിനുള്ള മാർഗരേഖ 2017 നവംബർ 24 ന് ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് എന്റർപ്രൈസസ് പുറപ്പെടുവിച്ചു. 1/1/2017 മുതൽ പ്രാബല്യത്തിൽ വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് പൊതുവിൽ ഈ മാർഗ രേഖ ബാധകമാക്കുക. ശമ്പള പരിഷ്കരണ ചർച്ചക്കുള്ള ഉപാധികൾ മാർഗരേഖ പ്രകാരം താഴെ പറയുന്നവയാണ്.

1. 2016 ഡിസംബർ 31 ന് കാലഹരണപ്പെട്ട ശമ്പള കരാറുകൾക്ക് പകരം പുതിയ കരാറുണ്ടാക്കുമ്പോൾ പ്രഥമ പരിഗണന സ്ഥാപനത്തിന്റെ സാമ്പത്തിക സുസ്ഥിരതയാകണം. (അഫോഡബിലിറ്റി ആന്റ് ഫിനാൻഷ്യൽ സബ്സ്റ്റയിനബിലിറ്റി)
2. ഗവൺമെന്റിന്റെ ബജറ്റ് പിന്തുണ ശമ്പള പരിഷ്കരണത്തിന് ഉണ്ടായിരിക്കില്ല. ആഭ്യന്തര ശ്രോതസുകളിൽ നിന്നു തന്നെ ശമ്പള പരിഷ്കരണത്തിനുള്ള വിഭവം കണ്ടെത്തേണ്ടതാണ്.
3. പുനസംഘടനക്കോ പുനരുദ്ധാരണ പദ്ധതിക്കോ ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുള്ള സ്ഥാപനങ്ങളിൽ പുനരുദ്ധാരണ പദ്ധതിക്ക് വിധേയമായിട്ടാണ് ശമ്പള പരിഷ്കരണം നടത്തേണ്ടത്.
4. ശമ്പള സ്കെയിലുകൾ നിശ്ചയിക്കുമ്പോൾ എക്സിക്യൂട്ടീവ് / ഓഫീസേഴ്സ് /നോൺ യൂണിയനൈസ്ഡ് സൂപ്പർവൈസേഴ്സ് എന്നിവരുടെ നിലവിലുള്ള ശമ്പള സ്കെയിലിനേക്കാൾ അധികരിച്ചുകൂട.
5. ശമ്പള വർധനവിന്റെ ഫലമായി സ്ഥാപനത്തിന്റെ ഉത്പന്നത്തിന്റെയോ സേവനത്തിന്റേയോ വില ഉയർത്താൻ ഇടവരുന്നില്ലെന്ന് ഉറപ്പുവരുത്തണം.
6. ശമ്പള പരിഷ്കരണത്തിന്റെ ഫലമായി ഉത്പന്നത്തിന്റെയോ സേവനത്തിന്റെയോ ഉത്പാദന ചിലവ് കൂടാൻ പാടില്ല. ഉത്പാദനം കൂട്ടിയോ തൊഴിലാളികളുടെ എണ്ണം കുറച്ചോ (തൊഴിലാളികളുടെ ഉത്പാദന ക്ഷമത കൂട്ടിക്കൊണ്ട്) ശമ്പള പരിഷ്കരണത്തിനുള്ള വിഭവം കണ്ടെത്തേണ്ടതാണ്.
7. കരാർ കാലാവധി നിലവിലുള്ള 5 വർഷക്കാർക്ക് അതും, പത്തു വർഷക്കാർക്ക് അതും തുടരേണ്ടതാണ് (നിലവിൽ പത്തു വർഷ കാലാവധിയുള്ള സ്ഥാപനങ്ങളിലെല്ലാം അത് 5 വർഷത്തെ കരാറുണ്ടാക്കണമെന്ന് ട്രേഡ് യൂണിയനുകളുടെ ഹൈദരാബാദിലെ 2017 ഒക്ടോബർ 22 ന് ചേർന്ന ദേശീയ ശില്പശാല തീരുമാനിച്ചിരിക്കുകയാണ്.
8. കരാറുകളെല്ലാം ബന്ധപ്പെട്ട മന്ത്രാലയങ്ങളുടെ അനുമതിയോടെയാണ് നടപ്പാക്കേണ്ടത്.

മെച്ചപ്പെട്ട ശമ്പള ഘടനക്കു വേണ്ടിയുള്ള കൂട്ടായ വിലപേശലിനെ ദുർബലപ്പെടുത്താനും തകർക്കാനും മാത്രമുതകുന്ന ഈ നിബന്ധനകൾ അംഗീകരിക്കാനാവില്ല. പൊതുമേഖലയെ തകർക്കുന്ന നയത്തിന്റെ ഒപ്പം തന്നെ രാജ്യത്തെ 44 കേന്ദ്ര തൊഴിൽ നിയമങ്ങൾ കൂട്ടുച്ചേർത്ത് 4 ലേബർ കോഡുകൾ (വേതന കോഡ്, വ്യവസായ ബന്ധ കോഡ്, സാമൂഹ്യ സുരക്ഷാ കോഡ്)രൂപീകരിച്ച്

നിലവിലെ തൊഴിൽ നിയമങ്ങളെല്ലാം കേന്ദ്ര ഗവണ്മെന്റ് പൊളിച്ചെഴുതാനുള്ള തീവ്ര ശ്രമത്തിലാണ്. ഇതിന്റെ ഭാഗമായി തൊഴിലാളികൾക്ക് നിലവിൽ ലഭ്യമായ സംഘടനാ അവകാശങ്ങളും തൊഴിലുമായി ബന്ധപ്പെട്ട സംരക്ഷണവും ഇല്ലാതായി. തൊഴിലുടമകൾക്ക് അനുകൂലമായും തൊഴിലാളികൾക്ക് അങ്ങേയറ്റം എതിരുമായ നിയമ നിർമാണത്തിലാണ് ഗവണ്മെന്റ് പദ്ധതിയിടുന്നത്. ഈ പശ്ചാത്തലത്തിൽ കേന്ദ്ര പൊതുമേഖലയിലെ തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ചർച്ചകൾ വൻ വെല്ലുവിളികളേയാണ് നേരിടേണ്ടി വരിക.

2017 ആഗസ്ത് 3 ന് കേന്ദ്ര പൊതു മേഖല എക്സിക്യൂട്ടീവ് ജീവനക്കാരുടെ മൂന്നാം ശമ്പള പരിഷ്കരണ കമ്മിറ്റി ശുപാർശകൾ ഓഫീസ് മെമ്മോറാണ്ടം വഴി കേന്ദ്ര ഗവണ്മെന്റ് പ്രസിദ്ധീകരിച്ചു. ഈ ഉത്തരവിലൂടെ നിലവിൽ ലഭ്യമായ നിരവധി നേട്ടങ്ങൾ നിഷേധിച്ചിരിക്കുകയാണ്. ശമ്പള പരിഷ്കരണം ഉല്പാദന ക്ഷമതയുമായി, ലാഭ വർധനവുമായി ബന്ധപ്പെടുത്തി മാത്രം നടത്തിയാൽ മതിയെന്നതാണ് ഒരുപാധി. ശമ്പളപരിഷ്കരണം നടപ്പാക്കപ്പെടുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള 3 സാമ്പത്തിക വർഷങ്ങളിലെ നികുതിക്ക് മുമ്പുള്ള ലാഭത്തിന്റെ 20% ത്തിൽ നിന്നും അധികരിക്കാൻ പാടില്ല, ശമ്പള വർധനവ് മൂലമുള്ള അധിക ആഘാതമെന്നതാണ് മറ്റൊരു പാധി. ശമ്പള പരിഷ്കരണത്തിനു ശേഷം ഓരോ മൂന്നു വർഷം കഴിയുമ്പോഴും സ്ഥാപനത്തിന്റെ ലാഭക്ഷമത പരിശോധിക്കും. മുൻ വർഷങ്ങളിലെ വേതന വർധനവിന്റെ ആഘാതം ലാഭത്തിന്റെ 20 ശതമാനത്തിൽ അധികരിച്ചാൽ വർധിപ്പിച്ച ശമ്പളവും അലവൻസുകളും ആനുപാതികമായി കുറയ്ക്കും.

**കരാർ കാലാവധി**

ജസ്റ്റിസ് സതീഷ് ചന്ദ്ര ചെയർമാനായുള്ള മൂന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ കരാർ കാലാവധി 10 വർഷമായി അടിച്ചേല്പിച്ചിരിക്കുന്നു. ജസ്റ്റിസ് റാവു ചെയർമാനായുള്ള രണ്ടാം ശമ്പള പരിഷ്കരണ കമ്മിറ്റി റിപ്പോർട്ടിലെ 10 വർഷം എന്ന നിർദേശം കേന്ദ്ര പൊതുമേഖലാ ട്രേഡ് യൂണിയനുകൾ സംയുക്ത പ്രക്ഷോഭത്തിലൂടെ ശക്തിയായി എതിർത്തിരുന്നു. ഒടുവിൽ കാലാവധി 5 വർഷത്തിൽ കുറയാത്തതും 10 വർഷത്തിൽ കൂടാത്തതും എന്ന രീതിയിൽ ഭേദഗതി ചെയ്യുകയായിരുന്നു. തുടർന്ന് കോൾ ഇന്ത്യ, സ്റ്റീൽ അതോറിറ്റി, ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ്, നാഷണൽ മിനറൽ ഡവലപ്മെന്റ് കോർപറേഷൻ, നെയ്‌വേലി ലിഗ്നൈറ്റ് എന്നിവിടങ്ങളിലും 13 മേജർ പോർട്ടുകളിലും 5 വർഷ കാലാവധിയുടെ കരാറുകളാണ് ഒപ്പിട്ടത്.

ബഹുരാഷ്ട്ര കമ്പനികളിലും നിരവധി രാജ്യങ്ങളിലും വാർഷിക ശമ്പള കരാറുകളാണ് നിലവിലുള്ളത്. ഇന്ത്യയിലെ കോർപറേറ്റ് കമ്പനികളിലെ ശമ്പള കരാറുകൾ പൊതുവിൽ 3 വർഷ

**ബഹുരാഷ്ട്ര കമ്പനികളിലും നിരവധി രാജ്യങ്ങളിലും വാർഷിക ശമ്പള കരാറുകളാണ് നിലവിലുള്ളത്. ഇന്ത്യയിലെ കോർപറേറ്റ് കമ്പനികളിലെ ശമ്പള കരാറുകൾ പൊതുവിൽ 3 വർഷ കാലത്തേതാണ്. എല്ലാം കമ്പോളത്തിന് വിട്ടുകൊടുക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ വക്താക്കൾ തൊഴിലാളികളുടെ കൂലി പത്തു വർഷമായിരിക്കണമെന്ന് ശഠിക്കുന്നതിൽ യാതൊരു യുക്തിയുമില്ല.**

കാലത്തേതാണ്. എല്ലാം കമ്പോളത്തിന് വിട്ടുകൊടുക്കുന്ന പ്രത്യയശാസ്ത്രത്തിന്റെ വക്താക്കൾ തൊഴിലാളികളുടെ കൂലി പത്തു വർഷമായിരിക്കണമെന്ന് ശഠിക്കുന്നതിൽ യാതൊരു യുക്തിയുമില്ല. എണ്ണ കമ്പനികൾക്ക് എല്ലാ ദിവസവും ഉത്പന്നങ്ങൾക്ക് വില വർധിപ്പിക്കുവാൻ ഉദാരമായ അവസരം കൊടുത്തിട്ടുള്ള കേന്ദ്ര ഗവണ്മെന്റാണ് തൊഴിലാളികളുടെ അധ്വാനത്തിന്റെ വില 10 വർഷക്കാലത്തേക്ക് മരവിപ്പിച്ചു നിർത്താൻ ശഠിക്കുന്നത്.

**കോൾ ഇന്ത്യാ കരാർ**

ഡിപിഇയുടെ മാർഗരേഖ വരുന്നതിന് മുമ്പു തന്നെ കോൾ ഇന്ത്യയിൽ 5 വർഷത്തെ കരാറ് 2017 ഒക്ടോബർ 10 ന് ഒപ്പു വച്ചു. 1/7/2016 മുതൽ 30/6/2021 വരെ ബാധകമായ കരാർ പ്രകാരം തൊഴിലാളികൾക്ക് ഒട്ടാകെ 28 % ഫിറ്റ്മെന്റ് ലഭിക്കും.

**ഹൈദരാബാദിൽ ശില്പശാല**

ഹൈദരാബാദിൽ ചേർന്ന കേന്ദ്ര പൊതുമേഖലാ ട്രേഡ് യൂണിയനുകളുടെ ദേശീയ ശില്പശാല ശമ്പള പരിഷ്കരണ ചർച്ചകളുടെ പശ്ചാത്തലം വിശദമായി ചർച്ച ചെയ്യുകയും ഭാവി പ്രവർത്തന കാഴ്ചപ്പാട് ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു. പ്രധാനപ്പെട്ട ദേശീയ തൊഴിലാളി സംഘടനയായ ഐഎൻടിയുസിയെ എല്ലാ ദ്വികക്ഷി–ത്രികക്ഷി വേദികളിൽ നിന്നും ഒഴിവാക്കുന്ന കേന്ദ്ര ഗവണ്മെന്റ് നിലപാടിൽ ശില്പശാല അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. മെച്ചപ്പെട്ട ശമ്പള പരിഷ്കരണ കരാറുകൾ അസാധ്യമാക്കുന്ന കേന്ദ്ര ഗവണ്മെന്റിന്റെ നിബന്ധനകളും ഉപാധികളും തള്ളിക്കളയുവാൻ ശില്പശാല തീരുമാനിച്ചു.

മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ചുകൊണ്ടിരിക്കുകയും എന്നാൽ കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ നയം മൂലം ലാഭകരമല്ലാതാവുകയും ചെയ്ത തന്ത്ര പ്രധാന മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ ജീവനക്കാർക്ക് ശമ്പള വർധനവ് നിഷേധിക്കുന്നതും നിരവധി തൊഴിലാളി വിരുദ്ധ നിർദേശങ്ങൾ അടങ്ങിയതുമായ ഡിപിഇ മാർഗരേഖക്കെതിരെ ശക്തമായ പ്രതിരോധം ഉയർത്തിക്കൊണ്ടുവരണം. ■

# ചരിത്രം രചിച്ച് കർഷക പാർലമെന്റ്

**ഹനൻ മൊള്ള**

**കർഷകരെ കടക്കെണിയിലേക്ക് നയിച്ചു കൊണ്ട് അവരുടെ ഉൽപ്പന്നങ്ങൾക്ക് കുറഞ്ഞ വില മാത്രം നൽകുന്ന ബിജെപി സർക്കാരും വ്യാപാരികളും കൊള്ളയാണ് നടത്തുന്നത്. കിസാൻ പാർലമെന്റിൽ അവതരിപ്പിച്ച രണ്ടു ബില്ലുകൾ മുൻനിർത്തിയും ബിജെപി സർക്കാരിന്റെ കർഷക ദ്രോഹ നയങ്ങൾ തുറന്നുകാട്ടിയും 2017 നവംബർ 26 മുതൽ 2018 ജനുവരി 26 വരെ രണ്ടു മാസത്തെ ദേശീയ പ്രചാരണ പരിപാടി സംഘടിപ്പിക്കാൻ കിസാൻ പാർലമെന്റ് തീരുമാനിച്ചു.**

2017 നവംബർ 20, 21 തീയതികളിൽ ഡൽഹിയിൽ 184 ലേറെ കർഷക സംഘടനകൾ പാർലമെന്റിന്
പേരിൽ നടത്തിയ ചരിത്രപരമായ പ്രതിഷേധത്തിൽ പതിനായിരക്കണക്കിന്
പങ്കെടുത്തത്
ബർ 20ന്
ക്കുമൊപ്പം പച്ചയും നീലയും മഞ്ഞയും പിങ്കും നിറമുള്ള കൊടികളുടെ വർണോത്സവം തീർത്താണ്
രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള കർഷകർ പങ്കെടുത്ത കർഷക പാർലമെന്റ്
സ്
ശേഷതകളും വിളിച്ചോതി.

ആവേശപൂർവം നടന്ന മാർച്ചിനെ അഖിലേന്ത്യ കിസാൻസഭ പ്രസിഡന്റ്
ളെ, വൈസ്
സെക്രട്ടറിമാരായ വിജൂ കൃഷ്
ഗേഷ്
പി കൃഷ്
കിസാൻ സഭ നേതാക്കൾ, അഖിലേന്ത്യ കിസാൻ സഭ കേന്ദ്ര കമ്മിറ്റി കൺവീനർ വി എം സിങ്
ജയ്
ഗേന്ദ്ര യാദവ്
നേതാക്കളായ പ്രേംസിങ്
ത്തിക്
യ ആശിഷ്
ഷേത്
വരാണ്
ആയിരങ്ങളാണ്
ബേദ്
നിന്നും വിവിധ റെയിൽവെ സ്
ന്നും പാർലമെന്റ്
റാലിയിൽ അഖിലേന്ത്യാ കിസാൻ സഭയുടെ പ്രാതിനിധ്യമായിരുന്നു ഏറ്റവും വിപുലം. മറ്റ്
സംഘടനകളും അവരുടെ ശക്തിതെളിയിച്ച്
ലിയിൽ അണിചേർന്നു.

അഖിലേന്ത്യ കിസാൻ സംഘർഷ്
നേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ പത്തൊൻപത്
മീറ്ററുകൾ പ്രയാണം ചെയ്
ത്രക്ക്
സൻസദ്
ലും മറ്റും പൊലീസ്
കളായ കർഷകർക്കും ആത്മഹത്യ ചെയ്
ഷകർക്കും കീടനാശിനി പ്രയോഗം മൂലം മരിച്ച
മഹാരാഷ്ട്രയിലെ യവത്
ആദരമർപ്പിച്ചുകൊണ്ടാണ്
സദിന്

543 വനിതാ പ്രതിനിധികൾ പങ്കെടുത്ത മഹിള കിസാൻ സൻസൻസദ്
രു സവിശേഷതയായിരുന്നു. മേധാ പട്
സാരിച്ച പരിപാടിയിൽ മഹിള കിസാൻ സൻസദിന്റെ ലക്ഷ്യങ്ങൾ വിശദീകരിച്ചത്
ആയിരുന്നു. രാജ്യത്തെ കർഷകരുടെ, പ്രത്യേകിച്ച വനിതകളായ കർഷകരുടെ ദയനീയ സ്ഥിതിയാണ്
കടക്കെണി മൂലം നിരവധി വിധവകളും അമ്മമാരും സഹോദരിമാരും പെൺകുട്ടികളും ജീവനൊടുക്കുകയാണ്
സഹനത്തെയും കുറിച്ച്
ത്താക്കന്മാരുടെ ആത്മഹത്യയിലേക്ക്
നയങ്ങളെ പൊരുതിത്തോൽപ്പിക്കാൻ നിശ്ചയദാർഢ്യത്തോടെ അവർ തീരുമാനമെടുക്കുന്നു. രാജ്യത്തെ വിവിധ വനിതാ പ്രവർത്തകരും ഈ പരിപാടിയിൽ പങ്കെടുത്തു. കിസാൻ സൻസദിൽ പാസാക്കാനുള്ള രണ്ടു നിർണായക ബില്ലുകൾക്ക്
മഹിള കിസാൻ സൻസദ്

അഖിലേന്ത്യ കിസാൻസഭ ജനറൽ സെക്രട്ടറി ഹനൻ മൊള്ള ഫ്രീഡം ഫ്രം ഡെബ്

2017ഉം(കടക്കെണിയിൽനിന്നുള്ള സ്വാതന്ത്ര്യം ബിൽ) രാജു ഷെട്ടി എം പി കാർഷികോൽ
പ്പന്നങ്ങൾക്ക്
ഷകരുടെ അവകാശമാക്കുന്ന ഫാർമേഴ്
റ്റു അഷ്വേഡ്
അഗ്രികൾച്ചറൽ പ്രൊഡ്യൂസ്
അവരതിപ്പിച്ചു. സംസ്ഥാന തലത്തിൽ ഈ ബില്ലു കൾ ചർച്ച ചെയ്യുകയും ഒരു കരട്
സ്ഥാനങ്ങൾ സന്ദർശിച്ച ശേഷം അവശ്യ ഭേദഗതി കൾ കൂട്ടിച്ചേർക്കും. ഹനൻ മൊള്ളയും രാജു ഷെട്ടിയും നേതൃത്വം നൽകുന്ന രണ്ട്
കമ്മിറ്റികൾ അംഗീകരിച്ച ശേഷം ഈ രണ്ടു ബി ല്ലുകൾ ലോക്
അവതരിപ്പിക്കുകയും ചെയ്യും.

രാജസ്ഥാനിലെ കർഷക പ്രക്ഷോഭം ചരിത്ര വി ജയമാക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ച അഖിലേന്ത്യ കിസാൻ സഭ വൈസ്
അമ്രാ റാമിനെയും കർഷകർക്ക്
ദാനം പാലിക്കാതെ വഞ്ചിച്ചതിൽ പ്രതിഷേധിച്ച് നരേന്ദ്ര മോഡി നയിക്കുന്ന ബിജെപി സർക്കാരി ന്റെ നിലപാടിൽ പ്രതിഷേധിച്ച്
രാജുഷെട്ടിയെയും കിസാൻ പാർലമെന്റ്
ച്ചു.

കർഷകരെ കടക്കെണിയിലേക്ക്
ണ്ട്
ത്രം നൽകുന്ന ബിജെപി സർക്കാരും വ്യാപാരി കളും കൊള്ളയാണ്
അവതരിപ്പിച്ചുകൊണ്ട്
നാലു ലക്ഷത്തിലേറെ കർഷകരാണ്
ആത്മഹത്യചെയ്
മഹാശക്തിയായി ചൂഷണത്തിനെതിരെ പൊരുതു കയാണ്
സർക്കാരിനെയും വ്യാപാരികളെയും അനുവദിക്കി ല്ല. രാജ്യത്തെങ്ങുമുള്ള സംഘടനകൾ നിരന്തരമാ യി കാർഷിക വായ്
ആവശ്യപ്പെട്ടു. എന്നാൽ ഏറ്റവും ഉദാത്തമായ രീ തിയിൽ അതിനായുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിച്ച്
കടക്കെണിയിൽനിന്നുള്ള സ്വാതന്ത്ര്യം ഉറപ്പാക്കു ന്നതിനുള്ള ബിൽ പാർലമെന്റ്
ആവശ്യങ്ങൾക്കുവേണ്ടിയുള്ള കർഷകരുടെ ഐക്യത്തോടെയുള്ള ദേശീയ പ്രക്ഷോഭം ഇടതടവില്ലാതെ തുടരുക തന്നെ ചെയ്യും.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഏറ്റവും കൂ ടുതൽ കർഷകരെ ദ്രോഹിച്ച സർക്കാരാണ്
ഡി സർക്കാരെന്ന്
പ്രസിഡൻഡ്
വിരലിലെണ്ണാവുന്ന കോർപറേറ്റുകളുടെ ശതകോ ടികളുടെ വായ്
തകരുന്നത്
ദനച്ചെലവിന്റെ ഒന്നര ഇരട്ടി തുക കുറഞ്ഞ താ ങ്ങുവിലയായി നൽകണമെന്ന ഡോ. എം എസ് സ്വാമിനാഥൻ തലവനായ നാഷണൽ കമീഷൻ
ഫോർ ഫാർമേഴ്
കോൺഗ്രസോ ബിജെപിയോ തയ്യാറായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇതു സംബന്ധിച്ച
തെരഞ്ഞെടുപ്പ്
നന്ദ്രേ മോഡിയും ബിജെപിയും കർഷകരെ ക്രൂ രമായി വഞ്ചിച്ചു. ഇത്തരം അടിച്ചമർത്തൽ തന്ത്രങ്ങളെയും ജനവിരുദ്ധ സർക്കാരിനെയും ജനങ്ങളെ വർഗീയമായി ഭിന്നിപ്പിക്കാനുള്ള അതി ന്റെ ഗൂഢതന്ത്രത്തെയും കർഷകർ ഐക്യത്തോ ടെ തകർക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അഖിലേന്ത്യ കിസാൻ സഭ വൈസ്
അമ്രാ റാം, മഹാരാഷ്ട്ര രാജ്യ കിസാൻ സഭ ജനറൽ സെക്രട്ടറി ഡോ. അജിത്
രാജസ്ഥാനിലെയും മഹാരാഷ്ട്രയിലെയും കർ ഷകരുടെ ദുഃസ്ഥിതിയെക്കുച്ച്
ത്രപരമായ ഈ പ്രസ്ഥാനത്തിന്
കുമെന്ന്

കിസാൻ സൻസദിനെ വി എം സിങ്
യാദവ്
സുനിലാം, പ്രതിഭ ഷിന്ദെ, രാജറാം സിങ്
ഡിഹള്ളി ചന്ദ്രശേഖർ, ആശിഷ്
വാൻ, അവിക്
നേതാക്കൾ അഭിസംബോധന ചെയ്

വിവിധ വർഗ ബഹുജന സംഘടനാ നേതാ ക്കളും ഐക്യദാർഢ്യവുമായെത്തി. എഐകെ എസ്
നുള്ള അനുമതി നിഷേധിച്ചുകൊണ്ടാണ്
നമന്ത്രിയും കൃഷിമന്ത്രിയും ഈ പ്രക്ഷോഭത്തോ ട്

കിസാൻ പാർലമെന്റിൽ അവതരിപ്പിച്ച രണ്ടു ബി ല്ലുകൾ മുൻനിർത്തിയും ബിജെപി സർക്കാരിന്റെ കർഷക ദ്രോഹ നയങ്ങൾതുറന്നുകാട്ടിയും 2017 നവംബർ 26 മുതൽ 2018 ജനുവരി 26 വരെ രണ്ടു മാസത്തെ ദേശീയ പ്രചാരണ പരിപാടി സംഘടി പ്പിക്കാൻ കിസാൻ പാർലമെന്റ്
ജറാത്തിൽ നവംബർ ഒടുവിൽ ഇതിനുമേൽ പൊ തു സഭ സംഘടിപ്പിച്ച്
തികൾ സ്വീകരിച്ചു. എല്ലാ സംസ്ഥാനങ്ങളിലും ആസൂത്രിതവും ശക്തവുമായ പ്രചാരണ പരിപാടി കൾ സംഘടിപ്പിക്കാനും സംസ്ഥാന തല കൺ വെൻഷനുകൾ വിളിച്ചുചേർക്കാനും തീരുമാനിച്ചു.

എല്ലാ വിളകൾക്കും താങ്ങുവില പ്രഖ്യാപി ക്കണമെന്ന്
കർഷകരെ ബാങ്കുകളും വട്ടിപ്പലിശക്കാരും ദ്രോ ഹിക്കുന്നത്
പ്പെട്ടും പ്രാദേശിക തലത്തിൽ വമ്പിച്ച ചെറുത്തു നിൽപ്പ്
ഉറച്ച ബിജെപി സർകാരിനെതിരെ വിജയം വരെയും സമരം നടത്താൻ ഉറച്ച പ്രതിജ്
കൈക്കൊണ്ടാണ്
നിന്ന്
നം ഉറക്കെച്ചൊല്ലിയാണ്
സമാപ്

# കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

**ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വ. കെ അനന്തഗോപൻ ചെയർമാനായി ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി. അംശാദായ തുക വർദ്ധിപ്പിച്ചും ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കിയും പരമാവധി തൊഴിലാളികളെ അംഗങ്ങളായി ചേർത്തും ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പുതിയ ബോർഡിന് കീഴിൽ നടന്നുവരുന്നത്. ചുരുങ്ങിയ കാലം കൊണ്ടുതന്നെ ബോർഡിന്റെ അംഗസംഖ്യ 10,53,000 ആയി വർദ്ധിച്ചിട്ടുണ്ട്. ബോർഡിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചുവരികയാണ്.**



ടി. പി. രാമകൃഷ്ണൻ

സംസ്ഥാനത്ത് കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെയും ഈ മേഖലയിൽ സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമം ഉറപ്പുവരുത്തുന്ന കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന് രൂപം നൽകിയത് മുൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. ഇന്ന് തൊഴിലാളികളുടെ എണ്ണത്തിൽ പ്രധാനപ്പെട്ട ഒരു സ്ഥാനം നേടിയെടുക്കാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. ചെറുകിട പീടികകൾ സ്വന്തമായി നടത്തുന്ന വ്യാപാരികൾ മുതൽ ഐ.ടി രംഗത്തെ ജീവനക്കാർ വരെയുള്ള, 1960–ലെ കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന, 18–നും 55–നും ഇടയിൽ പ്രായമുള്ള 3 മാസത്തെ സേവനം പൂർത്തിയായ മുഴുവൻ തൊഴിലാളികളും ക്ഷേമിധിയിൽ അംഗത്വത്തിന് അർഹരാണ്.

2006–ലെ കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ അടിസ്ഥാനത്തിൽ 2007–ലാണ് ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. ഇന്ന് ക്ഷേമനിധി ബോർഡിന് വയനാട് ഒഴികെ എല്ലാ ജില്ലകളിലും ഓഫീസുകളുണ്ട്. പ്രവർത്തനങ്ങൾ പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ക്ഷേമനിധിയിൽ അംശാദായത്തിന്റെ അടവും ആനുകൂല്യങ്ങളുടെ വിതരണവും ബാങ്ക് മുഖേന നടത്താൻ കഴിയുന്നത് ക്ഷേമനിധി അംഗങ്ങൾക്ക് ഏറെ സൗകര്യപ്രദമാണ്.

കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമപ്രകാരമുള്ള സ്ഥാപന ഉടമയ്ക്ക് തന്റെ സ്ഥാപനത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ പേരുവിവരം പദ്ധതിപ്രകാരമുള്ള ഫോറം 4–ൽ ജില്ലാ എക്സി.ഓഫീസർ മുമ്പാകെ സമർപ്പിക്കുവാൻ നിയമപ്രകാരം ബാദ്ധ്യതയുണ്ട്. കൂടാതെ ഒരു സ്ഥാപനത്തിൽ ഓരോ മാസവും പുതുതായി ജോലിയിൽ പ്രവേശിക്കുന്ന തൊഴിലാളികളുടെയും പിരിഞ്ഞുപോകുന്ന തൊഴിലാളികളുടെയും വിവരങ്ങൾ തൊട്ടടുത്ത മാസം 10–ാം തീയതിക്കുമുമ്പ് ഫോറം 5–ൽ സമർപ്പിക്കുവാനും തൊഴിലുടമയ്ക്ക് ബാദ്ധ്യതയുണ്ട്. ഫോറം 4–ൽ സമർപ്പിക്കുന്ന പട്ടികപ്രകാരമുള്ള തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾക്കായി ഫോറം നമ്പർ 1–ൽ അപേക്ഷ സമർപ്പിക്കണം. സ്വയംതൊഴിൽ ചെയ്യുന്നവരും പദ്ധതിയിൽ ചേരുന്നതിന് ഫോറം നമ്പർ 1–ൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം 2 പാസ്പോർട്ട് സൈസ് ഫോട്ടോയും ജനനതീയതി തെളിയിക്കുന്നതിന് ടടഘഇ ബുക്ക്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയിലൊന്നിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയും സമർപ്പിക്കേണ്ടതാണ്.

ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടുള്ള ഒരു തൊഴിലാളി മറ്റൊരു സ്ഥാപനത്തിലേക്ക് മാറിയാലും തന്റെ അംഗത്വ നമ്പർ നിലനിർത്തി ക്ഷേമനിധിയിൽ തുടരാവുന്നതാണ്. ഇതിനായി ഫോറം നമ്പർ 5–ൽ ജില്ലാ എക്സി. ഓഫീസിൽ അറിയിപ്പ് നൽകിയാൽ മതിയാവും.

തൊഴിലാളി–തൊഴിലുടമാ വിഹിതം 20 രൂപ വീതമാണ്. തൊഴിലാളി വിഹിതവും തൊഴിലുടമാ വിഹിതവും ചേർന്നുള്ള ഓരോ മാസത്തെയും അംശാദായം തൊഴിലുടമ അടുത്ത മാസം 5–ാം തീയതിക്കുമുമ്പായി ബോർഡ് ഓഫീസിൽ നേരിട്ട് പണമായോ, ബാങ്ക് ഡ്രാഫ്റ്റ് മുഖേനെയോ അടയ്ക്കേണ്ടതാണ്. അംശാദായ തുക ബാങ്ക് ഓഫ് ഇന്ത്യ, ധനലക്ഷ്മി ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് എന്നീ ബാങ്കുകൾ മുഖേനയും അടയ്ക്കാം. സ്വയംതൊഴിൽ ചെയ്യുന്നവർ പ്രതിമാസം 40 രൂപ ക്രമത്തിൽ അംശാദായമായി അടയ്ക്കേണ്ടതുണ്ട്. ഒരു വർഷം വരെയുള്ള അംശാദായ തുക മുൻകൂറായി അടയ്ക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്. സർക്കാർ ഗ്രാന്റായി ഓരോ അംഗവും ഫണ്ടിലേക്ക് അടയ്ക്കേണ്ട തുകയ്ക്ക് അനുസൃതമായി പ്രതിമാസം അഞ്ച് രൂപ വീതമോ തൊഴിലാളി വിഹിതമായി അടയ്ക്കുന്ന തുകയുടെ 25 ശതമാനമോ, ഏതാണോ കൂടുതൽ അത്, നിധിയിലേക്ക് ഓരോ വർഷവും നൽകേണ്ടതുണ്ട്. നിധിയിലേക്ക് അട

യ്ക്കേണ്ട അംശാദായ തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകളിൽ നിന്ന് റവന്യൂ റിക്കവറി വഴി തുക ഈടാക്കാനും വ്യവസ്ഥയുണ്ട്.

പദ്ധതിയിൽ അംഗത്വമെടുക്കുന്ന തൊഴിലാളികൾക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാണ്.

### പെൻഷൻ

10 വർഷം തുടർച്ചയായി അംശാദായം അടച്ച 60 വയസ് പൂർത്തിയാവുന്ന തൊഴിലാളികൾക്ക് പെൻഷന് അർഹതയുണ്ട്.ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാത്തിൽ വന്നതിനെതുടർന്ന് ക്ഷേമപെൻഷനുകളും ക്ഷേമനിധി പെൻഷനുകളും 1100 രൂപയായി ഉയർത്തി നിശ്ചയിച്ചതിന്റെ ആനുകൂല്യം ക്ഷേമനിധി അംഗങ്ങൾക്കും ലഭിക്കും. സ്ഥിരമായ ശാരീരിക അവശത മൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാത്ത തൊഴിലാളികൾക്കും പെൻഷൻ ലഭിക്കും. ഇതിലേക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുണ്ട്.

### കുടുംബ പെൻഷൻ

കുറഞ്ഞത് 15 വർഷം അംശാദായം അടച്ച അംഗമോ പദ്ധതിപ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിന് കുടുംബപെൻഷൻ ലഭിക്കാൻ അർഹതയുണ്ട്.

### വിവാഹാനുകൂല്യം

3 വർഷം തുടർച്ചയായി അംശാദായം അടച്ച അംഗത്തിന്റെ പ്രായപൂർത്തിയായ രണ്ട് പെൺമക്കളുടെയും സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിന് നിധിയിൽ നിന്നും വിവാഹാനുകൂല്യമായി 5000 രൂപ നൽകുന്നതാണ്.

### പ്രസവാനുകൂല്യം

ഒരു വർഷമെങ്കിലും തുടർച്ചയായി അംശാദായം അടച്ചതും എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിയുടെ പരിധിയിൽ വരാത്തതുമായ സ്ത്രീ തൊഴിലാളികൾക്ക് പരമാവധി രണ്ട് തവണ 15000 രൂപ വീതം പ്രസവാനുകൂല്യമായി നൽകുന്നതാണ്. ഗർഭം അലസൽ സംഭവിച്ച അംഗത്തിന് പരമാവധി രണ്ടു തവണ 2500 രൂപ വീതം ധനസഹായമായി നൽകാനും വ്യവസ്ഥയുണ്ട്.

### വിദ്യാഭ്യാസാനുകൂല്യം

ഒരു വർഷമെങ്കിലും അംശാദായം അടച്ച അംഗങ്ങളുടെ സമർത്ഥരായ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. പ്ലസ് ടു മുതൽ പ്രൊഫഷണൽ പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് വരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 750 മുതൽ 3000 രൂപ വരെ വിദ്യാഭ്യാസ ആനുകൂല്യമായി നൽകിവരുന്നുണ്ട്.

### ചികിത്സാ സഹായം

3 വർഷം തുടർച്ചയായി അംശാദായം അടച്ച അംഗത്തിനും കുടുംബത്തിനും സർക്കാർ ആശുപത്രികളിൽ കിടന്നുള്ള ചികിത്സയ്ക്ക് പരമാവധി 10000 രൂപ വരെ ചികിത്സാ സഹായമായി അനുവദിക്കും.

### മരണാനന്തര സഹായം

3 വർഷം അംശാദായം അടച്ച അംഗത്തിന്റെയും കുടുംബാംഗങ്ങളുടെയും മരണാനന്തര ചെലവിലേക്ക് 1000 രൂപ വീതവും മരണാനന്തര ധനസഹായമായി സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 20000 രൂപ വരെയും പദ്ധതി പ്രകാരം അനുവദിക്കും.

### അംശാദായം തിരിച്ചു നൽകൽ

തൊഴിലാളി വിഹിതമായി നിധിയിലേക്ക് അടയ്ക്കുന്ന തുക പെൻഷൻ പറ്റി പിരിയുമ്പോൾ പൂർണമായി തിരികെ നൽകും. സ്ഥിരമായ ശാരീരിക അവശത മൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുകയോ 60 വയസ് തികയുകയോ ചെയ്ത അംഗങ്ങൾക്കും 2 വർഷം തുടർച്ചയായി അംശാദായം അടച്ച് നിധിയിൽ നിന്നും ഒരാനുകൂല്യവും കൈപ്പറ്റാതെ സർക്കാർ–അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം തൊഴിൽ ലഭിച്ച് പോകുന്ന അംഗങ്ങൾക്കും മരണാനന്തര സഹായധനം ലഭിക്കാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്കും നിധിയിലേക്ക് അടവാക്കിയ തുക പൂർണമായും തിരികെ നൽകും.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്വ. കെ അനന്തഗോപൻ ചെയർമാനായി ക്ഷേമനിധി ബോർഡ് പുന:സംഘടിപ്പിക്കുകയുണ്ടായി. അംശാദായ തുക വർദ്ധിപ്പിച്ചും ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കിയും പരമാവധി തൊഴിലാളികളെ അംഗങ്ങളായി ചേർത്തും ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പുതിയ ബോർഡിന് കീഴിൽ നടന്നുവരുന്നത്. ചുരുങ്ങിയ കാലം കൊണ്ടുതന്നെ ബോർഡിന്റെ അംഗസംഖ്യ 10,53,000 ആയി വർദ്ധിച്ചിട്ടുണ്ട്. ജില്ലാ എക്സി. ഓഫീസർമാർ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കൂടി സഹായത്തോടെ മുഴുവൻ പീടിക തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുന്നതിനുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. ബോർഡിൽ നിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചുവരികയാണ്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിപുലീകരിക്കാനും തൊഴിലാളികൾക്ക് പരമാവധി ആനുകൂല്യങ്ങൾ ലഭ്യമാക്കാനും ബോർഡ് ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പൂർണ പിന്തുണയുണ്ടാവും. ■

# ജറുസലേമിനെ ഇസ്രായേലിന്റെ തലസ്ഥാനമായി ട്രംമ്പ് അംഗീകരിച്ചു




# പ്രത്യാഘാതങ്ങൾ

എഴുപത് വർഷമായി അമേരിക്കയും ലോക രാഷ്ട്രങ്ങളും പിന്തുടരുന്ന ഇസ്രായേൽ– പാലസ്തീൻ നയങ്ങളിൽ നിന്നു വഴിമാറി ട്രംമ്പ് ഡിസംബർ ആദ്യവാരം ജറുസലേമിനെ ഇസ്രയേലിന്റെ തലസ്ഥാനമായി അംഗീകരിച്ചു. ഇപ്പോൾ ടെൽ–അവീവിൽ പ്രവർത്തിക്കുന്ന അമേരിക്കൻ എംബസി ജറുസലേമിലേക്കു മാറ്റി സ്ഥാപിക്കുമെന്നും ട്രംമ്പ് അറിയിച്ചു.

ട്രംമ്പിന്റെ ഈ തീരുമാനത്തിനെതിരെ അമേരിക്കയുടെ സഖ്യകക്ഷികൾ ഉൾപ്പെടെ ലോകത്തെ മിക്ക രാജ്യങ്ങളും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. പശ്ചിമേഷ്യൻ പ്രദേശങ്ങൾ, ടർക്കി, ഗാസ മുനമ്പ് തുടങ്ങി വിവിധ രാജ്യങ്ങളിലും ദേശങ്ങളിലും ട്രംമ്പിന്റെ തീരുമാനത്തിനെതിരെ ജനകീയ പ്രക്ഷോഭങ്ങളും അരങ്ങേറി. ട്രംമ്പിന്റെ ഈ തീരുമാനം ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെത്യനാഹുവിന് സിയോണിസ്റ്റ് കടന്നു കയറ്റങ്ങൾ വ്യാപിപ്പിക്കാനും പാലസ്തീനികളെ ജറുസലേം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിന്ന് തൂത്തെറിയാനുമുള്ള തുറന്ന പിന്തുണയാണ്.

ഇലക്ഷൻ പ്രചരണ കാലത്തു തന്നെ ട്രംമ്പ് തുറന്നു തന്നെ പറയുകയുണ്ടായി "താൻ ഇസ്രയേലിനെ അനുകൂലിക്കുന്ന പ്രസിഡന്റായിരിക്കുമെന്നും, ഇസ്രായേലിന്റെ തലസ്ഥാനമായി ജറുസലേമിനെ അംഗീകരിക്കുമെന്നും" തീവ്ര വലതുപക്ഷ ഇവാഞ്ചലിക്കൽ– ക്രിസ്ത്യൻ വിഭാഗത്തിന്റെയും ചെറുതെങ്കിലും സാമ്പത്തികമായി അമേരിക്കയിൽ മുൻപന്തിയിലുള്ള സിയോണിസ്റ്റുകളുടെയും പിന്തുണ നേടിയെടുക്കാൻ വേണ്ടി കൂടിയാണ് ട്രംമ്പ് ഇലക്ഷൻ കാലത്ത് ഈ സമീപനമെടുത്തത്.

ട്രംമ്പ് ഇത്തരത്തിൽ ഒരു തീരുമാനം എടുക്കാൻ രണ്ടു വിഷയങ്ങളാണുള്ളത്. ഒന്ന് ട്രംമ്പിന്റെ കുറഞ്ഞു വരുന്ന ജനപിന്തുണ. ട്രംമ്പിന്റെ തീരുമാനം പലതരം

പ്രതിഷേധങ്ങൾക്കിടയാക്കുമെങ്കിലും ഇലക്ഷൻ കാലത്ത് തന്റെ കൂടെ നിന്ന തീവ്ര വലതുപക്ഷത്തെ ഒരു പരിധി വരെയെങ്കിലും തൃപ്തിപ്പെടുത്തും എന്നാണദ്ദേഹം പ്രതീക്ഷിക്കുന്നത്. രണ്ട് പശ്ചിമേഷ്യൻ പ്രദേശത്തെ സൈനിക ഇടപെടലുകൾ വർധിപ്പിക്കുക, വർധിച്ചുവരുന്ന ഇറാന്റെ സ്വാധീനം കുറക്കുക, കൂടാതെ ഇറാക്ക്, ലിബിയ, സിറിയ സൈനിക ഇടപെടലുകളിൽ അമേരിക്കക്കുണ്ടായ തിരിച്ചടിക്ക് ഒരു മറുമരുന്ന് എന്ന സമീപനവുമുണ്ട്.

ട്രംമ്പിന്റെ പ്രഖ്യാപനം പുറത്തു വന്നതു മുതൽ ആയിരക്കണക്കിനു പാലസ്തീനികൾ ഗാസ മുനമ്പിൽ പ്രതിഷേധം രേഖപ്പെടുത്തി. ജോർദാൻ തലസ്ഥാനമായ അമാനിലും ആയിരക്കണക്കിനുപേർ പങ്കെടുത്ത പ്രതിഷേധങ്ങൾ നടന്നു. അനേകം പാലസ്തീൻ അഭയാർത്ഥികൾ ജോർദാനിലാണ് തമ്പടിച്ചിരിക്കുന്നത്. ടർക്കിയുടെ തലസ്ഥാനമായ ഇസ്താംബൂളിലും വലിയ രീതിയിൽ പ്രതിഷേധങ്ങൾ നടന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ അമേരിക്കൻ എംബസികൾക്കു മുന്നിൽ പ്രതിഷേധപ്രകടനങ്ങൾ നടന്നു.

ജർമനി, ഇംഗ്ലണ്ട്, ഫ്രാൻസ് ഉൾപ്പെടെയുള്ള രാജ്യങ്ങളും അമേരിക്കയുടെ തീരുമാനത്തെ എതിർക്കുകയാണ്. ജർമൻ വിദേശകാര്യമന്ത്രി സിഗ്മാർ ഗബ്രിയേൽ പറഞ്ഞു "അമേരിക്കയും യൂറോപ്പുമായുള്ള ബന്ധം തകരുന്നതിന്റെ സൂചനയാണ് ട്രംമ്പിന്റെ പ്രസ്താവന, ജറുസലേമിന്റെ ഭാവി തീരുമാനിക്കേണ്ടത് ഇസ്രായേലും പലസ്തീനുമായി ചർച്ച ചെയ്തിട്ടാണ്. ഇപ്പോഴത്തെ സ്ഥിതി വഷളാക്കുന്ന ഏതു തീരുമാനവും തിരിച്ചടി നേരിടും. ട്രംമ്പിന്റെ ഈ തീരുമാനത്തെ യൂറോപ്പിനെ കൂടുതൽ സൈനികമായി ശക്തമാക്കാനുള്ള അവസരമാക്കുകയാണ് ജർമ്മനി. യൂറോപ്പിലെ 28 രാജ്യങ്ങൾ സംയുക്തമായി ഒരു പ്രതിരോധ സംവിധാനം ഉണ്ടാക്കാനുള്ള തീരുമാനവും ജർമനിയുടെ നേതൃത്വത്തിൽ എടുത്തു കഴിഞ്ഞു. ട്രംമ്പിന്റെ തീരുമാനത്തെ ഒട്ടും സഹായകരമല്ലാത്തതും ഉപകാരപ്രദമല്ലാത്തതും" എന്നാണ് ബ്രിട്ടീഷ് പ്രധാനമന്ത്രി തെരാസാ മെ വിശേഷിപ്പിച്ചത്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ വിശേഷിപ്പിച്ചത് ഖേദകരമായ തീരുമാനം എന്നാണ്.

**ട്രംമ്പിനെതിരെ 57 മുസ്ലീം രാജ്യങ്ങളുടെ ഉച്ചകോടി**

പാലസ്തീൻ രാഷ്ട്രത്തെയും അതിന്റെ തലസ്ഥാനമായി കിഴക്കൻ ജറുസലേമിനെയും അംഗീകരിക്കണമെന്ന് 57 മുസ്ലീം രാജ്യങ്ങളുടെ ഉച്ചകോടി ലോകത്തോട് ആഹ്വാനം ചെയ്തു. ഇസ്രയേലിന്റെ തലസ്ഥാനമായി ജറുസലേമിനെ അംഗീകരിച്ച അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംമ്പിന്റെ നടപടി നിയമവിരുദ്ധമാണെന്ന് ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോ-ഓപ്പറേഷൻ പ്രഖ്യാപിച്ചു. തുർക്കിയിലെ ഇസ്താംബൂളിൽ ചേർന്ന ഉച്ചകോടിയിലാണ് പ്രഖ്യാപനം. ഇസ്രയേലിന്റെ പക്ഷം പിടിച്ച അമേരിക്കക്ക് പശ്ചിമേഷ്യയിലെ സമാധാന പ്രക്രിയയിൽ ഇനി പങ്കുണ്ടാവില്ലെന്ന് സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

പാലസ്തീൻ ജനതയുടെ അവകാശങ്ങൾക്കു നേരെയുള്ള അക്രമണമാണ് ട്രംമ്പിന്റെ നടപടിയെന്ന് പ്രസ്താവനയിൽ പറഞ്ഞു. തീവ്രവാദത്തിനും ഭീകരതക്കും പ്രേരണയാണിത്. തീരുമാനം പിൻവലിച്ചില്ലെങ്കിൽ പ്രത്യാഘാതത്തിന് അമേരിക്ക മാത്രമാകും ഉത്തരവാദി. ഇസ്രയേൽ പാലസ്തീൻ സമാധാന പ്രക്രിയയുടെ സ്പോൺസർ എന്ന റോളിൽ നിന്ന് അമേരിക്ക ഇതോടെ പിൻമാറിയിരിക്കുകയാണ്. സ്വന്തം ഉത്തരവാദിത്വം നിർവഹിക്കാൻ ഐക്യരാഷ്ട്ര സഭയോട് ആവശ്യപ്പെടാൻ എല്ലാ രാജ്യങ്ങളോടും ഉച്ചകോടി അഭ്യർത്ഥിച്ചു. പ്രശ്നം ഐക്യരാഷ്ട്ര സംഘടന ഏറ്റെടുക്കണമെന്ന് പാലസ്തീൻ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് ആവശ്യപ്പെട്ടു. അമേരിക്കയെ മധ്യസ്ഥനായി ഇനി അംഗീകരിക്കാൻ കഴിയില്ലെന്ന് അദ്ദേഹം ഉച്ചകോടിയിൽ പറഞ്ഞു.

ട്രംമ്പിന്റെ പ്രകോപനപരമായ നടപടിക്കെതിരെ ലോകമെങ്ങും പ്രതിഷേധം അലയടിക്കുമ്പോഴാണ് 57 മുസ്ലീം രാജ്യങ്ങളുടെ കൂട്ടായ്മ പാലസ്തീന് ശക്തമായ പിന്തുണയുമായി രംഗത്തെത്തിയത്. പാലസ്തീൻ രാഷ്ട്രം സ്ഥാപിതമാകുമ്പോൾ തലസ്ഥാനമായി കരുതുന്നത് കിഴക്കൻ ജറുസലേമിനെയാണ്. 1967 ലെ യുദ്ധത്തിൽ കൈയേറിയ ജറുസലേം തങ്ങളുടെ തലസ്ഥാനമാണെന്ന വാദമാണ് ഇസ്രയേൽ ഉന്നയിക്കുന്നത്. എന്നാൽ ജറുസലേമിലെ ഇസ്രയേലിന്റെ പരമാധികാരം അന്താരാഷ്ട്ര സമൂഹം ഒരിക്കലും അംഗീകരിച്ചിട്ടില്ല. ഇസ്രയേലിലെ വിദേശരാജ്യങ്ങളുടെ എംബസികളെല്ലാം ടെൽ അവീവിലാണ്. ഇസ്രയേൽ കൈയടക്കിയ കിഴക്കൻ ജറുസലേം തലസ്ഥാനമാക്കാൻ പാലസ്തീന് അവകാശമുണ്ടെന്ന് സൗദി ഭരണാധികാരി സൽമാൻ രാജാവ് പറഞ്ഞു. മേഖലയിലെ പ്രശ്നങ്ങൾക്ക് രാഷ്ട്രീയ പരിഹാരം ആവശ്യമാണ്. പാലസ്തീനുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ തീർപ്പു കൽപ്പിക്കേണ്ടത് പാലസ്തീൻ ജനതയാണ്. സ്വതന്ത്ര പാലസ്തീൻ രാഷ്ട്ര പ്രഖ്യാപനം ന്യായമായ ആവശ്യമാണെന്നും സൽമാൻ രാജാവ് പറഞ്ഞു. ഇതോടെ പശ്ചിമേഷ്യയിൽ അമേരിക്ക ഒറ്റപ്പെട്ടു. അറബ് രാജ്യങ്ങൾക്ക് അമേരിക്കയിൽ അവശേഷിച്ചിരുന്ന വിശ്വാസവും നഷ്ടപ്പെട്ടു.

ട്രംമ്പിന്റെ തീരുമാനം പശ്ചിമേഷ്യയിൽ മാത്രമല്ല ലോകമാകെ തന്നെയുള്ള സംഘർഷങ്ങൾക്ക് ആക്കം കൂട്ടും. ഇപ്പോൾ തന്നെ വടക്കൻ കൊറിയയുമായുള്ള ഏറ്റുമുട്ടൽ ഏഷ്യ- പസഫിക് പ്രദേശത്ത് അസ്വസ്ഥതകൾ സൃഷ്ടിച്ചിട്ടുണ്ട്. ലോകമാകെ ഇത്തരത്തിൽ യുദ്ധാന്തരീക്ഷം സൃഷ്ടിക്കുന്നത് അമേരിക്കൻ ആധിപത്യം നിലനിർത്താനും ആയുധ കച്ചവടം വർധിപ്പിക്കാനും സഹായിക്കും. ഈ ഗൂഢലക്ഷ്യവും ട്രംമ്പിന്റെ ഈ നീക്കത്തിനു പിന്നിലുണ്ടാകാം. ■

# കോഴിക്കോട് താലൂക്ക് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം

## (ക്ലിപ്തം) നമ്പർ. ഡി 2729

ഹെഡ് ഓഫീസ്: സ: ടി അയ്യപ്പൻ സ്മാരക മന്ദിരം, ആനിഹാൾ റോഡ്, ചാലപ്പുറം പി ഒ, കോഴിക്കോട് 673002, ഫോൺ 0495–2300376, 7034174294, email. kalluchethu.kkd@gmail.com

ബ്രാഞ്ച് : എടക്കര, ഫോൺ: 2455245, 8086045198



- വസ്തു പണയ വായ്പ
- ടൂ വീലർ വായ്പ
- ഭവന നിർമാണ വായ്പ
- സ്വർണ പണയ വായ്പ
- പേഴ്സണൽ വായ്പ
- ചിട്ടിക്ക് സമാനമായ ഗ്രൂപ്പ് ഡെപോസിറ്റ് സ്കീം
- സംഘത്തിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖേന ടെലിഫോൺ, വൈദ്യുതി ബിൽ, മൊബൈൽ ഫോൺ, ഡിടിഎച്ച് എന്നിവ റീചാർജ് ചെയ്യാനുള്ള സൗകര്യം.
- കുടംബശ്രീ, റെസിഡൻസ്, സ്വാശ്രയ സംഘം, വനിതാ മെമ്പർമാർക്ക് മുൻഗണന നൽകി ക്കൊണ്ടുള്ള ഫാമിലി ആശ്വാസ് ലോൺ
- ലോക്കർ സൗകര്യം

എ വി സദാശിവൻ
പ്രസിഡന്റ്
9400532111

ബിനേഷ് എം സി
സെക്രട്ടറി
7736201347

ട്രമ്പിന്റെ നികുതി പരിഷ്കാരം

# സമ്പന്നർക്ക് ഗുണം സാധാരണക്കാർക്ക് നാശം

ജോസ് ടി എബ്രഹാം

അമേരിക്കൻ പാർലമെന്റിന്റെ ഉപരിസഭയായ സെനറ്റ് അതിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട നികുതി പരിഷ്കരണ ബിൽ ഡിസംബർ 2–ാം തീയതി പാസാക്കി. നികുതി കുറക്കലിന്റെയും തൊഴിലിന്റെയും ബിൽ എന്നാണ് അതിനെ നാമകരണം ചെയ്തിരിക്കുന്നത്. (Tax cuts and job Act- TCJA) 1986 നു ശേഷം നടപ്പാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നികുതി പരിഷ്കരണ നിയമമാണിത്. അമേരിക്കൻ സർക്കാരിന്റെ വരുമാനത്തിൽ 1.5 ട്രില്യൻ ഡോളറിന്റെ കുറവ് അടുത്ത പത്തു വർഷത്തിൽ ഈ തീരുമാനം വഴിയുണ്ടാകും. (1 ട്രില്യൻ = ഒരു ലക്ഷം കോടി)

**ബിൽ അമേരിക്കയിലെ സാമ്പത്തിക അസമത്വങ്ങൾ രൂക്ഷമാക്കുകയും സാമൂഹിക അന്തരീക്ഷം കൂടുതൽ സംഘർഷഭരിതമാക്കുകയും ചെയ്യും. ആമസോണിന്റെ ജെഫ് ബെന്റേസ് മൈക്രോസോഫ്റ്റിന്റെ ബിൽഗേറ്റ്സ്, നിക്ഷേപക കമ്പനിയായ ബെർക്ക് ഷെയർ ഹാത്ത് വേയുടെ വാറൻ ബഫറ്റ് എന്നീ മൂന്നു പേരുടെ സമ്പത്ത് അമരിക്കയിലെ താഴെക്കിടയിലുള്ള 50% പേരുടെ സമ്പത്തിന് തുല്യമാണ്.**

### കുത്തകകൾക്കു ഗുണം, സാധാരണക്കാരന് ദോഷം

കോർപറേറ്റ് ടാക്സ് 35 ശതമാനത്തിൽ നിന്നും 20 ശതമാനമായി കുറക്കും ഈ ബിൽ. ബിസ്നസ് കുടുംബങ്ങളുടെയും സമ്പന്നരുടെയും നികുതിയിലും വലിയ കുറവു വരുത്തുന്നുണ്ട്. എസ്റ്റേറ്റ് നികുതിയും പരമ്പരാഗത സ്വത്തിന്മേലുള്ള നികുതിയും ഏതാണ്ട് വേണ്ടെന്നു തന്നെ വച്ചിരിക്കുകയാണ് പുതിയ ബില്ലിൽ. കുത്തകകളുടെ വരുമാനത്തിൽ അടുത്ത ഇരുപതു വർഷം കൊണ്ട് ഏകദേശം 6.7 ട്രില്യന്റെ വർധനവുണ്ടാകും ഈ നികുതി പരിഷ്കരണത്തിലൂടെ. ഉയർന്ന ശ്രേണിയിലുള്ള 5% ത്തിന് വലിയ ഗുണം ലഭിക്കുമ്പോൾ താഴെക്കിടയിലുള്ള 95% ത്തിന് വലിയ ദോഷമാണ് ഈ ബിൽ സൃഷ്ടിക്കുന്നത്.

വ്യക്തിപരമായ ഇൻകം ടാക്സിൽ താല്ക്കാലികമായി കുറവു വരുത്തും നികുതി പരിഷ്കരണ ബിൽ. എന്നാൽ അഞ്ചുവർഷം കൊണ്ട് പഴയ റേറ്റിലേക്ക് ഉയരുന്ന തരത്തിലാണ് ബില്ലിന്റെ ഘടന. വിദ്യാഭ്യാസ വായ്പക്കുള്ള പലിശ, മെഡിക്കൽ ചിലവുകൾ, ട്യൂഷൻ ഫീസ് തുടങ്ങിയവക്കുള്ള നികുതിയിളവുകൾ പിൻവലിക്കും. 30,000 ഡോളറിൽ കുറഞ്ഞ വരുമാനമുള്ളവരുടെ നികുതിയിൽ 2019 നു ശേഷം വർധനവുണ്ടാകും. 75,000 ഡോളറിൽ താഴെ വരുമാനമുള്ളവരുടെ നികുതി 2027 നു ശേഷം ഉയരും. എന്നാൽ കുത്തകകളുടെ നികുതിയിൽ വരുത്തുന്ന കുറവ് എല്ലാ കാലത്തേക്കും തുടരും. നികുതിയിളവുകളുടെ ഏറ്റവും വലിയ ഗുണഭോക്താക്കൾ കുത്തകകളാണ്. ഏറ്റവും ഉന്നത ശ്രേണിയിലുള്ള 0.1% പേർക്കാണ് നികുതിയിളവിന്റെ 30% ലഭിക്കുന്നത്.

അമേരിക്കയിലെ ബഹുഭൂരിപക്ഷം പേരും ഈ ബില്ലിനെ എതിർക്കുകയാണ്. അമേരിക്കയിലെ ഏകദേശം 29% പേർ മാത്രമാണ് ഈ ബില്ലിനെ അനുകൂലിക്കുന്നത്.

### സാമൂഹ്യസുരക്ഷാ പദ്ധതികൾ വെട്ടികുറക്കും

നികുതി പരിഷ്കരണത്തിലൂടെ നികുതി വരുമാനത്തിൽ 1.5 ട്രില്യൻ ഡോളറിന്റെ കുറവുണ്ടാകും എന്നു നാം കണ്ടു. ഈ കുറവ് മറ്റൊരു തരത്തിൽ പറഞ്ഞാൽ അമേരിക്കൻ ബഡ്ജറ്റ് കമ്മി 1.5 ട്രില്യൻ ഡോളർ ഉയർത്തും. ബഡ്ജറ്റ് കമ്മി ഉയരുമ്പോൾ സ്വാഭാവികമായി സാമൂഹ്യ സുരക്ഷാ പദ്ധതികൾ വെട്ടിക്കുറക്കാൻ ഗവണ്മെന്റ് നിർബന്ധിതമാകും. മെഡിക്കെയർ, ആരോഗ്യ ഇൻഷുറൻസ് പദ്ധതികൾ, വിദ്യാഭ്യാസ ചിലവുകൾക്കുള്ള ആനുകൂല്യങ്ങൾ അഗതികൾക്കുള്ള ഭക്ഷണ വിതരണം ഇവയിലെല്ലാം വലിയ വെട്ടിക്കുറവുണ്ടാകും. ഫ്ളോറിഡയിൽ നിന്നുള്ള സെനറ്റർ മാർക്കോ റൂബിയോ ഒരു മറയുമില്ലാതെ തന്നെ പറഞ്ഞു "പലരും ബഡ്ജറ്റ് കമ്മി ഉയരുന്നതിനെ കുറിച്ച് പറയുന്നുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷാ

# നിലമ്പൂർ എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ

**ലിമിറ്റഡ് നമ്പർ എം– 414, നിലമ്പൂർ, ഫോൺ 04931–222749**

- 29 വർഷത്തെ പ്രവർത്തന പാരമ്പര്യം
- ആരംഭ കാലം മുതൽ ലാഭത്തിൽ പ്രവർത്തിക്കുന്നു
- മെമ്പർമാർക്ക് 10 ശതമാനം ഡിവിഡന്റ്

സ്ഥിരമായി മിതമായ നിരക്കിൽ
പലചരക്ക് സാധനങ്ങൾ
വിപണനം ചെയ്തു വരുന്നു
പുറമെ



എപ്രിൽ മാസത്തിൽ
**വിഷു ഫെയർ**



മെയ്– ജൂൺ
**സ്കൂൾ ഫെയർ**



ആഗസ്റ്റ്– സെപ്തംബർ
**ഓണച്ചന്ത**



ഡിസംബർ– ജനുവരി
**പൂജാ സ്റ്റോർ**

**കെ പി രാമചന്ദ്രൻ**
പ്രസിഡന്റ്

**ടി പി ഹരിദാസൻ**
സെക്രട്ടറി

പദ്ധതികളിലും മെഡികെയറിലും വേണ്ട ഘടനാ പരമായി മാറ്റങ്ങൾ വരുത്തി ഈ പ്രശ്നം കൈകാര്യം ചെയ്യാൻ കഴിയും"

യഥാർത്ഥത്തിൽ 2008 ലെ സാമ്പത്തിക തകർച്ചക്കു ശേഷം അമേരിക്കയിലും ലോകത്താകെയും നടപ്പാക്കി വരുന്ന കുത്തകാനുകൂല പരിപാടികളുടെ തുടർച്ചയാണ് ട്രംമ്പ് കൊണ്ടുവന്നിരിക്കുന്ന ഈ നികുതി പരിഷ്കാര നിയമം. 2008 ലെ സാമ്പത്തിക തകർച്ചക്കു ശേഷം ബാങ്കുകളെ സഹായിക്കാൻ അനേകം കോടി ഡോളറാണ് ഒബാമ പ്രസിഡന്റായിരുന്നപ്പോൾ നൽകിയത്. സാമ്പത്തിക തകർച്ചയുടെ കാലത്ത് കുത്തകകൾക്ക് വലിയ ആനുകൂല്യങ്ങൾ നൽകിയപ്പോൾ തൊഴിലാളികളുടെ വേതനവും വെട്ടിക്കുറക്കുകയും പെൻഷൻകാരുടെ പെൻഷനിൽ കുറവു വരുത്തുകയും ചെയ്തു. നവലിബറൽ കാലഘട്ടത്തിൽ തൊഴിലാളികളുടെയും സാധാരണക്കാരുടെയും സമ്പത്തിൽ വലിയ ഇടിവുണ്ടാവുകയും സമ്പന്നരുടെ സ്വത്തും വരുമാനവും കുതിച്ചുയരുകയും ചെയ്തു. ഇതിന്റെ ഫലമായി സമ്പത്താകെ ഒരു ശതമാനത്തിന്റെ കൈയിലേക്കു കേന്ദ്രീകരിക്കപ്പെട്ടു. ഇപ്പോൾ ട്രംമ്പ് നടപ്പാക്കുന്ന നികുതി പരിഷ്കരണം സമ്പത്തിന്റെ കേന്ദ്രീകരണം കൂടുതൽ രൂക്ഷമാക്കും.

## പൊതു വിദ്യാഭ്യാസത്തെ തകർക്കും

അതിസമ്പന്നർക്ക് 1.5 ട്രില്യൻ ഡോളറിന്റെ വലിയ നികുതിയിളവ് ലഭിക്കും എന്നതു മാത്രമല്ല പൊതു വിദ്യാഭ്യാസത്തിനും വലിയ ഭീഷണി ഉയർത്തും ഈ ബിൽ. പൊതു വിദ്യാഭ്യാസത്തിന്റെ തകർച്ച സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു ഗുണപരമായി ഭവിക്കും.

സംസ്ഥാന– പ്രാദേശിക ഇൻകം ടാക്സികൾക്കു ലഭിക്കുന്ന നികുതി ഇളവുകൾ ഈ ബിൽ ഇല്ലായ്മ ചെയ്യും. സംസ്ഥാന– പ്രാദേശിക പ്രൊപ്പർട്ടി നികുതികൾ 10,000 ഡോളറിൽ കൂടാൻ പാടില്ല എന്നും ഈ ബിൽ വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാന പ്രാദേശിക നികുതി വരുമാനത്തിലുണ്ടാകുന്ന കുറവും സ്കൂളുകൾക്കു ലഭ്യമാകുന്ന ഫണ്ടിനെ കാര്യമായി ബാധിക്കും.

2008 ലെ സാമ്പത്തിക തകർച്ചക്കു ശേഷം സ്കൂൾ ഫണ്ടിങ്ങിൽ വലിയ കുറവുണ്ടായി. അമേരിക്കയിലെ ഏറ്റവും വലിയ സ്കൂൾ ടീച്ചേഴ്സ് യൂണിയനായ നാഷണൽ എഡ്യൂക്കേഷൻ അസോസിയേഷന്റെ പഠനത്തിൽ കണ്ടത് 2008 ലെ സാമ്പത്തിക തകർച്ചക്കു ശേഷം പൊതു വിദ്യാഭ്യാസത്തിനു വലിയ തകർച്ചയുണ്ടായി എന്നു മാത്രമല്ല 3,66,000 അധ്യാപക– അനധ്യാപക തൊഴിലുകൾ ഇല്ലാതാകുകയും ചെയ്തു.

ഇപ്പോഴത്തെ നികുതി പരിഷ്കാരത്തിലും ഇതു തന്നെ സംഭവിക്കും. പൊതു വിദ്യാഭ്യാസം കൂടുതൽ തകർച്ചയിലാകുകയും ചെയ്യും. വിദ്യാഭ്യാസത്തിനും, ട്യൂഷനും ഉള്ള നികുതി ഇളവുകളും ഈ നിയമം ഇല്ലാതാക്കുന്നു. സാധാരണക്കാർക്ക് ഉന്നത വിദ്യാഭ്യാസം തന്നെ ബുദ്ധിമുട്ടായി തീരും.

## പരിസ്ഥിതി സംരക്ഷണം തിരിച്ചടി നേരിടും

സൗരോർജ്ജത്തിനും, കാറ്റാടിയന്ത്രങ്ങൾക്കും നൽകി വന്നിരുന്ന നികുതി ഇളവുകൾ ഈ ബിൽ ഇല്ലായ്മ ചെയ്യും. പരിസ്ഥിതി സൗഹൃദ ഊർജ്ജോല്പാദനത്തിനു പകരം എണ്ണ കൽക്കരി തുടങ്ങി പരിസ്ഥിതി നാശകാരിയായ ഊർജ്ജ സ്രോതസുകളെ പ്രോത്സാഹിപ്പിക്കുന്നതാണ് ഈ ബിൽ.

സൗരോർജ്ജ കാറ്റാടി യന്ത്ര മേഖലക്കു മാത്രമല്ല പരിസ്ഥിതിക്കു തന്നെ ദോഷകരമായി മാറും ഈ പുതിയ നികുതി നിയമം. സൗരോർജ്ജ, കാറ്റാടി യന്ത്ര വ്യവസായം നല്ല രീതിയിൽ തൊഴിൽ സൃഷ്ടിച്ചിരുന്ന ഒരു മേഖലയാണ്. അതിനുണ്ടാകുന്ന ക്ഷീണം തൊഴിൽ ലഭ്യതയിൽ കുറവുണ്ടാകും. അന്തരീക്ഷ നാശകാരിയായ പുകപടലങ്ങൾ കൂടുതൽ ഉല്പാദിപ്പിക്കപ്പെടും. ഇതു സാധാരണക്കാർ ജീവിക്കുന്ന പ്രദേശങ്ങൾ കൂടുതൽ മലിനമാക്കും. ഇത്തരത്തിൽ പ്രകൃതിക്കും സാധാരണ മനുഷ്യനും നാശകാരിയാണ് ഈ നിയമം.

## പ്രതിഷേധം ശക്തം

ട്രംമ്പിന്റെ നികുതി പരിഷ്കരണത്തിനെതിരെ ശക്തമായ പ്രതിഷേധവും അമേരിക്കയിൽ അലയടിക്കുന്നുണ്ട്. ഡിസംബർ 5–ാം തീയതി ക്യാപ്പിറ്റോൾ ഹില്ലിലേക്ക് ആയിരങ്ങളാണ് മാർച്ച് ചെയ്തത്.

"Kill the bill, Tax the rich not the sick" തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തിയാണ് ആയിരങ്ങൾ മാർച്ച് ചെയ്തത്. പ്രകടനത്തിൽ പങ്കെടുത്ത അനേകരെ അറസ്റ്റു ചെയ്യുകയും ഉണ്ടായി.

ഡെമോക്രാറ്റ് സെനറ്റർ ബെർനി സാൻഡേഴ്സ് പറഞ്ഞത് ഈ ബിൽ അമേരിക്കൻ ട്രഷറിയെ കൊള്ളയടിക്കലാണെന്നാണ്. ശക്തമായ പ്രതിഷേധത്തിനിടയിലും ക്രിസ്തുമസിനു മുമ്പായി ബിൽ ഒപ്പിട്ട് നിയമമാക്കും എന്നാണ് ട്രംമ്പ് പ്രഖ്യാപിച്ചിരിക്കുന്നത്.

ഈ ബിൽ അമേരിക്കയിലെ സാമ്പത്തിക അസമത്വങ്ങൾ രൂക്ഷമാക്കുകയും സാമൂഹിക അന്തരീക്ഷം കൂടുതൽ സംഘർഷഭരിതമാക്കുകയും ചെയ്യും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പോളിസി സ്റ്റഡീസ് അടുത്തകാലത്തു നടത്തിയ ഒരു പഠനത്തിൽ കണ്ടത് അമേരിക്കയിലെ ഏറ്റവും ധനികരായ ആമസോണിന്റെ ജെഫ് ബെസ്സോസ് മൈക്രോസോഫ്റ്റിന്റെ ബിൽഗേറ്റ്സ്, നിക്ഷേപക കമ്പനിയായ ബെർക്ക് ഷെയർ ഹാത്ത് വേയുടെ വാറൻ ബഫറ്റ് എന്നീ മൂന്നു പേരുടെ സമ്പത്ത് അമരിക്കയിലെ താഴെക്കിടയിലുള്ള 50 % പേരുടെ സമ്പത്തിന് തുല്യമാണെന്നാണ്. എത്ര ഗുരുതരമാണ് സാമ്പത്തിക കേന്ദ്രീകരണം എന്ന് ഇത് കാണിക്കുന്നു. ■

## ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചാമോഹം

# സഫലീകരിക്കുമോ?

സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയുടെ ജി.ഡി.പി (മൊത്തം ആഭ്യന്തര ഉല്പാദനനിരക്ക് 2017–18 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ (ജൂലൈ – സെപ്തംബർ) 6.3% ആണെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ഇത് മുൻ പാദത്തിലെ (ഏപ്രിൽ – ജൂൺ) 5.7% ത്തെ അപേക്ഷിച്ച് ഒരു മെച്ചപ്പെടലാണ്. ഇത് ഭരണ വൃത്തങ്ങളിലും നവ ഉദാരവത്ക്കരണ സാമ്പത്തിക നയങ്ങളെ പിൻതുണയ്ക്കുന്ന സാമ്പത്തിക വിദഗ്ദ്ധരിലും വലിയ ആവേശം ജനിപ്പിച്ചിരിക്കുന്നു. ഭാവിയെപ്പറ്റി വലിയ പ്രതീക്ഷ നൽകുന്നു. എന്നാൽ മുമ്പുള്ള 5 പാദങ്ങളിലെ ഇടിവിനു ശേഷമാണ് ഈ വർദ്ധനവെന്ന പ്രത്യേകതയുണ്ട്. ഒരു വർഷം മുമ്പ് ഇതേപാദത്തിൽ വളർച്ചാനിരക്ക് 7.5% ആയിരുന്നു. ഈ 1.2% ത്തിന്റെ കുറവ് അവർന്യായികരിക്കുന്നത് നോട്ട് അസാധുവാക്കലിന്റേയും ജി.എസ്.റ്റി നടപ്പാക്കലിന്റെയും ദോഷഫലമാണന്നാണ്. ഈ രണ്ട് പരിഷ്കാരങ്ങളും സമ്പദ്ഘടനയെ ദോഷകരമായി ബാധിക്കില്ലെന്നും മറിച്ച് ശക്തിപ്പെടുത്തുമെന്നും വാദിച്ചവരാണിവര്‍ എന്ന വസ്തുത മറക്കാവതല്ല.

ഇതുപോലെതന്നെ ആഗോള റേറ്റിങ് ഏജൻസിയായി അറിയപ്പെടുന്ന (മൂഡീസ്) ഇന്ത്യയുടെസാമ്പത്തിക വളർച്ചയുടെ റേറ്റിംങ് – Baa 3 ൽ നിന്നും – Baa 2 ആയി ഉയർന്നതായി പ്രഖ്യാപിച്ചു. ഇതിനെപ്പറ്റി ഇന്ത്യ ഏതോ മഹാവിജയം കൈവരിച്ച മട്ടിലാണ് ഉള്ളത്. ഇത്. ധനമന്ത്രാലയവും സർക്കാരിന്റെ പ്രചാരണ വകുപ്പും കുത്തക പത്രങ്ങളും എന്തോ മഹാത്ഭുതം സംഭവിച്ചത് പോലെയാണ് ആഹ്ലാദം മുഴക്കുന്നത്.

അതേസമയം ഈ വാദങ്ങളൊന്നും തള്ളികളയാതെതന്നെ ചില സാമ്പത്തിക വിദഗ്ധരെങ്കിലും ഗവൺമെന്റിന്റെയും പിൻതുണക്കാരുടെയും പ്രതീക്ഷയ്ക്കു മങ്ങലേൽപ്പിക്കുന്ന ചില പ്രധാനസാമ്പത്തിക ഘടകങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. അവ എന്തെന്ന് പരിശോധിക്കാം.

1. അജിത്ത് 'റാനഡേ''യുടെ വിലയിരുത്തൽ പരിശോധിക്കാം:–

ജൂൺ പാദത്തിൽ വ്യവസായ വളർച്ച 1.6% ആയിരുന്നത് സെപ്തംബർ പാദത്തിൽ 5.8% ആയി ഉയർന്നു. അതിന്റെ ഉപഘടകമായ മാനുഫാക്ടറിംഗ് ജൂൺ പാദത്തിലെ 1.2% ത്തിൽ നിന്നും സെപ്തംബർ പാദത്തിൽ 7% ത്തിലേക്ക് വേഗം ഉയർന്നു. ഈ വളർച്ച സംഭ്രമജനകമാണെന്നാണ് 'റാനഡേ''യുടെ അഭിപ്രായം. ഇതിൽ വ്യവസായ ഉല്പാദനങ്ങളുടെ (ചരക്കിന്റെ) നിരക്ക് 2.2% മാത്രമാണ്. സേവന മേഖലയിൽപെടുന്ന വ്യാപാരം, ഹോട്ടൽസ്, ട്രാൻസ്പോർട്ടും കമ്മ്യൂണിക്കേഷനും വിഭാഗങ്ങളിൽ ഒരു വർഷം മുമ്പുള്ള 8.2% ത്തിൽ നിന്നും 10.5% ആയി ഉയർന്നതും ആശാവഹമാണ്,





**എൻ. പത്മലോചനൻ**

എന്നാൽ ഇതൊന്നുമായി പൊരുത്തപ്പെടാത്ത വിധത്തിലാണ് വ്യാവസായിക ഉല്പാദന മേഖലയുടെ വളർച്ച 2.2% എന്നത് സംഭ്രമജനകമാണ്. കാരണം സ്ഥായിയായ തൊഴിലും ഫാക്ടറികൾ ഉല്പാദിപ്പിക്കുന്ന ചരക്കുകളും വ്യവസായ പുനരുജീവനത്തിന് അനിർവാര്യമായ ഘടകങ്ങളാണ്. ഇതാകട്ടെ സ്വകാര്യമേഖലയുടെ വളർച്ച കൂടാതെ സാദ്ധ്യമല്ലാതാനും. സ്വകാര്യ മേഖല മാന്ദ്യത്തിലാണെന്ന സത്യം നിലനില്ക്കുന്നു. ഏവരും സമ്മതിക്കുന്നുണ്ടുതാനും. ജി.ഡി.പി വളർച്ചയുടെ ഒരു ഘടകം നിക്ഷേപം വഴി ഉണ്ടാകേണ്ട സ്ഥിര മൂലധനമാണ് (Fixed Capital). അതാകട്ടെ ആദ്യപാദത്തിൽ 27.5% ആയിരുന്നത് രണ്ടാം പാദത്തിലും 26.4% ആയി ചുരുങ്ങി. ഈ വസ്തുത ശ്രദ്ധാപൂർവ്വം കാണ ുകയും അതിനു നയരൂപീകരണത്തിൽ ഉയർന്ന പ്രാധാന്യം നൽകുകയും വേണം. വ്യവസായ നടത്തിപ്പിന്റെ മേഖല ലളിതവത്ക്കരിക്കാൻ വേണ്ടതെല്ലാം ചെയ്യും എന്നു പറഞ്ഞിട്ട് കാര്യ മില്ല. ഗണ്യമായ അളവിൽ വ്യവസായ മേഖലയ ിൽ സ്വകാര്യനിക്ഷേപം ഇപ്പോഴെങ്കിലും വർദ്ധിപ്പിച്ചേ കഴിയു, എന്നാണ് 'റാനഡേ''യുടെ ഉറച്ച അഭിപ്രായം. അതുപോലെതന്നെ ജി.ഡി.പി വളർച്ചാനിരക്ക് തൃപ്തികരമായാൽ എന്തുകൊണ്ട് അതിന്റെ പ്രതിഫലനം ഓഹരികമ്പോളത്തിൽ (Stock Market) പ്രതിഫലിക്കുന്നില്ല. ഓഹരി കമ്പോളത്തെ ബാധിക്കുന്ന രണ്ട് ഘടകങ്ങൾ, ഒന്ന്, രാജ്യത്തിനകത്തെ സാമ്പത്തിക സ്ഥിതിയും മറ്റൊന്ന് ആഗോളസാമ്പത്തിക സ്ഥിതിയും ആണ്. ജി.ഡി.പി യിൽ ഇടിവുണ്ടായാൽ പോലും ഓഹരികമ്പോളം മുന്നോട്ട് പോയി പ്രവർത്തിക്കേണ്ടതാണ്. ജി.ഡി.പി വർദ്ധിച്ച റേറ്റിനൊപ്പം പ്രസിദ്ധീകരിച്ച കുറിപ്പിൽ പറയുന്നത് കഴിഞ്ഞ രണ്ട് മൂന്ന് മാസക്കാലമായി ഓഹരി കമ്പോളം ഒരു ചെറിയ വിഭാഗം ശക്തമാ രായ വലിയ നിക്ഷേപകരുടെ പിടിയിലാണെന്നാണ്. അതിനർത്ഥം ഓഹരി കമ്പോളം ഇന്ത്യയുടെ വിശാലസമ്പദ്ഘടനയെ ഫ്രതിഫലിപ്പിക്കുന്നില്ലെന്നാണ്.

മറ്റൊരു പ്രശ്നം നമ്മുടെ കമ്പോളത്തെ ധനകമ്മി കണക്കുകളാകുന്ന പിശാച് പിടിച്ചിരിക്കുന്നു എന്നാണ്. ഇപ്പോൾ തന്നെ ധനകമ്മി വാർഷിക ബഡ്ജറ്റിന്റെ 96.1% എത്തിക്കഴിഞ്ഞു. കഴിഞ്ഞ വർഷം ഈ മാസം 79.3% മാത്രമേ എത്തിയിരുന്നുള്ളു. റവന്യു ചിലവുകളിലെ ശമ്പളം, പെൻഷൻ, പലിശ എന്നീ ഉല്പാദനപരമല്ലാത്ത ചിലവുകൾ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 5% ആയിരുന്നത് ഈ വർഷം 10% ആയി വർദ്ധിച്ചിരിക്കുന്നു. ഉയർന്ന ധനകമ്മി വരുന്നത് ഉയർന്ന മൂലധനത്തിക്ഷേപം മൂലമാണെങ്കിൽ അത് നല്ലതാണ്. മറിച്ച് റവന്യൂ ചിലവിന്റെ വർദ്ധന മൂലമാണെങ്കിൽ അത് ഗുണകരമല്ല. കാരണം ഇത് നിക്ഷേപത്തിൽ കുറവുവരുത്തുവാൻ ഇടയാകുന്നു. അല്ലെങ്കിൽ കമ്പോളത്തിൽ നിന്നും കടം എടുക്കേണ്ട സ്ഥിതി ഉണ്ടാക്കുന്നു. പലിശനിരക്കാകട്ടെ ഉയർന്നതും. റവന്യൂ ചിലവിന്റെ വർദ്ധനവ് സാമ്പത്തിക വളർച്ചയെ തളർത്തുന്നു. കടം എടുത്ത് മൂലധന നിക്ഷേപം നടത്തുന്നതിനെ ഉയർന്ന പലിശനിരക്ക് നിരുത്സാഹപ്പെടുത്തുന്നു.

മറ്റൊരു പ്രധാന പ്രശ്നം സ്വകാര്യ മേഖലാ നിക്ഷേപം ഇപ്പോഴും ദുർബലമാണ്. കാരണം, സാദ്ധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നില്ല. ലോൺ ബാദ്ധ്യതകൾ കുറക്കാനാണ് അവർ ശ്രമിക്കുന്നത്. അവർ നേരിടുന്ന മറ്റൊരു പ്രശ്നം ഉല്പാദിപ്പിച്ച ഇറക്കുമതി ചരക്കുകളുടെ വർദ്ധിച്ചുവരുന്ന സമ്മർദ്ദമാണ്. അതേസമയം തന്നെ ഉപഭോഗനിലവാരം ഇടിയുന്നു എന്നതാണ്. കഴിഞ്ഞ രണ്ട് പാദത്തിലേയും സ്ഥിതി. ഉപഭോഗ ചിലവാണ് ജി.ഡി.പിയുടെ മൂന്നിൽ രണ്ട് ഭാഗത്തോളം. നമ്മുടെ സാമ്പത്തിക വളർച്ചയുടെ ആവേശം നിലനിർത്തുന്ന താക്കോൽ സ്ഥാനമാണ് ഉപഭോഗത്തിനുള്ളത്. അത് താഴ്ന്നു എന്നതു കാണിക്കുന്നത് നഗരങ്ങളിലും നാട്ടിൽപുറത്തും പലകാരണ വശാലും വാങ്ങൽ കഴിവ് ഇടിയുന്നു എന്നതാണ്. നാണയപെരുപ്പം ഉപഭോഗത്തിനു സഹായകരമല്ല. മറ്റൊരു പ്രധാന പ്രശ്നം തൊഴിലവസര സൃഷ്ടി വളരെ ദുർബലമാണ്. തൊഴിലവസര സൃഷ്ടിയിൽ കാര്യമായ പങ്കുവഹിക്കേണ്ട കൺസ്ട്രക്ഷൻ, കാർഷിക രംഗം, ടെക്സ്റ്റെയിൽ, തുകൽ ഉല്പന്നനിർമ്മാണം, ടൂറിസം എന്നിവ സജീ വമല്ലാത്ത സ്ഥിതി.

സാമ്പത്തിക വളർച്ചയുടെ മറ്റൊരു താക്കോൽ ഘടകമാണ് കയറ്റുമതി(Export). നിലവിലുള്ള ലോക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്താൻ ഇന്ത്യക്ക് കഴിയുന്നില്ല. സമീപകാലത്ത് ഐ.എം.എഫ് ലോക രാജ്യങ്ങളുടെ വളർച്ചാനിരക്ക് ഉയരുന്നതായി ചൂട്ടികാട്ടുന്നു. പക്ഷേ അത് ഉപയോഗപ്പെടുത്താൻ ഇന്ത്യക്ക് കഴിയുന്നില്ല. ഈ രംഗം

ഉല്പാദനമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു. കയറ്റുമതി വർദ്ധനവിന്റെ പ്രധാനഘടകം ചെറുകിട വ്യവസായ ഉല്പന്നങ്ങളാണ്. ജി.എസ്.റ്റി.യുടെ ഘടനാരീതി പാലിക്കലും കയറ്റുമതി ഉല്പന്നങ്ങളുടെ വില തിരിച്ചുലഭിക്കുന്നതിലുള്ള കാലതാമസവും നീകുതി മേഖലയ്ക്ക് പുറത്തായിരുന്ന ചെറുകിട ഉല്പാദന മേഖല ആദ്യമായി നികുതി ഭാരം താങ്ങേണ്ടിവരുന്നതും ഭവനാധിഷ്ഠിതവും വ്യക്തിഗതവും ചെറുകിടയും ഇടത്തരവുമായ ഉല്പാദന മേഖലയെ തകർത്തിരിക്കുന്നു. സ്വകാര്യ മൂലധന നിക്ഷേപ വർദ്ധനവ് കൂടാതെ കാർഷിക മേഖല ഊർജ്ജിതമാകാതെയും കയറ്റുമതി വർദ്ധിക്കാതെയും നമ്മുടെ വളർച്ചാനിരക്ക് വർദ്ധന പ്രയാസകരമാണെന്നാണ് അജിത് റാനേഡ യുടെയും ഉറച്ച അഭിപ്രായം.

2. മുൻ റിസർവ് ബാങ്ക് ഗവർണ്ണറും മുൻ പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി ചെയർമാനുമായിരുന്ന സി.രങ്കരാജൻ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടുന്നു.

ഉല്പാദനമേഖല (manufacturing) 2017-18 ആദ്യപാദത്തിൽ 1.2% എന്നതിൽ നിന്ന് സെപ്തംബർ അവസാനിക്കുന്ന രണ്ടാം പാദത്തിൽ 7% ആയി ഉയർന്നു. മുൻവർഷം ഇതേ പാദത്തിൽ 7.7% ആയി രുന്നു. ഇത് നോട്ട് നിരോധനവും ജി.എസ്.റ്റി യും ഏല്പിച്ച ആഘാതത്തിൽ നിന്നും പുറത്തു വരുന്നതിന്റെ സൂചനയാണ്. വ്യാപാര മേഖല (Trade) 9.9% ത്തിലേയ്ക്ക് വളർന്നു. പൊതുഭരണചിലവ് ആദ്യപാദത്തിൽ 3.8% ആയിരുന്നത് രണ്ടാം പാദത്തിൽ 6.8% ആയി ഉയർന്നു. വൈദ്യുതി മേഖല 7% ത്തിൽ നിന്നും 7.6% ആയി ഉയർന്നു എന്നാൽ കാർഷിക മേഖല 5.4% ത്തിൽ നിന്നും 1.7% ആയി ഇടിഞ്ഞു, നല്ല കാലാവസ്ഥയും മഴയും ഉണ്ടായിട്ടും കൺസ്ട്രക്ഷൻ 2.6% ത്തിൽ മരവിച്ചു നിൽക്കുന്നു. നോട്ട് നിരോധനവും ജി.എസ്.റ്റി യും ഒരു പ്രധാനകാരണമാണ്.

നിരുത്സാഹപ്പെടുത്തുന്ന ചില സൂചികകൾ പരിശോധിക്കാം. മൊത്തം മൂലധന(Gros Fixed capital formation) (ജി.എസ്.സി.എഫ്) രൂപീകരണം 2017-18 ന്റെ രണ്ടാം പാദത്തിൽ 6.3% ത്തിൽ എത്തി. കഴിഞ്ഞ വർഷം രണ്ടാംപാദത്തിൽ 2.9% ആയിരുന്നു. എന്നാൽ ജി.ഡി.പിയുടെ അനുപാതത്തിൽ 2017-18 ലെ നിരക്ക് 26.4% ആണ്. മുൻവർഷം 27.1% ആയിരുന്നു. ഈ കുറവ് മുഖ്യമായും സ്വകാര്യ നിക്ഷേപത്തിലെ ഇടിച്ചിലാണ്. പൊതുനിക്ഷേപം മെച്ചപ്പെട്ടതായിരുന്നു. എന്നാൽ സ്വകാര്യ നിക്ഷേപം വർദ്ധിക്കാതെ മൊത്തം നിക്ഷേപം നിലനിർത്താൻ സാദ്ധ്യമല്ല.

ഈ പശ്ചാത്തലത്തിൽ ഉല്പാദന മേഖലയിലെ വളർച്ചാനിരക്ക് സംശായാസ്പദമാണ്. വിശദമായ പരിശോധനയിൽ വ്യാവസായിക ഉല്പാദനം (industrial production) 2017-18 രണ്ടാംപദത്തിൽ 2.2% ആണ്. ഉല്പാദന മേഖലയിലെ സൂചിക മൊത്തം ഉല്പാദനത്തിന്റേതാണ്. എന്നാൽ വ്യവസായിക ഉല്പാദനവും മൂല്യവർദ്ധനവ് നൽകുന്നതാണ്. എന്നാൽ ഈ വലിയ വ്യത്യാസം പല സംശയങ്ങളും ജനിപ്പിക്കുന്നതാണ്.

മറ്റൊരു പ്രധാന പ്രശ്നം ധനകമ്മി മൂന്നാംപദത്തിൽ തന്നെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെത്തും എന്നതാണ്. രണ്ടാംപദത്തിൽ തന്നെ 96.1% ത്തിൽ എത്തിയിരിക്കുന്നു.

വരുന്ന രണ്ട് പാദത്തിലും ജനറൽ അഡ്മിനിട്രേഷന് വളർച്ചാനിരക്കിനെ ഉത്തേജിപ്പിക്കാൻ സാദ്ധ്യമല്ല. എന്തെങ്കിലും കാര്യമായി ചെയ്യാൻ കഴിയുന്നത് സ്വകാ ര്യമൂലധന നിക്ഷേപത്തിനാണ് ഏപ്രിൽ - സെപ്തംബർ രണ്ട് പാദങ്ങളും കയറ്റുമതി 11..52% നിരക്കിൽ വളർന്നു. എന്നാൽ ഒക്ടോബറിൽ പിന്നോട്ടാണ്. ലോകവ്യാപാരം 2017-ൽ 1.7% കണ്ട് വളർന്നു. എന്നാൽ 2016 -ൽ 0.8% ആയിരുന്നു. തന്മൂലം ഇന്ത്യയ്ക്ക് കയറ്റ ുമതി വളർച്ച വന്നുകൂടായ്മയില്ല. രംഗരാജന്റെ അഭിപ്രായത്തിൽ ജി.ഡി.പി 6.5% ത്തിൽ കൂടാൻ വഴിയില്ലലെന്നാണ്. അദ്ദേഹം ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ:- നിക്ഷേപത്തിലെ കുറവ്, മൊത്തം സ്ഥിരം മൂലധന രൂപീകരണം 26.4% ആകുന്നു. ഇത് മുൻ വർഷത്തിൽ 30.8% ആയിരുന്നു. പലകാ രണം കൊണ്ടും സ്വകാര്യ നിക്ഷേപം കുറയുന്നു എന്ന വസ്തുത നിലനില്ക്കുന്നു.

3. അമിത്കഫൂർ ചെയർമാൻ, ''ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കോമ്പറ്റേറ്റീവ്നസ് ഇന്ത്യ''യുടെ ജി.എസ്.റ്റി വളർച്ചയെപ്പറ്റി നിലവിലുള്ള ചായ്വ് പ്രത്യാശപരമല്ലെന്ന് വ്യക്തമാക്കുന്നു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ പിന്നോട്ട് പോക്ക് നോട്ട് നിരോധനം വഴിയും GST വഴിയും മാത്രം ഉണ്ടായതല്ല. അതിന് മുമ്പ് തന്നെ സമ്പദ്ഘടനയുടെ താഴോട്ടുള്ള പോക്കിന്റെ ലക്ഷണങ്ങൾ കണ്ടിരുന്നു. 2008 ലെ വളരെ മോശപ്പെട്ട ആഗോള പ്രതിസന്ധിക്ക് തൊട്ടടുത്ത പാദത്തിൽപോലും ഇന്ത്യയുടെ വളർച്ചാനിരക്ക് 6.9% വരെ താഴ്ന്നുള്ളു.

''ഓർഗൈനേഷൻ ഫോർ കോ-ഓപ്പറേഷൻ ആന്റ് ഡവലപ്പ്മെന്റിന്റെ'' അഭിപ്രായത്തിൽ കഴിഞ്ഞ 5 പാദങ്ങളിലായി വളർച്ചാനിരക്ക് താഴോട്ട് വന്നു. 2017 ഏപ്രിൽ -ജൂൺ പാദത്തിൽ

5.7% എന്ന നെല്ലിപലകയിലെത്തിയത് ലോകസാഹചര്യങ്ങളുടെ നിഴലിലല്ല. മറിച്ച് അഭ്യന്തര പ്രശ്നങ്ങൾ മൂലമാണ്. തട്ടിപ്പ് വായ്പകളുടെ (Bad loan) വർദ്ധനവിന്റെ പശ്ചാത്തലം തന്നെ ഇന്ത്യൻ സാമ്പത്തിക വളർച്ചയെ തളർത്തിതുടങ്ങിയിരുന്നു. ലോക സാഹചര്യം 2011 മുതൽ മുകളിലേയ്ക്കാണ് വളർച്ച നീങ്ങിയത്. കഴിഞ്ഞ ചില മാസങ്ങളിൽ ഗവൺമെന്റ് പ്രവർത്തനരഹിത മൂലധനത്തിന്റെ (NPA) പശ്ചാത്തലത്തിൽ ചില നടപടികൾ എടുത്തുതുടങ്ങിയിരുന്നു. എങ്കിലും കുരുക്കിൽ നിന്നും പുറത്ത് കടക്കാൻ കഴിഞ്ഞിട്ടില്ല.

സാമ്പത്തിക വളർച്ചയുമായി ബന്ധപ്പെട്ട കണക്കുകളിൽ പ്രധാനമായും എടുത്തുകാട്ടിയത് ഉല്പാദനമേഖലയാണ്.2017 ഏപ്രിൽ– ജൂൺ പാദത്തിൽ 1.2% ആയിരുന്നത് ജൂലൈ –സെപ്തംബർ പാദത്തിൽ 7% മായി കുതിച്ചുയുർന്നു. വ്യവസായ ഉല്പാദന വളർച്ച 2.2% ക്രമത്തിലാണ്. മുൻ വർഷങ്ങളിലെ പാദത്തിൽ ഇതേ വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ചരക്ക് ഉല്പാദന മേഖലയിലാണ് മൂല്യവർദ്ധനവ് ഉണ്ടാവുന്നത്. ഇവിടെ ചരക്ക് ഉല്പാദനം ഒരേ നിരക്കിൽ നിൽക്കുന്നു. വളർച്ചാ സൂചന നല്കുന്നില്ലാതാനും. പിന്നെ എങ്ങനെ മാനുഫാക്ച്ചറിംഗ് മേഖലയിൽ വളർച്ചയുണ്ടായി? ഈ സ്ഥിതി ഒരു വളരുന്ന സമ്പദ്ഘടനയ്ക്ക് ചേർന്നതല്ല. തൊഴിലവസരം ഉയരുന്നില്ല. ഉല്പാദനം യഥാർത്ഥത്തിൽ ഉയരുന്നില്ലെങ്കിൽ പിന്നെങ്ങനെ സാമ്പത്തിക വളർച്ച ഉണ്ടാകും?.

സമ്പദ്ഘടനയെ ഉൾകണ്ഠാകുലമാക്കുന്ന മറ്റൊരു ഘടകമാണ് ധനകമ്മി. ജി.ഡി.പി ജൂൺ സെപ്തംബർ പാദത്തിൽ 6.3% ആയി ഉയർന്നതിന്റെ വാർത്താ പുറത്ത് വന്ന ദിവസം സ്റ്റോക്ക് മാർക്കറ്റിൽ ഇടിവാണുണ്ടായത്. ആദ്യപാദത്തിനുശേഷം സ്വകാര്യ നിക്ഷേപത്തിൽ കാര്യമായ ചലനമുണ്ടായിട്ടില്ല. മൊത്തം സ്ഥിരമൂലധനത്തിൽ താഴ്ചയാണുണ്ടായത്. സമ്പദ്ഘടനയിൽ ഗവൺമെന്റ് ചിലവ് മാത്രമാണ് വർദ്ധിച്ചത്. അത് പരിധിക്കുമേൽ.

ഇന്ത്യൻ സമ്പദ്ഘടനയെ വ്യാകുലപ്പെടുത്തുന്ന ഒരു പ്രധാന ഘടകമാണ് കയറ്റുമതിയിലുള്ള മാന്ദ്യം. അവസാന പാദത്തിൽ കഷ്ടിച്ച് 1.2% വളർച്ച മാത്രമാണുണ്ടായത്. ഈ വിഷയത്തിൽ പത്രപ്രവർത്തകർ എസ്.സ്വാമിനാഥന്റെയും ആങ്കലസാറിയ അയ്യരുടെയും അഭിപ്രായത്തിൽ 15% എങ്കിലും കയറ്റുമതി വളർച്ചയില്ലാത്ത ഒരു സമ്പദ്ഘടനയ്ക്ക് 7% വളർച്ച നേടാൻ സാദ്ധ്യമല്ല.

ഈ വസ്തുതകളുടെ പശ്ചാത്തലത്തിൽ സ്വകാര്യ നിക്ഷേപം ദുർബലമായ ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് വളരാനുള്ള ശക്തി ലഭിക്കില്ല.തന്മൂലം നിലവിലുള്ള ദൗർബല്യം വരുന്ന ഏതാനും പാദങ്ങളിൽ തുടരുക തന്നെ ചെയ്യും. ജി.എസ്.റ്റിയിൽ വരുത്തുന്ന മാറ്റങ്ങളും റിയൽ എസ്റ്റേറ്റ് ആക്ടും ബാങ്കറപ്സി കോഡും എല്ലാം കൂടി സൃഷ്ടിക്കുന്ന പുതിയ അന്തരീക്ഷം സ്വകാര്യ നിക്ഷേപ മനോഭാവത്തിൽ മാറ്റവും, തന്മൂലം ചരക്ക് ഉല്പാദന മേഖലയിൽ മുന്നേറ്റവും കയറ്റുമതി യിൽ വർദ്ധനവും ഉണ്ടാവുമെങ്കിൽ മാത്രമേ സാമ്പത്തിക വളർച്ച പ്രതീക്ഷിക്കേണ്ടതുള്ളു.

**നാണയപ്പെരുപ്പം കുതിച്ചു; വ്യവസായ ഉല്പാദനം കിതച്ചു**

അവസാനം ഒന്നു ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു:– വസ്തുതാപരമായി നമ്മുടെ മുമ്പിൽ എത്തുന്നതു കാണുക. ഡിസംബർ 13 –ലെ എല്ലാ പത്രങ്ങളിലും വന്ന വാർത്ത ഇപ്രകാരം പറയുന്നു:– ഇന്ത്യയിൽ പണപ്പെരുപ്പം നവംബറിൽ കഴിഞ്ഞ 15 വർഷത്തെ ഏറ്റവും ഉയർന്ന നിലവാരത്തിലെത്തി. ഉപഭോക്തൃവിലയുടെ അടിസ്ഥാനത്തിൽ 4.88% ആയി ഉയർന്നിരിക്കുന്നു ഒക്ടോബറിൽ ഇത് 3.58% ആയിരുന്നു. അതുപോലെ വ്യവസായ ഉല്പാദന സൂചിക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2% ഇടിഞ്ഞ് ഒക്ടോബറിൽ 2.2% ആയിരിക്കുന്നു. 2016 ഒക്ടോബറിൽ 4.2% ആയിരുന്നു. ഇത് രാജ്യം കൂടുതൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നു എന്നതിന്റെ തെളിവാണ്. ഇന്ധനം, പച്ചക്കറി, മുട്ട എന്നിവയ്ക്ക് വിലക്കയറ്റമുണ്ടായി. ഇന്ധന വിലക്കയറ്റം 7.92% ഉയർന്നു. പച്ചക്കറികളുടെ വിലക്കയറ്റം നവംബറിൽ 22.48% ആയും മറ്റു വസ്തുക്കളുടെ മൊത്തത്തിലുള്ള വിലക്കയറ്റം നവംബറിൽ ശരാശരി 4.42% ആയും ഉയർന്നു. ഒക്ടോബറിൽ ഇത് 1.9% ആയിരുന്നു. തൊഴിലെടുക്കുന്നവരുടെയും കൃഷിക്കാരുടെയും മറ്റു പാവപ്പെട്ടവരുടെയും ജീവിതത്തെ ഇത് സാരമായി ബാധിക്കും. നിർമ്മിതോല്പന്ന മേഖലയിൽ ആകെയുള്ള 23 ഇനങ്ങളിൽ 13 എണ്ണത്തിന്റെ ഉല്പാദനത്തിൽ ഇടിവുണ്ടായി.

കഴിഞ്ഞ മൂന്നുദിവസങ്ങളിലായി ആവേശത്തിന്റെ കുതിപ്പിലായിരുന്ന ഓഹരികമ്പോളം നിരാശയിലായി. ബോംബെ സെൻസെക്സ് 227 പോയിന്റ് ഇടിഞ്ഞു. നിഫ്റ്റി 82പോയിന്റ് ഇടിഞ്ഞു. ക്രൂഡ് ഓയിൽ വില 65 ഡോളറിലേക്ക് ഉർന്നു. നാണയപ്പെരുപ്പം ഉയരുന്നത് പലിശ ഇളവിനേയും ക്രൂഡ് ഓയിൽ വില ഉയരുന്നത് കേന്ദ്ര ഗവൺമെന്റിന്റെ ധനകമ്മിയേയും പ്രതികൂലമായി ബാധിക്കും ചുരുക്കത്തിൽ സമ്പദ്ഘടന കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു. ■

## വികസ്വര രാജ്യങ്ങളിലെ 66% തൊഴിലുകളും

# യന്ത്രമനുഷ്യർ കൈയടക്കും



**നിലനിൽക്കുന്ന അവസ്ഥകളെ അസ്ഥിരപ്പെടുത്തുന്ന സാങ്കേതിക വിദ്യകൾ നേട്ടങ്ങളുടേയും അതുപോലെ തന്നെ അപകടങ്ങളുടേയും സമ്മിശ്രമായ ഫലങ്ങളായിരിക്കും നമുക്ക് സമ്മാനിക്കുക. യന്ത്രവത്കരണം വികസ്വര രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതത്തെയും നാനാതരത്തിൽ സ്വാധീനിക്കുന്ന വിഷയമാണ് എന്ന് വെളിപ്പെടുത്തുന്ന ഒരു റിപ്പോർട്ട് അടുത്തിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. വികസ്വര രാജ്യങ്ങളിലാണ് യന്ത്രവത്കരണത്തിന്റെ ആഘാതം കൂടുതലായി അനുഭവപ്പെടുന്നതെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.**

യന്ത്രവത്കരണം വികസിത രാജ്യങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്മാണെന്ന ധാരണ പൊതുവിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ യന്ത്രവത്കരണം വികസ്വര രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതത്തെയും നാനാതരത്തിൽ സ്വാധീനിക്കുന്ന വിഷയമാണ് എന്ന് വെളിപ്പെടുത്തുന്ന ഒരു റിപ്പോർട്ട് വ്യാപാരത്തിനും വികസനത്തിനും വേണ്ടിയുള്ള ഐക്യരാഷ്ട്രസഭയുടെ സമ്മേളനം (UNCTAD) അടുത്തിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. വികസ്വര രാജ്യങ്ങളിലാണ് യന്ത്രവത്കരണത്തിന്റെ ആഘാതം കൂടുതലായി അനുഭവപ്പെടുന്നതെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

റിപ്പോർട്ടിൽ താഴെ പറയുന്ന വിലയിരുത്തലുകളും നടത്തീട്ടുണ്ട്. വികസിത രാജ്യങ്ങളിൽ യന്ത്രങ്ങളെ കൂടുതലായി ഉപയോഗിക്കുന്ന സ്ഥിതിയുണ്ടാകുമ്പോൾ വികസ്വര രാജ്യങ്ങൾക്ക് തൊഴിലാളികളുടെ (കുറഞ്ഞ) കൂലിയുടെ കാര്യത്തിൽ ഇന്നുള്ള മുൻതൂക്കത്തിന് പ്രസക്തി ഇല്ലാതാകും. മാത്രവുമല്ല വികസ്വര രാജ്യങ്ങിലായിരിക്കും വികസിത രാജ്യങ്ങളെ അപേക്ഷിച്ച് യന്ത്രവത്കരണം കൂടുതലായി നടപ്പിലാക്കപ്പെടുക.

കുറഞ്ഞ നിപുണത മാത്രം ആവശ്യമുള്ള വികസ്വര രാജ്യങ്ങളിലെ തൊഴിലുകളാണ് –ഇത്തരം തൊഴിലുകളുടെ നിർവഹണത്തിന് യന്ത്രമനുഷ്യരെ എളുപ്പത്തിൽ ഉപയോഗിക്കുവാനാകും എന്നതിനാൽ– യന്ത്രവത്കരണത്തിന്റെ ഭീഷണിയെ കൂടുതലായി നേരിടുന്നത്. യന്ത്രവത്കരണത്തിന്റെ ഫലമായി വികസ്വര രാജ്യങ്ങളിലെ തൊഴിലുകളിൽ 66% വരെ നഷ്ട

പ്പെട്ടേയ്ക്കും എന്നാണ് റിപ്പോർട്ട് ആശങ്കപ്പെടുന്നത്.

യന്ത്രവത്കരണം നിർമ്മിതോൽപ്പന്ന മേഖലയെ (manufacturing sector) പോലുള്ള വ്യവസായങ്ങൾ വികസ്വര രാജ്യങ്ങളിൽ നിന്ന് വികസിത രാജ്യങ്ങളിലേക്ക് തിരിച്ചുകൊണ്ടു പോകപ്പെടുന്ന സാഹചര്യം സംജാതമാക്കും. മെല്ലെയാണെങ്കിൽ പോലും ഈ തിരിച്ചുകൊണ്ടു പോകൽ ഇതിനകം തന്നെ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ വികസിത രാജ്യങ്ങളിൽ യന്ത്രവത്കരണത്തിന്റെ തോത് വർധിക്കുന്നതിനനുസരിച്ച് ഈ തിരിച്ചുകൊണ്ടു പോകലിന്റെ വേഗതയിലും നാടകീയമായ വർധനവുണ്ടാകും.

ഇത് കാരണം പല പ്രശ്നങ്ങളും ഉടലെടുക്കും. യന്ത്രവത്കരണവും യന്ത്ര മനുഷ്യരും വികസ്വര രാജ്യങ്ങളിൻമേൽ ഏൽപ്പിക്കുന്ന ആഘാതങ്ങളെ ഏങ്ങിനെയാണ് ലഘൂകരിക്കുവാൻ കഴിയുക, അവിടങ്ങളിലെ തൊഴിലാളികളെയും സമ്പദ്ഘടനകളെയും നമുക്ക് എങ്ങനെയാണ് സംരക്ഷിക്കുവാനാകുക തുടങ്ങിയ ചോദ്യങ്ങളെ ഗൗരവമായി കണ്ടു കൊണ്ട് അവയ്ക്കുള്ള ഉത്തരം നാം എത്രയും വേഗം കണ്ടെത്തണമെന്ന് റിപ്പോർട്ട് നമ്മെ ഓർമിപ്പിക്കുന്നുണ്ട്.

ഫലങ്ങളുടെ സ്വഭാവം നടപ്പിലാക്കപ്പെടുന്ന നയങ്ങളെ ആശ്രയിച്ചിരിക്കും. അതുകൊണ്ട് അനിവാര്യമായും സംഭവിക്കുവാൻ പോകുന്ന യന്ത്രവത്കരണത്തെയും അതിനെ തുടർന്നുണ്ടാകുന്ന തൊഴിൽ നഷ്ടത്തെയും നേരിടുന്നതിനുള്ള തയാറെടുപ്പുകൾ ഉടൻ തന്നെ ആരംഭിക്കണം. ഇതിനു വേണ്ടി വിദ്യാഭ്യാസം പൂർണമായും കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുകയും സമൂഹം ഇപ്പോൾ പ്രവർത്തിക്കുന്ന രീതികളിൽ അടിമുടി മാറ്റം വരുത്തണമെന്നും റിപ്പോർട്ട് നിർദേശിക്കുകയാണ്.

ഇതെല്ലാം എളുപ്പത്തിൽ നടപ്പിലാക്കാൻ പറ്റുന്ന കാര്യമല്ല എന്ന നിഗമനത്തിലെത്തുന്ന റിപ്പോർട്ട് മുന്നോട്ട് നയ്ക്കുന്ന പരിഹാരം സാമ്പത്തിക ചുറ്റുപാടുകളെയോ ചെയ്യുന്ന ജോലിയുടെ നിലവാരത്തെയോ പരിഗണിക്കാതെ എല്ലാവർക്കും സാർവത്രിക അടിസ്ഥാന വരുമാനം (universal Basic Income) ലഭ്യമാക്കുക എന്നതാണ്. ഒരു മനുഷ്യന് അല്ലലില്ലാതെ ജീവിതാവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ജീവിക്കുന്നതിന് വേണ്ടി വരുന്ന തുകയെയാണ് സാർവത്രിക അടിസ്ഥാന വരുമാനം എന്നു പറയുന്നത്. ഇതിനെക്കുറിച്ചുള്ള ഗൗരവമായ ചർച്ചകൾക്ക് തുടക്കം കുറിക്കപ്പെട്ടുകഴിഞ്ഞു. വിവിധ വ്യവസായ മേഖലകളിലെ നിരവധി വിദഗ്ദ്ധർ ഇതിനെ പിൻതുണക്കുന്നവരാണ്. ഫിൻലാന്റ് ഉൾപ്പെടെ ചില രാജ്യങ്ങളിൽ ഇത് ഇതിനകം തന്നെ പരീക്ഷിക്കപ്പെട്ടു കഴിഞ്ഞുമിരിക്കുന്നു. സമീപഭാവിയിൽ തന്നെ നമുക്ക് ഈ പരീക്ഷണങ്ങളെ വിലയിരുത്തിക്കൊണ്ട് അതിന്റെ ഫലങ്ങൾ ആശാവഹമാണെന്നു വരുകിൽ നമ്മുടെ സാമൂഹിക– സാമ്പത്തിക ചട്ടക്കൂടുകളിൽ വേണ്ട മാറ്റങ്ങൾ വരുത്തി സാർവത്രിക അടിസ്ഥാന വേതനം എന്ന ആശയത്തെ സ്വീകരിക്കാനാകുമെന്ന പ്രതീക്ഷയും റിപ്പോർട്ട് വച്ചു പുലർത്തുന്നുണ്ട്.

നിലനിൽക്കുന്ന അവസ്ഥകളെ അസ്ഥിരപ്പെടുത്തുന്ന സാങ്കേതിക വിദ്യകൾ (disaruptive technologies) നേട്ടങ്ങളുടേയും അതുപോലെ തന്നെ അപകടങ്ങളുടേയും സമ്മിശ്രമായ ഫലങ്ങളായിരിക്കും നമുക്ക് സമ്മാനിക്കുക എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. സാങ്കേതിക വിദ്യകളിലെ അപകടങ്ങളെ നാം സദാ ജാഗ്രതയോടു കൂടി വിലയിരുത്തിക്കൊണ്ടിരിക്കണം. അതിനോടൊപ്പം തന്നെ അവയെ അനുയോജ്യമായ രീതിയിൽ ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായുള്ള മാർഗങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും വേണം എന്ന സന്ദേശമാണ് റിപ്പോർട്ട് നൽകുന്നത്. ■

# ജീവിത പ്രശ്നങ്ങൾ ഉയർത്തി വഴിയോരക്കച്ചവടക്കാരുടെ മാർച്ച്

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വഴിയോരക്കച്ചവടക്കാർ സെക്രട്ടറിയേറ്റ് മാർച്ച് നടത്തി. വഴിയോരക്കച്ചവട തൊഴിലാളി ഫെഡറേഷൻ (സിഐടിയു) നേതൃത്വത്തിൽ നടന്ന മാർച്ചിൽ ആയിരങ്ങൾ പങ്കെടുത്തു. സിപിഐഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉത്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് ഡോ കെ എസ് പ്രദീപ് കുമാർ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ആർ വി ഇക്ബാൽ അവകാശ പ്രഖ്യാപനം നടത്തി. സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗം വി ശിവൻകുട്ടി ഫെഡറേഷൻ ട്രഷറർ എം എച്ച് സലീം, അരക്കൻ ബാലൻ, എൻ വേണുഗോപാൽ, എസ് സുനിൽകുമാർ, ടി ത്യാഗരാജൻ, എം ബാപ്പുട്ടി, കെ സി കൃഷ്ണൻകുട്ടി, പ്രദീഷ്, പത്മബാബു, സി പി സുലൈമാൻ, എം ആർ ദിനേശൻ, പവിത്രൻ, വിമല ഫ്രാൻസിസ് തുടങ്ങിയവർ സംസാരിച്ചു. എസ് അനിൽകുമാർ നന്ദി പറഞ്ഞു. തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുക, വഴിയോരക്കച്ചവടക്കാർക്കായി ക്ഷേമനിധി രൂപീകരിക്കുക, സംരക്ഷണ നിയമത്തിനായുള്ള ചട്ടരൂപീകരണം ത്വരിതപ്പെടുത്തുക, മുഴുവൻ തദ്ദേശ സ്ഥാപനങ്ങളെയും നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ച്. തൊഴിലാളികളെ വർഗീയമായി ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങളെ ശക്തമായി ചെറുക്കുമെന്നും അവർ പ്രഖ്യാപിച്ചു.

# സാമ്പത്തിക കുറിപ്പുകൾ

രാജ്യം കടുത്ത സാമ്പത്തിക പ്രശ്നങ്ങളിലേക്ക് നിങ്ങുകയാണ്. ഉയർന്ന ഇന്ധനവിലയാണ് വിലക്കയറ്റത്തിനുള്ള അടിസ്ഥാന കാരണമെന്ന് റിസർവ് ബാങ്ക് വിലയിരുത്തുന്നു. പണപ്പെരുപ്പം ഉയരുമെന്ന് റിസർവ് ബാങ്ക് മുന്നറിയിപ്പ് നൽകിയിരുന്നു. പണപ്പെരുപ്പം ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് റിപ്പോ റിവേഴ്സ് റിപ്പോ നിരക്കുകളിൽ മാറ്റം വരുത്താതെയാണ് ഡിസംബർ 6 ന് വായ്പാ നയം പ്രഖ്യാപിച്ചത്. (റിപ്പോനിരക്ക്– റിസർവ് ബാങ്ക് മറ്റു ബാങ്കുകൾക്കു നൽകുന്ന ഹ്രസ്വകാല വായ്പയുടെ നിരക്ക്)

തുടർച്ചയായി ആറാം മാസവും ഇന്ധനവില വർധിപ്പിച്ചു. നവംബറിൽ മാത്രം ഇന്ധനവില 7.92 ശതമാനം ഉയർന്നു. ഇടക്കാലത്തേക്ക് പണപ്പെരുപ്പം നാലു ശതനാനത്തിൽ താഴെയായി നിലനിർത്തണമെന്ന് റസർവ് ബാങ്ക് നിഷ്കർഷിച്ചിരുന്നു. എന്നാൽ നവംബറിൽ 4.88 ശതമാനം പണപ്പെരുപ്പമാണ് രേഖപ്പെടുത്തിയത്. ഒക്ടോബറിൽ ഇത് 3.58 ശതമാനമായിരുന്നു. നവംബറിലെ കണക്ക് റസർവ് ബാങ്കിന്റെ പ്രതീക്ഷകളെ തകിടം മറിച്ചിരിക്കുകയാണ്.

അതേ സമയം, വ്യവസായ ഉൽപാദ സൂചിക (IIP) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രണ്ടു ശതമാനം ഇടിയുകയും ചെയ്തു. ഒക്ടോബറിൽ 2.2 ശതമാനം മാത്രമാണ് ഐഐപി വളർന്നത്. 2016 ഒക്ടോബറിൽ ഐഐപി വളർച്ച 4.14 ശതമാനമായിരുന്നു. രാജ്യത്തിന്റെ സമ്പദ്ഘടന കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണെന്ന് വ്യക്തമാക്കുന്നതാണ് ഈ സൂചികകൾ. ജിഎസ്ടി നടപ്പാക്കിയതിനെ തുടർന്നുള്ള ആശയക്കുഴപ്പം തുടരുകയാണ്. ജിഎസ്ടി നിരക്കിൽ പലപ്രാവശ്യം വെട്ടലും തിരുത്തലും വേണ്ടിവന്നു. 2017 ലെ ആദ്യത്തെ നാലു മാസം 15 ലക്ഷം തൊഴിലാണ് നഷ്ടപ്പെട്ടത്. കഴിഞ്ഞ സാമ്പത്തിക വർഷം ഏഴു ശതമാനം ജിഡിപി വളർച്ച രേഖപ്പെടുത്തിയപ്പോഴും തൊഴിൽ വളർച്ച ഒരു ശതമാനം മാത്രമായിരുന്നു. നടപ്പുവർഷം വളർച്ച ഏഴു ശതമാനം പോലുമെത്തിയില്ല.

കാർഷിക മേഖലയിൽ സ്ഥിതി ദയനീയമാണ്. വിലക്കയറ്റം രൂക്ഷമാകുമ്പോഴും കർഷകർക്ക് ഉൽപാദന ചെലവ് പോലും കിട്ടുന്നില്ല. ഇടനിലക്കാർ കർഷകരെയും ഉപഭോക്താക്കളെയും ഒരുപേലെ ചൂഷണം ചെയ്യുന്നു.

മാനുഫാക്ചറിംഗ് മേഖല വളർന്നത് 2.5 ശതമനം മാത്രമാണ്. ഈ മേഖലയാണ് രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്നത്. ഖനന മേഖലയുടെ വളർച്ച തുച്ഛമായ 0.2% മാത്രം. ഇലക്ട്രിസിറ്റി മേഖലയുടെ വളർച്ച 3.2% കയറ്റുമതിയുടെ സ്ഥിതിയും പ്രതീക്ഷ നൽകുന്നതല്ല.

### വ്യവസായ ചരക്കുകളുടെ വിലക്കുതിപ്പും പണപ്പെരുപ്പവും

വ്യവസായ ചരക്കുകളുടെ മാത്രമല്ല പൊതുവിൽ ചരക്കുകളുടെ വില കയറുമ്പോൾ പണപ്പെരുപ്പവും (inflation) വർധിക്കുന്ന പ്രവണതയാണ് കാണാൻ കഴിയുന്നത്. കറൻസിയുടെ വാങ്ങൽ കഴിവ് വീണ്ടും കുറയാൻ അതിടയാക്കുന്നു. പണപ്പെരുപ്പം വീണ്ടും വർധിക്കുമ്പോൾ ചരക്കുകൾക്കും വിലകൂടുന്നു.

ഇന്ത്യയിൽ ഭക്ഷ്യവസ്തുക്കളുടെ വിലയിൽ 2016 നവംബറിൽ നിന്ന് 2017 നവംബറെത്തിയപ്പോൾ 4.42 ശതമാനത്തിന്റെ വർധനവാണുണ്ടായതെന്ന് ഔദ്യോഗിക കണക്കുകൾ പറയുന്നു. അതു പോലെ ഉപഭോക്തൃ വസ്തുക്കളുടെ വിലയിൽ 2016 നവംബറിൽ നിന്ന് 2017 നവംബറിൽ 3.58 ശതമാനത്തിന്റെ വർധനവ് വന്നെന്നാണ് സ്ഥിതി വിവരക്കണക്ക്.

ഈ ശതമാന കണക്കിലെ വർധനവൊന്നുമല്ല കമ്പോളത്തിൽ അരിയും മുളകും പച്ചക്കറിയും മറ്റും വാങ്ങാൻ പോകുന്ന സാധാരണക്കാരന് അനുഭവപ്പെടുന്നത്. വിലക്കയറ്റവും പണപ്പെരുപ്പവും ഇനിയും കുടുമെന്നാണ് സൂചനകൾ. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്.

ഇനി ആഗോളതലത്തിൽ വ്യവസായ ചരക്കുകളുടെ വിലവർധനവിലേക്ക് വരാം. അമേരിക്കയിൽ ട്രംപ് അധികാരത്തിലെത്തിയതിനെ തുടർന്ന് അവിടെ പശ്ചാത്തല മേഖലയിൽ വൻതോതിൽ നിക്ഷേപം വരുമെന്ന പ്രചരണം ശക്തമായി. മെക്സിക്കോയിൽ നിക്ഷേപം നടത്താൻ തീരുമാനിച്ച അമേരിക്കൻ ബഹുരാഷ്ട്ര കുത്തകകൾക്ക് ട്രംപ് സൗജന്യങ്ങൾ വച്ചു നീട്ടി. അവരൊക്കെ വിവിധ രാജ്യങ്ങളിൽ നിന്ന് നിക്ഷേപിക്കാൻ അമേരിക്കയിലേക്ക് തിരിച്ചു വരികയാണെന്ന പ്രതീതി സൃഷ്ടിച്ചു. ഈ പ്രതീക്ഷ പെട്രോളിയം ഒഴികെ ചരക്കുകളുടെ വിലകുതിപ്പിന് കാരണമായി.

ആഗോള സമ്പദ്ഘടന ശക്തിപ്പെടുന്നു എന്ന പ്രചരണവും ഇതിനെ സ്വാധീനിച്ചു. മലിനീകരണം തടയാൻ ചൈനീസ് ഗവണ്മെന്റ് ഉല്പാദന രംഗത്ത് നിയന്ത്രണം കൊണ്ടുവന്നതോടെ ചരക്കുകളുടെ ലഭ്യത ചുരുങ്ങുമെന്ന് കണക്കുകൂട്ടി ഊഹക്കച്ചവടക്കാർ രംഗത്തിറങ്ങി. അവരുടെ ഇടപെടൽ കൃത്രിമമായ ക്ഷാമം സൃഷ്ടിച്ചതും വില വർധനവിന് കാരണമായി.

ഒരുദാഹരണം നോക്കാം. ഏതാനും മാസം മുമ്പ് അലൂമിനിയത്തിന്റെ വിലയിൽ വൻ വർധനവാണുണ്ടായത്. 6 വർഷത്തെ ഏറ്റവും വലിയ വില വർധന. കേപ്പർ, സിങ്ക്, നിക്കൽ എന്നിവയുടെ വിലയും 30 മുതൽ 40 ശതമാനം വരെ വർധിച്ചു.

## നേപ്പാളിൽ കമ്യൂണിസ്റ്റ് പാർടി അധികാരത്തിലേക്ക്

നേപ്പാളിൽ നവംബർ-ഡിസംബറിലായി നടന്ന തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് സഖ്യം വൻ വിജയം നേടി. കമ്യൂണിസ്റ്റ് പാർടി ഓഫ് നേപ്പാൾ (യുണൈറ്റഡ് മാർക്സിസ്റ്റ് ലെനിനിസ്റ്റ്) കമ്യൂണിസ്റ്റ് പാർടി ഓഫ് നേപ്പാൾ (മാവോയിസ്റ്റ് സെന്റർ) എന്നീ പാർടികൾ ചേർന്ന് തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഉണ്ടാക്കിയ സഖ്യമാണ് വൻ വിജയം നേടിയത്. പ്രധാനമന്ത്രിയാകുമെന്ന് കരുതപ്പെടുന്ന യുഎംഎൽ നേതാവ് കഡ്ഗപ്രസാദ് ഓലി, മാവോയിസ്റ്റ് സെന്റർ ചെയർമാൻ പുഷ്പകമൻ ദഹൽ തുടങ്ങിയ പ്രധാന നേതാക്കളെല്ലാം തന്നെ ജയിച്ചവരിൽ ഉൾപ്പെടും. 2015ലെ രണ്ടാം ഭരണഘടനാ നിർമാണ സഭ രൂപം കൊടുത്ത മതനിരപേക്ഷ ഫെഡറൽ ഭരണഘടനയനുസരിച്ച് നടക്കുന്ന ആദ്യപാർലമെന്റ്, പ്രവിശ്യാ തെരഞ്ഞെടുപ്പാണിത്.

ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടതിന് ശേഷം 17 വർഷമായി തുടരുന്ന രാഷ്ട്രീയ അനിശ്ചിതത്വത്തിന് അന്ത്യമിടുന്നതായിരിക്കും തെരഞ്ഞെടുപ്പ് ഫലം, നേരിട്ട് തെരഞ്ഞെടുപ്പ് നടന്ന 165 പാർലമെന്റ് സീറ്റിൽ 116 ഉം കമ്യൂണിസ്റ്റ് പാർടികളുടെ സഖ്യം നേടിയപ്പോൾ ദീർഘകാലം ഭരണത്തിന്റെ കടിഞ്ഞാൻ നിയന്ത്രിച്ച നേപ്പാളി കോൺഗ്രസിന് 23 സീറ്റ് മാത്രമേ നേടാനായുള്ളൂ. യുഎംഎല്ലിന് 80 സീറ്റ് ലഭിച്ചപ്പോൾ 36 സീറ്റ് നേടി മാവോയിസ്റ്റ് സെന്റർ രണ്ടാം സ്ഥാനത്തെത്തി. ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിലാണ് 110 സീറ്റിലെ ഫലം നിശ്ചയിക്കുക. ഇതിലും ഏറ്റവും കൂടുതൽ വോട്ട് നേടിയ യുഎംഎല്ലിനായിരിക്കും കൂടുതൽ സീറ്റ് ലഭിക്കുക. രണ്ടാം സ്ഥാനം നേപ്പാളി കോൺഗ്രസിനായിരിക്കും. മൂന്നാം സ്ഥാനം മാത്രമേ മാവോയിസ്റ്റ് സെന്ററിന് ലഭിക്കൂ. 275 അംഗ പാർലമെന്റിൽ വ്യക്തമായ ഭൂരിപക്ഷം ഉറപ്പാക്കിയ കമ്യൂണിസ്റ്റ് സഖ്യം മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോട് അടുക്കുകയാണ്. ആനുപാതിക പ്രാതിനിധ്യാടിസ്ഥാനത്തിലുള്ള സീറ്റുകൾ കൂടി അറിഞ്ഞാലേ ചിത്രം വ്യക്തമാകൂ.

1990 ൽ രാജാധിപത്യത്തെ കുടഞ്ഞെറിഞ്ഞ് ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടതുമുതൽ ഏറ്റവും വലിയ കക്ഷിയായിരുന്നു നേപ്പാളി കോൺഗ്രസിന് കനത്ത് പരാജയമാണ് ഏറ്റുവാങ്ങേണ്ടി വന്നത്. രാജഭരണം അവസാനിപ്പിക്കുന്നതിന് അവസാനം വരെയും എതിരായിരുന്നു നേപ്പാളി കോൺഗ്രസ്. എന്നാൽ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ശക്തമായ ജനകീയ പ്രക്ഷോഭം ആരംഭിച്ചപ്പോൾ അവർക്കും മാറിനിൽക്കാനായില്ലെന്ന് മാത്രം. വർഷങ്ങൾ നീണ്ട പ്രക്ഷോഭത്തിന്റെ ഫലമായി ജനാധിപത്യം സ്ഥാപിക്കപ്പെട്ടെങ്കിലും സുസ്ഥിരഭരണം കാഴ്ചവയ്ക്കാൻ നേപ്പാളിന് കഴിഞ്ഞിരുന്നില്ല. പൊരുതി നേടിയ ജനാധിപത്യത്തെ വീണ്ടും രാജാവിന്റെ കാൽക്കീഴിൽ അടിയറവയ്ക്കാനാകില്ലെന്ന ശക്തമായ സന്ദേശമാണ് കമ്യൂണിസ്റ്റ് പാർടികൾക്ക് അനുകൂലമായി വോട്ട് രേഖപ്പെടുത്തി ജനം നൽകിയത്.

നേപ്പാളിലെ ഫലം ഇന്ത്യൻ ഭരണാധികാരികളെയും നിരാശപ്പെടുത്തുന്നതാണ്. ഹിന്ദുത്വ ശക്തികൾ നേതൃത്വം നൽകുന്ന ഇന്ത്യൻ ഭരണകർത്താക്കൾക്ക് നേപ്പാൾ കമ്യൂണിസ്റ്റ് ഭരണം ഇഷ്ടപ്പെടാനിടയില്ല. നേരത്തെ കെ പി ഓലി സർക്കാർ അധികാരത്തിലിരുന്നപ്പോൾ നാധേരി പ്രശ്നം ഉയർത്തി മാസങ്ങൾ നീണ്ട ഉപരോധം മോഡി സർക്കാർ ഏർപ്പെടുത്തിയിരുന്നു. അന്ന് ഇന്ത്യാ ഗവണ്മെന്റിന്റെ ഈ നയത്തെ ശക്തമായി വിമർശിക്കാനും ചൈനയുമായി വ്യാപാരക്കരാർ ഒപ്പിട്ട് വ്യാപാരപാത തന്നെ തുറക്കാനും ഓലി സർക്കാർ തയാറായി. ഈ സംഭവത്തോടെയാണ് നേപ്പാളിലുള്ള ഇന്ത്യൻ സ്വാധീനത്തിനും ഇടിവുണ്ടായത്.

മുൻപ് 2014 ൽ ചൈനീസ് സമ്പദ് ഘടനയിൽ മാന്ദ്യം അനുഭവപ്പെട്ടപ്പോഴാണ് തുടർന്നുള്ള രണ്ടു വർഷം മെറ്റൽ വിലകൾ താഴേക്കു പോയത്.

ചൈന ഇപ്പോൾ പശ്ചാത്തല മേഖലയിൽ വൻതോതിൽ നിക്ഷേപം നടത്താൻ തയാറെടുപ്പിലാണ്. ഇതും വ്യവസായ ചരക്കുകളുടെ വിലവർധനവിന് കാരണമാണ്. ഇതിന് ഏക അപവാദം പെട്രോളിയം ഉല്പന്നങ്ങളാണ്. അമേരിക്ക ഷേൽഗ്യാസ് ഉല്പാദനം വർധിപ്പിച്ചതോടെ OPEC രാജ്യങ്ങളുടെ എണ്ണക്ക് ഡിമാന്റ് കുറഞ്ഞു. വിലയിൽ ഇടിവുണ്ടായി. അതിൽ ചില മാറ്റങ്ങൾ ഇപ്പോൾ കാണാനുണ്ട്.

മറ്റൊരു പ്രധാന സൂചകം വ്യവസായ ചരക്കുകളുടെ വിലയും ഡോളറിന്റെ മൂല്യവും തമ്മിലുള്ള ബന്ധമാണ്. ട്രംമ്പ് അമേരിക്കൻ പ്രസിഡന്റായതോടെ ഡോളറിന്റെ മൂല്യത്തിൽ വർധനവ് വന്നു. ചരക്കുകളുടെ വിലയിലും വർധനവ് കാണിച്ചു. ചരിത്രപരമായി ഇതുവരെയുള്ള അനുഭവം നേരെ മറിച്ചാണ്. ഡോളർ ശക്തിപ്പെടുമ്പോൾ ചരക്കുവില ഇടിയും. 2017 ന്റെ ആദ്യ പാദം വരെ പുതിയ രീതി തുടർന്നു. പിന്നീട് ഡോളർ മൂല്യത്തിൽ 5 ശതമാനത്തിന്റെ ഇടിവുണ്ടായപ്പോൾ തദനുസൃതമായി വ്യവസായ ചരക്കുകളുടെ വിലയിലും കുറവു വന്നു.

ഇതിന് വീണ്ടും മാറ്റം സംഭവിച്ച് ചരിത്രപരമായ പഴയ രീതിയിലേക്ക് മാറുകയാണിപ്പോൾ. അതായത് ഡോളർവില ഇടിവ് കാണിക്കുമ്പോഴും ചരക്കു വില വർധിക്കയാണ്. ഈ വർഷംആദ്യം ഡോളർ സൂചിക 10 ശതമാനം കണ്ടാണ് ഇടിഞ്ഞത്.

അതായത് അമേരിക്കയിലെ ഭരണമാറ്റത്തെ തുടർന്ന് ആഗോള സാമ്പത്തിക സ്ഥിതിയിൽ ആശാവഹമായ മാറ്റം വന്നുകൊണ്ടിരിക്കയാണെന്ന പ്രചരണം വസ്തുതകൾക്ക് നിരക്കുന്നല്ല എന്നാണ് ഇതു തെളിയിക്കുന്നത്. വ്യവസായ ചരക്കുകളുടെ വിലയിൽ ഇപ്പോൾ സംഭവിക്കുന്ന കുതിപ്പിനു കാരണം അമേരിക്കയിൽ ഉല്പാദന മേഖലയിൽ വന്ന നിക്ഷേപമല്ല, മറിച്ച് ഡോളറിന്റെ മൂല്യത്തിൽ പൊതുവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഇടിവാണ്. ■

# അരിയല്ലൂർ സർവീസ് സഹകരണ ബാങ്ക്

**ക്ലിപ്തം നമ്പർ എഫ്- 7730, അരിയല്ലൂർ- 676312, ഫോൺ 0494-2470173**

**ബ്രാഞ്ചുകൾ- ആനങ്ങാടി ജംഗ്ഷൻ ഫോൺ 0494-2476566, കൊടക്കാട് ഫോൺ 0494-2410545**

## മറ്റ് പ്രത്യേകതകൾ

- അംഗങ്ങൾക്ക് തുടർച്ചയായി 3 വർഷം 20 ശതമാനം ലാഭ വിഹിതം നൽകുന്നു
- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ, ക്യാഷ് സേവിംഗ്സ് സ്കീം (5,000 മുതൽ 2,00,000 വരെ)
- കാർഷിക കാർഷികേതര വായ്പകൾ 10 ലക്ഷം വരെ
- സ്വർണ പണയ വായ്പകൾ മിനിറ്റുകൾക്കകം
- സേഫ് ഡെപോസിറ്റ് ലോക്കർ സൗകര്യം (മെയിൻ ബ്രാഞ്ച്, കൊടക്കാട് ബ്രാഞ്ച്)
- വിവിധ സലകളുടെ ഡെപോസിറ്റ് സ്കീം
- ലോണുകൾക്ക് റിസ്ക് ഫണ്ട് ആനുകൂല്യം
- വാഹന വായ്പകൾ

## പ്രവർത്തന സമയം

മെയിൻ ബ്രാഞ്ച് – തിങ്കൾ മുതൽ ശനിവരെ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെ, ഞായറാഴ്ച രാവിലെ 8.30 മുതൽ ഉച്ചക്ക് 12.30 വരെ.

ബ്രാഞ്ചുകൾ – തിങ്കൾ മുതൽ വെള്ളിവരെ രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ.ശനി 9.30 മുതൽ 2 വരെ.

**ടി മുരളീധരൻ**
പ്രസിഡന്റ് (9495356788)

**കെ സ്മിത**
സെക്രട്ടറി (9744816696)



ആശംസകളോടെ,

TTECOS
TIRUR TALUK EMPLOYEES CO-OPERATIVE SOCIETY

# തിരൂർ താലൂക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

ക്ലിപ്തം നമ്പർ. എം 275 H.O. തിരൂർ 676 101, മലപ്പുറം ജില്ല,
ഫോൺ: 0494 2422001, ബ്രാഞ്ച് : കുറ്റിപ്പുറം **Ph: 2607585**,
തിരൂർ **Ph: 2423470**, email: tecostirur@gmail.com

**ആകർഷകമായ പലിശ നിരക്കിൽ വിവിധയിനം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.**

- സ്വർണ്ണപണയ വായ്പ കുറ്റിപ്പുറം ബ്രാഞ്ചിലും ആരംഭിച്ചിരിക്കുന്നു.
- എസ്.എം.എസ്. അലർട്ട് സംവിധാനം.
- ഓൺലൈൻ പണമിടപാട് സൗകര്യം.

**നിക്ഷേപങ്ങൾ/ വായ്പകൾ**

**ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീമുകൾ**

**ഗോൾഡ് ലോൺ/ ഹൗസിംഗ് ലോൺ**

**വെഹിക്കിൾ ലോൺ**

**Attractive Monthly Deposit Schemes**

**പ്രസിഡന്റ്**
**വി.കെ. രാജേഷ്**
**ഫോൺ : 9400 415 644**

**സെക്രട്ടറി**
**പി. കൃഷ്ണകുമാർ**
**ഫോൺ : 9846 012 027**

# THE TIRUR URBAN CO-OPERATIVE BANK LIMITED

No. F. 1818, Head Office, Tirur-676104, Malappuram Dist., Kerala
Phone : 0494 2423268, 2438888, 2423658. E-mail : mail@tirururbanbank.com
Fax No : 91-0494 2424699
(A leading Special Grade Urban Bank Licenced by Reserve Bank of India)




- Working contineously in Profit and in Audit Rating 'A' for the last 4 Decades
- Personalized Customer Service
- Various Deposit Schemes with DICGC insurance coverage
- Variety Loan Schemes to Businessmen, Professionals, Employees, other General Category at low interest rates and simple terms and conditions.
- Safe Deposit locker facility available
- 0.75% Additional Interest to deposits of Senior Citizens.

- Core Banking Facility.
- Transactions may be made at par any Branches.
- Rupay Debit Card through SBI ATM network sharing.
- NEFT, RTGS Funds Transfer facility at all branches.
- IMPS Fund Transfer facility will be available shortly.

| Offers Interest on Term Deposits : 8 % for 1 Year<br>8.25 % for 2 Years and above | 8.75 % for Senior Citiziens<br>9 % for Senior Citizens |
|---|---|

**Branches:**

Tirur Main - 2422368 | Thalakkadathur - 2586098 | Pattarnadakkavu - 2602041 | B.P.Angadi - 2422709 | Alathiyur - 2566011
Pariyapuram - 2630185 | Ambalathingal - 2582015 | Tirur Evening - 2423480 | Kuttippala - 2588498 | Vettichira - 2617600 | Mangalam - 2566999
Vailathur Evening Branch - 2588433 | Kadungathukundu - 2545455

K. Krishnan Nair
Chairman

P.P. Mohanakrishnan
Assistant General Manager In charge

# എസ്ബിഐ: അവസാനത്തിന്റെ ആരംഭം?

രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അതിന്റെ അന്ത്യത്തിലേക്കുള്ള യാത്രയിലേക്ക് തള്ളിമാറ്റപ്പെടുകയാണോ?

ലോകത്തെ ഏറ്റവും വലിയ കമ്പനികളുടെ സ്ഥാനം കണക്കാക്കുന്ന ഫോർച്യൂൺ 500 ലിസ്റ്റിലെ ബാങ്കുകളിൽ 50–ാം സ്ഥാനമാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്കുള്ളത് 23566 ശാഖകൾ. അതിൽ 15037 എണ്ണം ഗ്രാമീണ, അർധനഗരങ്ങളിൽ. 35 രാജ്യങ്ങളിലായി 185 അന്തർദേശീയ ഓഫീസുകൾ 2014 സെപ്തംബർ 30 ലെ കണക്കുപ്രകാരം ഉദ്ദേശം 2250 ലക്ഷം അക്കൗണ്ടുകളും, വിപുലമായ ഇടപാടുകാരുടെ ശൃംഘലയും. 1874332 കോടിയുടെ ആസ്തി. ഈയിടെ 5 അസോസിയേറ്റ് ബാങ്കുകൾ കൂടി ലയിപ്പിച്ചതോടെ പിന്നെയും നിക്ഷേപവും വായ്പയും ശാഖകളുടെ എണ്ണവും ആസ്തിയും വർധിച്ചു. ഈ കൂറ്റൻ സ്ഥാപനം ഇപ്പോൾ റിലയൻസ് ഇൻഡസ്ട്രീസിന് കൈമാറാനുള്ള നീക്കമാണ് നടക്കുന്നത്. ബാങ്കുകളില്ലാത്തിടത്തേക്ക് ബാങ്കിംഗ് സൗകര്യമെത്തിക്കാൻ എന്ന ന്യായമാണ് ഈ നടപടിക്ക് സർക്കാർ മുന്നോട്ട് വയ്ക്കുന്നത്.

എന്തിനാണ് ജനങ്ങൾക്കിടയിൽ ഇത്രയേറെ വിശ്വാസ്യതയാർജിച്ച ഇത്ര വിപുലമായ ഈ സ്ഥാപനം റിലയൻസ് പോലെയുള്ള ഒരു കോർപറേറ്റ് സ്ഥാപനത്തിന് കൈമാറുന്നത്? ഈ ചോദ്യമാണ് റിലയൻസ് തുടങ്ങാൻ പോകുന്ന പേയ്മെന്റ് ബാങ്കും എസ്ബിഐയും പാർട്ണർഷിപ്പിൽ പ്രവർത്തിക്കാനാണ് നീക്കമെന്നറിഞ്ഞവരൊക്കെ ഉയർത്തുന്നത്. 2017 മാർച്ചിലാണ് റിലയൻസിന് ഒരു പെയ്മെന്റ് ബാങ്ക് തുടങ്ങാനുള്ള അപേക്ഷക്ക് റിസർവ് ബാങ്ക് അംഗീകാരം നൽകിയത്. 2015 സെപ്തംബറിൽ റിലയൻസിനും 10 ഇതര കമ്പനികൾക്കും ബാങ്ക് തുടങ്ങാനുള്ള തത്വത്തിലുള്ള അനുവാദം റിസർവ് ബാങ്ക് അംഗീകരിച്ചിരുന്നു. റിലയൻസ് എസ്ബിഐ പാർട്ണർഷിപ്പിൽ കമ്പനി രൂപീകരണം അറിയിച്ച് റിലയൻസ് കമ്പനി രജിസ്ട്രാർക്ക് 2016 നവംബർ 10 ന് കത്തു നൽകി. 70 ശതമാനം റിലയൻസും 30 ശതമാനം എസ്ബിഐയും ചേർന്നതാണ് ഓഹരി പങ്കാളിത്തമെന്ന് പിന്നീട് ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിനെയും നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിനെയും അറിയിക്കയും ചെയ്തു.

റിലയൻസ് ജിയോയുടെ അത്യാധുനിക



സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് ബാങ്കുകളില്ലാത്ത പ്രദേശങ്ങളിൽ ബാങ്കിംഗ് പ്രവർത്തനം വ്യാപിപ്പിക്കാനാണ് ഈ നീക്കമെന്നാണ് റിസർവ് ബാങ്കും കേന്ദ്ര സർക്കാരും അവകാശപ്പെട്ടത്. ഇത് ആർക്കും ബോധ്യപ്പെടുന്ന ന്യായീകരണമല്ല. ഇന്ന് എസ്ബിഐ മാത്രം രാജ്യത്തെ ഏറ്റവും ഉൾപ്രദേശങ്ങളിലടക്കം 150000 പേരെ ബാങ്കിംഗ് പ്രവർത്തനം നടത്താൻ ബിസിനസ് കറസ്പോണ്ടന്റുമാർ എന്ന പേരിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2012 റിലയൻസിനെയും കോർപറേറ്റ് ബിസിനസ് കറസ്പോണ്ടന്റായി എസ്ബിഐ നിയമിച്ചിരുന്നു. അന്ന് ഈ പണിയിൽ പ്രതീക്ഷിച്ച ലാഭമില്ലെന്ന് കണ്ട റിലയൻസ് ഈ ജോലിക്ക് ആരെയും നിയമിച്ചില്ല. എസ്ബിഐ ആകട്ടെ തങ്ങൾ നിയമിച്ച ബിസിനസ് കറസ്പോണ്ടന്റുമാരോട് റിലയൻസിനു വേണ്ടി ആ ജോലി ചെയ്യാൻ നിർദേശിക്കുകയും ചെയ്തു. അങ്ങനെ റിലയൻസ് ബാങ്കിംഗ് ഇടപാടിന്റെ ഒരു നെറ്റ് വർക് തന്നെ എസ്ബിഐയുടെ ചിലവിൽ രാജ്യത്താകെ വികസിപ്പിച്ചെടുത്തു. പെയ്മെന്റ് ബാങ്ക് പ്രവർത്തനം ആരംഭിച്ചാൽ ഒരു തടസവുമില്ലാതെ മറ്റ് ചിലവുകളൊന്നും കൂടാതെ തുടക്കം മുതൽ ബാങ്കിംഗ് പ്രവർത്തനം വ്യാപിപ്പിക്കാനുള്ള സംവിധാനം ഒരുക്കിക്കഴിഞ്ഞു എന്നാണിതിനർത്ഥം.

റിലയൻസിന്റെ അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായമെന്ന ന്യായീകരണവും തട്ടിപ്പാണ്. ഏറ്റവും പുതിയ സാങ്കേതിക വിദ്യ എസ്ബിഐക്ക് ഇപ്പോൾ തന്നെയുണ്ട്. അതൊക്കെ ഉപയോഗിച്ച് എസ്ബിഐ ബഡി, എസ്ബിഐ മൊബിക്യാഷ്, എസ്ബിഐ എനിവെയർ എന്നിവയും മൊബൈൽ ബാങ്കിഗ്, കോർബാങ്കിംഗ്, വിപുലമായ എടിഎം സംവിധാനം എന്നിവയിലൂടെ ഏപ്പോഴും എല്ലാ സേവനവും നൽകാൻ ഇന്ന് എസ്ബിഐക്ക് കഴിയും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഓഫീസേഴ്സ് അസോസിയേഷന്റെ ജനറൽ സെക്രട്ടറിയും അഖിലേന്ത്യാ ബാങ്ക് ഓഫീസർമാരുടെ സംഘടനയുടെ ജനറൽ സെക്രട്ടറിയുമായിരുന്ന ജിഡി നഡാഫിന്റെ അഭിപ്രായമിങ്ങിനെ "ഇങ്ങനെയൊരു കൂട്ടുകെട്ടിന്റെ ഒരാവശ്യവും എസ്ബിഐക്ക് ഇല്ല. പ്രത്യേകിച്ചും ബാങ്ക് മെർജിംഗിനു ശേഷമുള്ള പ്രശ്നങ്ങളുടെ മധ്യത്തിൽ നിൽക്കുന്ന ഈ സന്ദർഭത്തിൽ" മെർജിംഗിനു ശേഷം സബ്സിഡിയറി ബാങ്കുകളിലെ ജീവനക്കാരുടെ വിന്യാസം ഉൾപ്പെടെ ലക്ഷക്കണക്കിന് ജീവനക്കാരെയും ദശലക്ഷക്കണക്കിന് ഇടപാടുകാരുടെയും പ്രശ്നങ്ങൾ നേരിടുന്ന ഘട്ടത്തിൽ ബന്ധപ്പെട്ടവരുമായൊന്നും ചർച്ച ചെയ്യാൻ പോലും തുനിയാതെ തിരക്കിട്ട് ഈ നീക്കം പാടില്ലെന്നായിരുന്നു എന്നും ശ്രീ നഡാഫ് പറഞ്ഞു. എന്തിനാണ് ഈ നീക്കം ഒളിച്ചുവച്ചത്? ഇതൊക്കെ സംശയം ഉണർത്തുന്ന നടപടിയാണെന്നും അദ്ദേഹം പറഞ്ഞു.

കൈക്കൂലി, ഉദ്യോഗസ്ഥരെ കൈവശപ്പെടുത്തൽ, രാഷ്ട്രീയക്കാരെ കൈയിലെടുക്കൽ തുടങ്ങിയ പണികളുടെ വിദഗ്ദ്ധരാണ് റിലയൻസ് എന്ന കാര്യം എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷന്റെ ചെന്നൈ സർക്കിൾ ജനറൽ സെക്രട്ടറിയും, ആൾ ഇന്ത്യ ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷന്റെ ജനറൽ സെക്രട്ടറിയുമായ തോമസ് ഡി ഫ്രാങ്കോ ചൂണ്ടിക്കാണിക്കുന്നു. ലക്ഷ്യം നേടാൻ ഏതു നിയമം മറികടക്കാനും അവർ മടിക്കില്ല. പബ്ലിക് അക്കൗണ്ട് കമ്മിറ്റിയും (പിഎസി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലും (സിഎജി) റിലയൻസിന്റെ എക്സിക്യൂട്ടീവുകൾക്കെതിരെ ഉന്നയിച്ച ക്രിമിനൽ കുറ്റാരോപണങ്ങളും ശിക്ഷയുമൊക്കെ ഉണ്ടായ വിവിധ സംഭവങ്ങൾ ശ്രീ ഫ്രാങ്കോ എടുത്തു പറയുന്നു.

2 ജി സ്പെക്ട്രം കുംഭകോണത്തിൽ കുറ്റകരമായ ഗൂഢാലോചന, പൊതുസേവകന്റെ കുറ്റകരമായ വിശ്വാസ വഞ്ചന, ഇൻഡ്യൻ പീനൽ കോഡ് സെക്ഷൻ 120 ബി പ്രകാരമുള്ള തട്ടിപ്പ്, സെക്ഷൻ 468, 471 പ്രകാരമുള്ള തിരിമറി തുടങ്ങിയവയാണ് റിലയൻസ് ടെലികോമിനെതിരെ ഉന്നയിക്കപ്പെട്ടത്. 1988 ലെ അഴിമതി വിരുദ്ധ നിയമപ്രകാരം കമ്പനിയുടെ 3 പ്രമുഖ ഉദ്യോഗസ്ഥരായ ഗൗതം ജോഷി, സുരേന്ദ്രപിയറ, ഹരിനായർ എന്നിവർക്കെതിരെ നടപടിയും അറസ്റ്റും നടന്നു. 2007 ൽ റിലയൻസ് പെട്രോളിയം ലിമിറ്റഡും 12 ഓളം ഷെയർ ട്രേഡിംഗ് കമ്പനികളും ചേർന്ന് നിയമവിരുദ്ധ ഇടപാടുകൾ നടത്തിയ കാര്യം SEBI (സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) ചൂണ്ടിക്കാണിച്ചിരുന്നു. ഈ അവിഹിത ഇടപാടിൽ നേടിയ 447 കോടി രൂപ പലിശ സഹിതം തിരിച്ചടക്കാനും സെബി ഉത്തരവിട്ടു.

കപട ഓഹരികളുടെ ഉപയോഗം, നിയമവിരുദ്ധമായി ലാഭമുണ്ടാക്കാൻ നടത്തിയ ഓഹരി കൈമാറ്റം, ഇൻസൈഡർ ട്രേഡിംഗ്, യുടിഐയുടെ ഇടപാടുകാരെ കബളിപ്പിച്ച് യുടിഐയുമായി ചേർന്ന് പണം വെട്ടിപ്പ്, സ്വകാര്യ ടെലകോം കമ്പോളം കുത്തകയാക്കാൻ സ്വീകരിച്ച അവിഹിത നടപടികൾ തുടങ്ങിയവയൊക്കെ ഇക്കൂട്ടത്തിൽപെടും.

2014 മെയ് മാസമാണ് ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കോർപറേഷൻ (ONGC) കൃഷ്ണാ ഗോദാവരി ബേസിനിൽ തങ്ങൾക്കവകാശപ്പെട്ട മേഖലയിൽ നിന്ന് റിലയൻസിന്റെ കമ്പനി 18 ബില്യൻ ക്യൂബിക് മീറ്റർ എണ്ണ കട്ടെടുത്തെന്നാരോപിച്ച് ഡൽഹി ഹൈക്കോർട്ടിൽ കേസ് ഫയൽ ചെയ്തത്. ഇതെപ്പറ്റി പരിശോധിക്കാൻ പിന്നീട് ഇരു സ്ഥാപനങ്ങളും ചേർന്ന് വിദഗ്ദ്ധരുടെ ഒരു പാനലിനെ അംഗീകരിക്കുകയായിരുന്നു.

പെയ്മെന്റ് ബാങ്കിന്റെ പ്രോമോട്ടർമാർ തീർത്തും സുതാര്യവും ഉചിതവുമായി പ്രവർത്തിക്കുന്നവരും, സാമ്പത്തിക അടിത്തറക്കൊപ്പം ഉയർന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരുമാകണമെന്നാണ് റിസർവ് ബാങ്ക് നിർദേശി

ക്കുന്നത്. റിലയൻസ് ആ ഗണത്തിൽ പെടില്ല എന്നാണ് പൊതിവിൽ കരുതപ്പെടുന്നത്. ഈ കമ്പനിയുടെ സ്ഥാപകൻ ധീരുഭായി അംബാനിയുടെ കാലം മുതൽ വ്യത്യസ്തമായ ചരിത്രമാണ് അതിനുള്ളത്. ചുരുക്കത്തിൽ വായ്പയിനത്തിൽ ഏറ്റവും വലിയ കുടിശിക വരുത്തിയവർക്ക് രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കിനെയും അതിന്റെ ഏറ്റവും ആധുനീകരിച്ച സാങ്കേതിക വിദ്യയും അതി വിപുലമായ നെറ്റ്‌വർക്കും വിഭവങ്ങളും ജീവനക്കാരുമടക്കം സർക്കാർ സമ്മാനമായി നൽകുകയാണ്.

പൊതുമേഖലാ ബാങ്കുകളുടെ ലക്ഷക്കണക്കിനു വരുന്ന കോടികളുടെ കിട്ടാക്കടത്തിൽ ഏറ്റവും കൂടുതൽ കുടിശികയുള്ളത് പ്രധാനമായും 10 വലിയ കോർപറേറ്റുകൾക്കാണ്. സുപ്രീം കോടതി നിർദേശിച്ചിട്ടു പോലും ഈ കോർപറേറ്റുകളുടെ പേര് പുറത്തുവിടാൻ സർക്കാർ തയാറായിട്ടില്ല. ക്രഡിറ്റ് സൂയിസ് എന്ന റേറ്റിംഗ് കമ്പനിയുടെ പഠനപ്രകാരം റിലയൻസ് ഇൻഡസ്ട്രീസ് ബാങ്കുകൾക്ക് തിരികെ കൊടുക്കാനുള്ള കുടിശിക 1.25 ലക്ഷം കോടി രൂപയാണ്. അതിന് തൊട്ടു പിറകെ വേദാന്ത ഗ്രൂപ്പുണ്ട്. കുടിശിക 1.03 ലക്ഷം കോടി രൂപയാണ്.

ഇതേ റിപ്പോർട്ട് പ്രകാരം അദാനി ഗ്രൂപ്പിന്റെ കിട്ടാക്കടം 96031 കോടിയും എസ്സാർ ഗ്രൂപ്പിന്റേത് 1.01 ലക്ഷം കോടിയും ജിവികെ ഗ്രൂപ്പിന്റേത് 33933 കോടിയും വീഡിയോകോണിന്റേത് 45045 കോടിയും ലാൻകോ ഗ്രൂപ്പിന്റേത് 47102 കോടിയും ജിഎംആർ ഗ്രൂപ്പിന്റേത് 47976 കോടിയും ജിഎസ്ഡബ്ല്യൂ ഗ്രൂപ്പിന്റേത് 58171 കോടിയും ജെയ്പീ ഗ്രൂപ്പിന്റേത് 75163 കോടിയുമാണ്.

ഈ പണമൊക്കെ വിദേശത്തേക്ക് കടത്തി കഴിഞ്ഞതിനാൽ അത് തിരികെ കിട്ടാൻ യാതൊരു സാധ്യതയുമില്ലെന്നാണ് മുൻ സിഎജി ആയ ശശികാന്ത് ശർമ പറയുന്നത്. ഈ തുകയൊക്കെ "ഉപേക്ഷിച്ച വരുമാനം" (Revenue foregone) എന്ന വിശേഷണം നൽകി സർക്കാർ രഹസ്യമായി എഴുതി തള്ളുകയാണെന്നും ആരോപിക്കപ്പെടുന്നു. 2016 ആഗസ്റ്റ് 2 ന് കേന്ദ്ര മന്ത്രിയായ സന്തോഷ് ഗാംഗ്വാർ രാജ്യസഭയിൽ വച്ച രേഖയനുസരിച്ച് 2015-16 ൽ 6.11 ലക്ഷം കോടി രൂപയാണ് ഉപേക്ഷിച്ച വരുമാനം ആയി എഴുതി തള്ളിയത്. ഇതുപ്രകാരം നോക്കിയാൽ ഓരോ വർഷവും ശരാശി 5.32 ലക്ഷം കോടി രൂപ വീതം ഇങ്ങനെ എഴുതി തള്ളുന്നുണ്ട്.

പൊതുമേഖലാ ബാങ്കുകൾക്ക് ഇത്തരത്തിൽ കിട്ടാക്കടം വരുത്തിവച്ച പാരമ്പര്യമുള്ള റിലയൻസിന് രാജ്യത്തെ ഏറ്റവും വലുതും വിശ്വസ്തത തയാർജിച്ചതുമായ പൊതുമേഖലാ ബാങ്കുമായി പങ്കാളിത്തം സൃഷ്ടിക്കാൻ എന്താണ് സർക്കാരിനിത്ര വ്യഗ്രത? നയാ പൈസയുടെ ചെലവില്ലാതെ റിലയൻസ് ഇൻഡസ്ട്രീസിന് എസ്ബിഐയുടെ ബാങ്കിംഗ് ശക്തി മുഴുവൻ കൈക്കലാക്കാൻ കഴിയുമ്പോൾ എസ്ബിഐക്ക് എല്ലാം നഷ്ടപ്പെടുന്ന സ്ഥിതിയായിരിക്കും എന്നു തന്നെയാണ് ഇതിനർത്ഥം.വരുമാനം ഏറ്റവും കുറഞ്ഞ ഇടപാടുകളിൽ എസ്ബിഐ മുഴുകേണ്ടി വരുമ്പോൾ ബിസിനസ് കറസ്പോണ്ടൻമാരടക്കം എസ്ബിഐ.യുടെ അതിവിശാലമായ വലക്കെട്ടുപയോഗിച്ച് റിലയൻസ് ഗ്രൂപ്പിന്റെ ഉല്പന്നങ്ങളായ റിലയൻസ് മ്യൂചൽ ഫണ്ട്, റിലയൻസ് ജനറൽ ഇൻഷുറൻസ്, റിലയൻസ് ലൈഫ് ഇൻഷുറൻസ് തുടങ്ങി ലാഭകരമായ ബിസിനസ് ആകെ കമ്പോളത്തിൽ വിറ്റഴിക്കാൻ കഴിയും. എസ്ബിഐക്ക് ഇത്തരം ഉത്പന്നങ്ങളും ബിസിനസുമുണ്ടെന്നോർക്കണം. റിലയൻസിനു നൽകിയ ലൈസൻസ് റദ്ദാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ഫലമുണ്ടായിട്ടില്ലെന്നാണ് ശ്രീ ഫ്രാങ്കോ പറയുന്നത്.

ഈ അസുലഭ നേട്ടത്തിൽ റിലയൻസ് സന്തുഷ്ടരാണെന്ന് പ്രത്യേകം പറയേണ്ടതില്ല. ഒക്ടോബർ മാസം തന്നെ ബാങ്ക് ആരംഭിക്കാൻ അവർ പദ്ധതി ആവിഷ്കരിച്ചു. അതിനു പരസ്യങ്ങളും തയാറാക്കി. റിസർവ് ബാങ്ക് ചില തടസങ്ങൾ ഉന്നയിച്ചതോടെ നടപടി നിർത്തിവയ്ക്കേണ്ടിവന്നു. ഡിസംബറോടെ ബാങ്ക് നിലവിൽ വരുമെന്ന് പറഞ്ഞെങ്കിലും അതേപറ്റി എന്തെങ്കിലും വെളിപ്പെടുത്താൻ കമ്പനികളുടെ എക്സിക്യൂട്ടീവുകൾ തയാറാവുന്നില്ല. "റിസർവ് ബാങ്കിന്റെ പ്രത്യേകതകൾ നിങ്ങൾക്കറിയാമല്ലോ അതിനാൽ എപ്പോൾ പ്രവർത്തനം തുടങ്ങുമെന്ന് ഞങ്ങൾക്കിപ്പോൾ പറയാൻ കഴിയില്ല. ഞങ്ങൾ തയാറാണ്. അന്തിമ അംഗീകാരം കിട്ടിയാലുടൻ ഞങ്ങൾ തുടങ്ങും. മൊബൈൽ മേഖലയിലെ അടിത്തറ തന്നെ പരിവർത്തനപ്പെട്ടതുപോലെ രാജ്യത്തെ ഏറ്റവും വിലിയ കോർപറേറ്റ് ഗ്രൂപ്പും ഏറ്റവും വലിയ ബാങ്കും ഒന്നു ചേരുമ്പോൾ സമൂലമായ മാറ്റമായിരിക്കും സംഭവിക്കുക എന്ന് റിലയൻസിന്റെ ഒരു പ്രമുഖൻ അവകാശപ്പെട്ടു.

വരുന്ന ആഴ്ചകളിൽ ഫിനാൻഷ്യൽ സൊല്യൂഷൻ & ഡെപോസിറ്റ് ഇൻഷുറൻസ് ബിൽ (FRDI bill) പാസായേക്കുമെന്ന പശ്ചാത്തലത്തിൽ ഈ നീക്കം ആശങ്കയുളവാക്കുന്നു. ബിൽ പാസായാൽ ബാങ്കിംഗ് സ്ഥാപനങ്ങളാകെ ധനമന്ത്രാലയത്തിന്റെ നിയന്ത്രണത്തിലാകും. ഏറ്റവും സുപ്രധാനമായ ബാങ്കിംഗ് സ്ഥാപനമെന്ന നിലയിൽ എസ്ബിഐയുടെ ഓരോ പ്രവർത്തനവും സൂക്ഷ്മതലത്തിൽ സർക്കാരിന്റെ നിരീക്ഷണത്തിന് വിധേയമാകും. അതിന്റെ സാമ്പത്തിക ദൃഢതയിലും പ്രവർത്തനത്തിലും ഉണ്ടാകാവുന്ന ഏത് മാറ്റം മറിച്ചിലും അതിന്റെ ലിക്വിഡേഷനിലേക്കോ മെർജറിലേക്കോ ഏറ്റെടുക്കലിലേക്കോ നയിക്കപ്പെടാം. ഇക്കാര്യത്തിൽ ജീവനക്കാരുടെ ആശങ്ക ശ്രീ ഫ്രാങ്കോയുടെ വാക്കുകളിൽ പ്രതിഫലിക്കുന്നുണ്ട്. ■

കടപ്പാട്:പൂർണിമ എസ് ത്രിപാഠിയുടെ ലേഖനം. അവലംബം: ഫ്രണ്ട് ലൈൻ ഡിസം.8, 2017. മൊഴിമാറ്റം: എ. സിയാവുദീൻ

# കൈത്തറി മേഖല: പ്രശ്നങ്ങളുംസാധ്യതകളും

**അരക്കൻ ബാലൻ**

കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ഒരു പരമ്പരാഗത വ്യവസായമായ കൈത്തറി വ്യവസായത്തിലെ തൊഴിലാളികളും കുടുംബങ്ങളും നിലനില്പിനായി ജീവിത സമരത്തിലാണ്. ഒരു ഘട്ടത്തിൽ 3,50,000 തൊഴിലാളികളും കുടുംബവും ഈ മേഖലയിൽ ജീവിതം നിലനിർത്തിയതാണ്. എന്നാൽ അവസാനം എടുത്ത സർവ്വെയിൽ 1,26,000 തൊഴിലാളികളും കുടുംബവും മാത്രമേ നിലവിലുള്ളൂ. വർഷങ്ങളായി ഈ മേഖലയ്ക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങളും സംരക്ഷണവും ചില പാക്കേജുകളും നവലിബറൽ നയങ്ങളുടെ വരവോടുകൂടി കേന്ദ്ര സംസ്ഥാന ഭരണാധികാരികൾ കവർന്നെടുക്കുകയാണ്. അതോടെ കൈത്തറിക്കാരുടെ ജീവിതം ദുരിതപൂർണ്ണമായി. ആഗോളവത്ക്കരണ നയം വരുന്നതിനുമുമ്പ് കേരളത്തിൽ നിന്നും 350 കോടി രൂപയുടെ കൈത്തറി ഉല്പന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയച്ച സ്ഥാനത്ത് ഇന്ന് 100 കോടിക്ക് താഴെയായി കുറഞ്ഞു. കേന്ദ്ര സർക്കാറുകളുടെ നയവും നിലപാടും മാറ്റാതെ കൈത്തറി വ്യവസായം രക്ഷപ്പെടുകയില്ല.

ഇന്ത്യയിലെ തുണിവ്യവസായം മൂന്ന് മേഖലകളിലാണ് പ്രവർത്തിക്കുന്നത്. സ്വകാര്യമേഖലയിലുള്ള മില്ലുകൾ ഉൾപ്പെടുന്ന സംഘടിത മേഖല, വികേന്ദ്രീകരിച്ചു കിടക്കുന്ന യന്ത്രത്തറി മേഖല, പരമ്പരാഗത കൈത്തറി ഖാദി മേഖല. മാർക്കറ്റിന്റെ അഭിരുചിക്കനുസരിച്ച് ഉല്പാദന–വിപണന രംഗത്ത് സംഘടിത മേഖലയ്ക്ക് വിജയകരമായി പ്രവർത്തിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമങ്ങളിൽ വ്യാപിച്ചു കിടക്കുന്ന കൈത്തറി മേഖലക്കാകട്ടെ മാർക്കറ്റിൽ മത്സരിക്കാനുള്ള വിഭവ ശേഷിയും പരിജ്ഞാനവും അപര്യാപ്തമാണ്. യന്ത്രവത്ക്കരണത്തിന്റെ കടന്നുകയറ്റം വൻതോതിലുള്ള മത്സരം ഈ മേഖലയിൽ സൃഷ്ടിക്കുകയും അതിന്റെ ഫലമായി പരമ്പരാഗത വ്യവസായമായ കൈത്തറിക്ക് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ കൈത്തറി മേഖലയുടെ നിലനിൽപ്പിന് കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ നിർലോഭമായ പിന്തുണയും സഹായവും അത്യാവശ്യമാണ്.

കൈത്തറി മേഖല പവർലൂമിൽനിന്ന് കടുത്ത മത്സരത്തെയാണ് അഭിമുഖീകരിക്കുന്നത്. യന്ത്രത്തറികളിൽ ഉല്പാദിപ്പിക്കുന്ന തുണികൾ കൈത്തറിത്തുണികളാണെന്ന വ്യാജേന കയറ്റി അയക്കുന്നതും, കൈത്തറിയിൽ ഉല്പാദിപ്പിക്കുന്ന എല്ലാ ഡിസൈനുകളും ഇന്ന് പവർലൂമിലേക്ക് കടന്നുപോകുന്നതും ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഇന്ത്യയിൽ എല്ലാ സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിലെ സേലം, ഈറോഡ്, കരൂർ എന്നീ മേഖലയിൽ ബഹുഭൂരിപക്ഷവും യന്ത്രത്തറിയിലേക്കുള്ള ഈ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. ഇതിന് അനുകൂലമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് രൂപീകരിക്കുന്ന പല ഔദ്യോഗിക കമ്മിറ്റികളും സ്വീകരിക്കുന്നത്.

കൈത്തറി മേഖലയുടെ ഇന്ത്യൻ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായ സ്ഥിതിയാണ് കേരളത്തിലെ കൈത്തറി വ്യവസായത്തിൽ കാണുന്നത്. സഹകരണരംഗം കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലയിലുമെന്ന പോലെ കൈത്തറി മേഖലയിലും സ്വാധീനം ചെലുത്തുന്നു. കേരളത്തിൽ നെയ്ത്ത് മേഖലയിൽ 86% സഹകരണ അടിസ്ഥാനത്തിൽ സംഘടിച്ചവരാണ്. എന്നാൽ അഖിലേന്ത്യ അടിസ്ഥാനത്തിൽ ഇത് വെറും 22.5% മാത്രമാണ്.

കേരളത്തിൽ ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ട 755 സഹകരണ സംഘങ്ങളിൽ 135 എണ്ണം ഫാക്ടറി മാതൃകയിലും 620 എണ്ണം കുടിൽ സഹകരണസംഘം മാതൃകയിലുമാണ് പ്രവർത്തിക്കുന്നത്. അതോടൊപ്പം സ്വകാര്യ നെയ്ത്തുശാലകളിലും ഹാന്റ്‌വീവിന്റെ കീഴിലും ഒറ്റത്തറികളിലുമായി ഇന്ന് വേറെയും 14% നെയ്ത്തുമേഖല കേരളത്തിലുണ്ട്. ടെക്സ്റ്റൈൽ വ്യവസായം പൊതുവിലും കൈത്തറി വ്യവസായം പ്രത്യേകിച്ചും നമ്മുടെ രാജ്യത്ത് പ്രതിസന്ധി നേരിടുകയാണ്. കയറ്റുമതി കുത്തകക്കാരായ ഒരുകൂട്ടം ധനികരെ സഹായിക്കുന്ന കേന്ദ്രസർക്കാർ സമീപനമാണ് ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയത്. 2014 ൽ പുറത്തുവന്ന നാഷണൽ സർവ്വെ ചൂണ്ടിക്കാണിക്കുന്നത് 1980 ൽ ഒരു വ്യവസായത്തിലെ ഉല്പന്നം മാർക്കറ്റിൽ ചെലവഴിച്ചു കിട്ടുന്ന മൊത്തം സംഖ്യയുടെ 30% തൊഴിലാളികളുടെ കൂലിയായി കിട്ടിയിരുന്നു എന്നാണ്. എന്നാൽ 2014 ൽ ഇത് 9.5% മായി കുറഞ്ഞു. 1980 ൽ മുതലാളിയുടെ ലാഭം 20% മായിരുന്നത്, 2014 ൽ 60% മായി ഉയർന്നു.

തൊഴിൽ അന്വേഷകരുടെ ബാഹുല്യം കണക്കിലെടുത്താൽ ചെറിയ മുതൽ മുടക്കിൽ കൂടുതൽ തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ കഴിയുന്ന ഒരു മേഖലയാണിത്. രാജ്യത്തിന്നകത്ത് തന്നെ വിപണി കണ്ടെത്താൻ കഴിയുന്ന കൈത്തറിയെ ശക്തിപ്പെടുത്താനുള്ള ആസൂത്രണം കൂടിയേ കഴിയൂ.

1974, 1990, 1996, 1999 വർഷങ്ങളിൽ കൈത്തറി മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ദേശീയതലത്തിലുള്ള കമ്മറ്റികളുടെ റിപ്പോർട്ടിന്റെ കാതലായ, കൈത്തറി സംവരണം നടപ്പിലാക്കാൻ ഗവൺമെന്റുകൾ തയ്യാറാകാത്തത് ഈ മേഖലയെ സർവ്വനാശത്തിന്റെ വക്കിലെത്തിച്ചു എന്ന് പറയാം. ഈ ലേഖകൻ ചെയർമാനായി കേരള കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി 2010 ൽ സമർപ്പിച്ച പഠനകമ്മറ്റി റിപ്പോർട്ട് തു

ടർന്നുവന്ന യു.ഡി.എഫ്. സർക്കാർ അവഗണിക്കുകയാണുണ്ടായത്.

കൈത്തറി ഇന്നുള്ളതുപോലെ നിലനിൽക്കണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങളിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്. ഷെയർ ക്യാപ്പിറ്റൽ, കയറ്റുമതി പ്രോത്സാഹനം, ഹാൻവീവ്, ഹാന്റക്സ് എന്നീ സ്ഥാപനങ്ങൾക്ക് ഓഹരി പങ്കാളിത്ത വർദ്ധനവ്, ഫാക്ടറി ടൈപ്പ് സംഘങ്ങൾ നവീകരിക്കാനുള്ള സഹായം, പ്രോസസ്സ് യൂണിറ്റ് സ്ഥാപിക്കാനുള്ള സഹായം, പ്രൈമറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സഹായം, പ്രാദേശികാടിസ്ഥാനത്തിൽ ബ്രാൻഡുകൾക്കുള്ള സഹായം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി ഫലപ്രദമാക്കാനുള്ള നടപടി, എന്നിവ സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാകണം. സഹകരണ മേഖലയിലേയും, മറ്റ് സ്ഥാപനങ്ങളിലേയും നെയ്ത്തുകാർക്ക് തറിയും അനുബന്ധ ഉപകരങ്ങളും (അച്ച്, റക്ക) മുൻകാലങ്ങളിലേതുപോലെ സൗജന്യമായി നൽകണം,

ഇന്ത്യ ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയത്തിന്റെ ഭാഗമായി ജി.എസ്.ടി. എന്ന പുതിയ നികുതി സമ്പ്രദായം കൊണ്ടുവന്നിരിക്കുകയാണ്. ഇതുപ്രകാരം 1000/ രൂപ വരെയുള്ള കൈത്തറി ഉൽപന്നങ്ങളുടെ വില്പനയ്ക്ക് 5% വും അതിനു മുകളിൽ 12% വും ജി.എസ്.ടി. ചുമത്തിയിരിക്കുകയാണ്. ഇത് തകർന്നുകൊണ്ടിരിക്കുന്ന കൈത്തറി മേഖലയെ അതിന്റെ സർവ്വനാശത്തിലെത്തിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഈ പുതിയ സാമ്പത്തിക നയങ്ങൾക്കെതിരെ, ഇതര വിഭാഗം തൊഴിലാളികളോടൊപ്പം കൈത്തറി തൊഴിലാളികളും സമരത്തിന്റെ പാതയിലാണ്.

2016 മെയ് മാസം കേരളത്തിൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്.സർക്കാർ കൈത്തറി അടക്കമുള്ള പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണത്തിന് പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സർക്കാർ വന്നഉടനെത്തന്നെ കേരളത്തിലെ 8 ാം തരംവരെയുള്ള സ്കൂൾ കുട്ടികൾക്ക് സൗജന്യ കൈത്തറി യൂനിഫോം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചു. ഇതിന് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം മീറ്റർ കൈത്തറി തുണി ആവശ്യമുണ്ട്. എന്നാൽ തകർച്ചയിലായിക്കിടക്കുന്ന ഈ വ്യവസായത്തിന് ഇത്രയും തുണി അടുത്ത അധ്യയന വർഷാരംഭത്തിനുമുമ്പ് നെയ്ത് നൽകാൻ കേരളത്തിലെ കൈത്തറി മേഖലയ്ക്ക് സാധ്യമല്ലെന്നു കണ്ടതിനെത്തുടർന്ന്, ഈ അധ്യയന വർഷം 5 ാം തരം വരെ മാത്രമാക്കി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കൂടാതെ സർക്കാർ പ്രഖ്യാപിച്ച പരമ്പരാഗത വ്യവസായത്തിന് പ്രത്യേക വകുപ്പ്, റിബേറ്റ് കുടിശ്ശിക തീർത്തുനൽകുമെന്ന ഉറപ്പ്, തൊഴിലാളികൾക്കുള്ള ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചത് എന്നിവയടക്കമുള്ള പദ്ധതികൾ പുത്തൻ ഉണർവ് നൽകിയിട്ടുണ്ട്. 2017–18 ബഡ്ജറ്റിൽ ധനകാര്യമന്ത്രി, കൈത്തറി–യന്ത്രതത്തറി മേഖലയ്ക്കായി 104 കോടി രൂപ മാറ്റിവച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് കൈത്തറി മേഖലയ്ക്ക് നീക്കിവച്ച ചരിത്രത്തിലെ ഏറ്റവും വലിയ തുകയാണ്. കൈത്തറി മേഖലക്ക് സംസ്ഥാന സർക്കാറിൽനിന്ന് ലഭിക്കുന്ന സംരക്ഷണവും, പ്രോത്സാഹനവും നഷ്ടപ്രതാപം വീണ്ടെടുക്കാനും, തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താനും സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ■

## ഡബ്ല്യൂടിഒ ഉച്ചകോടി പരാജയം

മന്ത്രിതല ഉച്ചകോടി ഭക്ഷ്യസുരക്ഷാ വിഷയത്തിൽ വ്യക്തമായ തീരുമാനത്തിൽ എത്താനാകാതെ പിരിഞ്ഞു. അമേരിക്കയുടെ നിലപാടാണ് ലോകം നേരിടുന്ന സുപ്രധാന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് തടസമായത്. ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങൾക്ക് ഉച്ചകോടിയുടെ പരാജയം കനത്ത നിരാശയായി. നാലു ദിവസത്തെ മന്ത്രിതല ഉച്ചകോടി സംയുക്ത പ്രസ്താവനയോ വ്യക്തമായ തീരുമാനമോ പ്രഖ്യാപിക്കാതെ അലസിപ്പിരിയുകയായിരുന്നു. ചർച്ചയുടെ പുരോഗതി സമ്മേളനത്തിന്റെ അധ്യക്ഷത വഹിച്ച അർജന്റീന മന്ത്രി സുസന്ന മൽകോറ വാർത്താകുറിപ്പിലൊതുക്കി. ചർച്ച നടന്ന രീതിയിൽ ഡബ്ല്യൂടിഒ ഡയറക്ടർ ജനറൽ റോബർട്ടോ അസിവിദോ നിരാശ പ്രകടിപ്പിച്ചു. അംഗ രാജ്യങ്ങൾ ആത്മപരിശോധന നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ലോകത്താകെ 80 കോടി ജനങ്ങളെ ബാധിക്കുന്ന ഭക്ഷ്യസുരക്ഷാ പ്രശ്നത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണമെന്ന് ഇന്ത്യ ഏറെക്കാലമായി ആവശ്യപ്പെടുന്നതാണ്. എന്നാൽ, അമേരിക്ക പിന്നോട്ടു പോയതോടെ 164 അംഗ സംഘടനയ്ക്ക് ഇക്കാര്യത്തിൽ സമവായത്തിൽ എത്താനായില്ല. വാണിജ്യ- വ്യവസായ മന്ത്രി സുരേഷ് പ്രഭുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം ജി 33 കൂട്ടായ്മയുടെ ഭാഗമായി ഈ വിഷയത്തിന് സ്ഥായിയായ പരിപാരം കാണണമെന്ന് ആവശ്യപ്പെട്ടു.

ആഗോള വ്യാപാര ചട്ടപ്രകാരം ഡബ്ല്യൂടിഒ അംഗ രാജ്യത്തിന്റെ ഭക്ഷ്യ സബ്സിഡി ബിൽ ഉത്പാദനത്തിന്റെ മൂല്യത്തിന്റെ 10 ശതമാനം അധികരിക്കരുതെന്നാണ് നിബന്ധന. 1986-88 ലെ വില അടിസ്ഥാനമാക്കിയാണ് മൂല്യം നിശ്ചയിക്കുന്നത്. ഭക്ഷ്യ സുരക്ഷാ പദ്ധതി പൂർണമായി നടപ്പാക്കുമ്പോൾ ഈ നിബന്ധന തടസമാകുമെന്ന ആശങ്കയാണ് ഇന്ത്യ ഉയർത്തുന്നത്. ഡബ്ല്യൂടിഒ നിശ്ചയിച്ച ഭക്ഷ്യ സബ്സിഡി പരിധി പുനർ നിർണയിക്കാൻ ഭേദഗതി വേണമെന്നാണ് വികസ്വര രാജ്യങ്ങൾ ആവശ്യപ്പെടുന്നത്. 2013 ൽ ബാലിയിൽ ചേർന്ന പത്താം ഉച്ചകോടി ഇടക്കാല പരിഹാര മാർഗങ്ങൾ സ്വീകരിച്ചിരുന്നു. 11-ാം ഉച്ചകോടിയിൽ ഇക്കാര്യത്തിന് പരിഹാരം കാണാമെന്നുമായിരുന്നു ധാരണ. ഇതാണ് അമേരിക്കയുടെ നിലാപാടോടെ പരാജയപ്പെട്ടത്.

# ഉജ്ജ്വലമായ ബി.എസ്.എൻ.എൽ. പണിമുടക്ക്

**കെ. മോഹനൻ, (സംസ്ഥാന സെക്രട്ടറി, ബി.എസ്.എൻ.എൽ.എംപ്ലോയീസ് യൂണിയൻ)**

ബി.എസ്.എൻ.എൽ. സംരക്ഷിക്കാനും, ശമ്പളപരിഷ്കരണം നേടിയെടുക്കാനും, ബി.എസ്.എൻ.എൽ. ജീവനക്കാരും ഓഫീസർമാരും 2017 ഡിസംബർ 12,13 തീയതികളിൽ 48 മണിക്കൂർ പണിമുടക്കി. ബി.എസ്.എൻ.എൽ.ലെ ഓഫീസർമാരുടെയും, നോൺഎക്സിക്യൂട്ടീവ് ജീവനക്കാരുടെയും എല്ലാ സംഘടനകളും യോജിച്ച് നടത്തിയ പണിമുടക്ക് ബി.എസ്.എൻ.എൽ.ന്റെ ദൈനംദിന പ്രവർത്തനങ്ങളെ നിശ്ചലമാക്കി. 2017 ജൂലായ് 27 ന് ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് ഏകദിന പണിമുടക്ക് നടത്തിയിരുന്നു. ബി.എസ്.എൻ.എൽ. എംപ്ലോയീസ് യൂണിയൻ നേതൃത്വം കൊടുത്ത ആ പണിമുടക്കിൽ നിന്ന് വിട്ടുനിന്ന സംഘടനകളെല്ലാം ഈ പണിമുടക്കിൽ പങ്കെടുത്തുവെന്നത് കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നിലപാടുകളോടുള്ള പ്രതിഷേധം വ്യക്തമാക്കുന്നതാണ്. ശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടും, ചർച്ചചെയ്യാനോ, പരിഹരിക്കാനോ കേന്ദ്രസർക്കാർ ശ്രമിച്ചില്ലെന്നത് തൊഴിലാളികളുടെ രോഷം വർദ്ധിപ്പിക്കുന്നു. ബി.എസ്.എൻ.എൽ.ന്റെ പിൻവാതിൽ സ്വകാര്യവൽക്കരണം അവസാനിപ്പിക്കണമെന്നതാണ് പ്രധാന ആവശ്യം. ബി.എസ്.എൻ.എൽ.ന്റെ കൈവശമുള്ള 66000 ടവറുകൾ അനുബന്ധ കമ്പനി രൂപീകരിച്ച് അതിലേക്ക് മാറ്റാൻ കേന്ദ്ര മന്ത്രിസഭ തീരുമാനമെടുത്തുകഴിഞ്ഞു.

രൂപീകരിക്കപ്പെടുന്ന ടവർ കമ്പനി സ്വകാര്യവൽക്കരിക്കപ്പെടും. സ്വകാര്യ കോർപ്പറേറ്റുകളുടെ കൈകളിലേക്ക് ബി.എസ്.എൻ.എൽ. ടവറുകൾ കൈമാറ്റം ചെയ്യപ്പെടും. സാമ്പത്തിക പ്രതിസന്ധിയിലും, നഷ്ടത്തിലും പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ.ന്, പുതുതായി രൂപീകരിക്കപ്പെടുന്ന ടവർ കമ്പനിയിൽനിക്ഷേപം നടത്താൻ കഴിയില്ല. സ്വകാര്യ കോർപ്പറേറ്റുകളുടെ നിക്ഷേപത്തിലൂടെയായിരിക്കും ടവർ കമ്പനി പ്രവർത്തിക്കുക. 26 ശതമാനം ഓഹരി കൈക്കലാക്കിയാൽ കമ്പനി (ടൃേമലേഴശര ജമൃിലൃ) സ്വകാര്യ മുതലാളിയുടേതാകും. കേവലം 26 ശതമാനം ഓഹരി കൈക്കലാക്കിയാണ് വി.എസ്.എൻ.എൽ.നെ ടാറ്റ സ്വന്തം കമ്പനിയാക്കിയത്.

ടവർ ബിസിനസ് രംഗത്ത് കുത്തകവൽക്കരണം സജീവമാകുകയാണ്. എയർടെൽ, ഐഡിയ, വൊഡാഫോൺ കമ്പനികളുടെ സംയുക്ത ഉടമസ്ഥതയിലുള്ള ഇൻഡസ് ടവർ കോർപ്പറേഷൻ, അമേരിക്കൻ ടവർ കോർപ്പറേഷൻ, നിരവധി സ്വതന്ത്ര ടവർ കമ്പനികൾ ഉൾപ്പെടെ കടുത്ത മത്സരമാണ് ഈ രംഗത്ത്. ഇൻഡസ് ടവർ കോർപ്പറേഷന്റെ എയർടെല്ലിന്റെ കൈവശമുള്ള ഓഹരികൾ കഴിച്ച്, ബാക്കി ഓഹരികൾ മുഴുവനും എയർടെൽ സ്വന്തമാക്കാനും, അത് അമേരിക്കയിലെ വിദേശ കമ്പനിയായ കെ.കെ.ആർ.ടവർ കൺസോർഷ്യത്തിന് കൈമാറാനും നീക്കം നടക്കുകയാണ്. അതായത് ടെലികോം സേവനമേഖലയെന്നത് പോലെ ടവർ ബിസിനസ് രംഗത്തും വിദേശ കമ്പനികൾ ആധിപത്യം സ്ഥാപിക്കും. സ്വാഭാവികമായ മത്സരത്തിൽ ബി.എസ്.എൻ.എൽ. ടവർ കമ്പനി പിന്തള്ളപ്പെടാം. ഈ സാഹചര്യമുപയോഗിച്ച് ടവർ കമ്പനി സ്വകാര്യവൽക്കരിക്കപ്പെടും. വിദേശ കമ്പനികൾ ഓഹരി വാങ്ങും. ബി.എസ്.എൻ.എൽ.ന് സ്വതന്ത്രമായി കൈകാര്യം ചെയ്യാവയുന്ന ടവറുകൾ പൂർണ്ണമായും അന്യംനിൽക്കുമെന്നർത്ഥം. ഇത് ബി.എസ്.എൻ.എൽ.ന്റെ മൊബൈൽ വികസനത്തിന് കോട്ടമുണ്ടാക്കും. ഇതിനെതിരെയുള്ള തുടർച്ചയായ സമരത്തിന്റെ ഒരു സുപ്രധാനഘട്ടമാണ് ഡിസംബർ 12,13 സമരം.

മറ്റൊരു പ്രധാന ആവശ്യം 1–1–2017 മുതലുള്ള ശമ്പളപരിഷ്കരണമാണ്. നഷ്ടത്തിലായതോ, ശമ്പളപരിഷ്കരണം കൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ബാദ്ധ്യത ശരാശരി മൂന്നുവർഷത്തെ ലാഭത്തിന്റെ 40% ൽ മേലെ വരുകയോ ചെയ്താൽ ശമ്പളപരിഷ്കരണം നൽകേണ്ടെന്നാണ് കേന്ദ്ര കാബിനറ്റ് തീരുമാനവും, തുടർന്ന് ഡി.പി.ഇ. ഇറക്കിയ ഉത്തരവിലും വ്യക്തമാക്കുന്നത്. നൂറ് ശതമാനം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് ഇപ്പോൾ ബി.എസ്.എൻ.എൽ. കേന്ദ്ര സർക്കാരിന്റെ പദ്ധതികളിലും, രാജ്യത്തുണ്ടാകുന്ന ദുരന്തങ്ങളിലും, ഗ്രാമീണ മേഖലയിലെ വാർത്താവിനിമയവുമെല്ലാം നഷ്ടം സഹിച്ചും, സർക്കാരിനുവേണ്ടി, സർക്കാർ സഹായമില്ലാതെ തന്നെ നിർവഹിക്കുന്ന ബി.എസ്.എൻ.എൽ. ന് സാമ്പത്തികബാദ്ധ്യതയെന്ന നിബന്ധനയിൽ ഇളവ് നൽകണമെന്നതാണ് ജീവനക്കാർ ഉന്നയിക്കുന്ന ആവശ്യം. ശമ്പളപരിഷ്കരണം നൽകാൻ മാനേജ്മെന്റ് തയ്യാറാണെന്നും, അനുവാദം മാത്രം നൽകിയാൽ മതിയെന്നും ബി.എസ്.എൻ.എൽ. ബോർഡ് വ്യക്തമാക്കിയിട്ടും നിസ്സംഗതയാണ് കേന്ദ്രസർക്കാരിനും, ടെലികോം വകുപ്പിനുമുള്ളത്. ബി.എസ്.എൻ.എൽ.ൽ അബ്സോർബ് ചെയ്യാത്ത ഐ.ടി.എസ്. ഓഫീസർമാർക്ക് ഏഴാം ശമ്പളപരിഷ്കരണം അനുവദിച്ചതിന്റെ ഫലമായുണ്ടായ സാമ്പത്തിക ബാദ്ധ്യത നിർവഹിക്കുന്നത് ബി.എസ്.എൻ.എൽ. ആണ്. ഐ.ടി.എസ്.ഓഫീസർമാർക്ക് ശമ്പളപരിഷ്കരണം നൽകാനും ബാദ്ധ്യത ബി.എസ്.എൻ.എൽ. ന് കൈമാറുകയും ചെയ്യുമ്പോൾ ബി.എസ്.എൻ.എൽ. ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നിഷേധിക്കുന്നത് തികച്ചും അന്യായമാണ്. ഇതിനെതിരെയാണ് ജീവനക്കാരുടെ പ്രതിഷേധമുയരുന്നത്.

രണ്ടാം ശമ്പളപരിഷ്കരണ കമ്മിറ്റി 1–1–2007 ൽ 30 ശതമാനം പെൻഷൻ ആനുകൂല്യം പുതുതായി വന്നവർക്ക് നൽകണമെന്ന് നിർദ്ദേശിച്ചെങ്കിലും നടപ്പാക്കാൻ തയ്യാറായിട്ടില്ല. ബി.എസ്.എൻ.എൽ. റിക്രൂട്ട് ചെയ്ത ജീവനക്കാർക്കും ഓഫീസർമാർക്കും സർക്കാർ പെൻഷൻ നൽകുന്നില്ല. ബി.എസ്.എൻ.എൽ. ലാണ് നൽകുന്നത്.

ശക്തമായ സമരങ്ങൾ ഉയർന്നുവന്നിട്ടും പ്രതികരിക്കാത്ത കേന്ദ്രസർക്കാരിന്റെ നിലപാടുകളോടുള്ള അമർഷം ജീവനക്കാരിൽ ഏറിവരികയാണ്. അതുകൊണ്ട് കൂടുതൽ ശക്തമായ സമരത്തിലേക്ക് നീങ്ങുകതന്നെ ചെയ്യും. 2018 ജനുവരി 8 ന് ചേരുന്ന സംഘടനകളുടെ യോഗം ഉചിതമായ തീരുമാനം കൈക്കൊള്ളുകതന്നെ ചെയ്യും. ■

## മേക്ക് ഇൻ ഇന്ത്യ

# ഇന്ത്യൻ റെയിൽവേയുടെ രത്ന കമ്പനികളെ തകർക്കാൻ

കഴിഞ്ഞ ലക്കം
തുടർച്ച



കെ. ഹേമലത

റെയിൽവേ മന്ത്രാലയം തന്നെ അതിന്റെ നിർമാണ കമ്പനികളെ 'റെയിൽവേയുടെ രത്നങ്ങളായിട്ടാണ്' കണക്കാക്കിയിരിക്കുന്നത്. ഇന്ത്യൻ റെയിൽവേയുടെ 6 ഉല്പാദന യൂണിറ്റുകളിലും കൂടി ഒരു വർഷം 600 ഡീസൽ, ഇലക്ട്രിക് എൻജിനുകളും, 3000 കോച്ചുകളും നിർമ്മിക്കുന്നുണ്ട്. ഇവ റെയിൽവെ തന്നെ നിർമ്മിക്കുന്നത് കൊണ്ട് നിരവധി നേട്ടങ്ങൾ ഉള്ളതായി സർക്കാർ അവകാശപ്പെടുന്നു.

1. പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക മാത്രമല്ല അവ സ്വാംശീകരിക്കാനും തനതായ സാങ്കേതിക വിദ്യ റെയിൽവേക്ക് വികസിപ്പിച്ചെടുക്കാനും കഴിയും.
2. സ്വന്തമായി നിർമ്മിക്കുന്ന എൻജിന്റെയും, ബോഗികളുടെയും നിർമാണ ചെലവ് വിപണിയിൽ നിന്ന് വാങ്ങുന്ന വിലയേക്കാൾ കുറവാണ്.
3. സ്വന്തമായി ഫാക്ടറിയിൽ നിർമ്മിക്കപ്പെടുന്ന വസ്തുക്കൾക്ക് ചെലവ് കുറവാണ്, പല പ്രധാനപ്പെട്ട യന്ത്രഭാഗങ്ങളും ചെലവ് കുറഞ്ഞ നിരക്കിൽ സ്വന്തമായി നിർമിക്കാൻ കഴിയും.
4. എൻജിനുകളും മറ്റും ഇറക്കുമതി ചെയ്യാതിരുന്നാൽ തദ്ദേശ നിർമാണ യൂണിറ്റുകളെ വികസിപ്പിക്കാനും അനുബന്ധ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാനും കഴിയും.

എൻജിനുകളും, ബോഗികളും മറ്റു യന്ത്രഭാഗങ്ങളും നിർമിക്കുന്നതിലൂടെ തനതായ സാങ്കേതിക വിദ്യ വികസിപ്പിക്കാനും നിർമാണാണ ചെലവ് കുറയ്ക്കാനും ധാരാളം തൊഴിലവസരങ്ങൾ ലഭ്യമാക്കാനും അനുബന്ധ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും 'മേക്ക് ഇൻ ഇന്ത്യ' പദ്ധതി കൂടാതെ തന്നെ കഴിയും.

മേക് ഇൻ ഇന്ത്യ പദ്ധതിയുടെ പരസ്യത്തിന് വേണ്ടി കോടിക്കണക്കിന് രൂപയാണ് ബിജെപി സർക്കാർ ചെലവഴിക്കുന്നത്. നിലവിലുള്ള നിർമാണ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകാതെ അവയെ തകർത്ത് പൊളിച്ചടുക്കിക്കൊണ്ട് ഇത്തരം പരസ്യങ്ങൾ നൽകുന്നതിൽ എന്ത് അർത്ഥമാണുള്ളത്? അമേരിക്കൻ ബഹുരാഷ്ട്ര കമ്പനിയായ ജനറൽ ഇലക്ട്രിക്കുമായി ബീഹാറിലെ മർഹോറയിൽ ഡീസൽ ലോക്കോമോട്ടീവ് നിർമിക്കാനുള്ള കരാർ കേന്ദ്ര സർക്കാർ ഉണ്ടാക്കി. 2014 ൽ യുപിഎ സർക്കാരിന്റെ കാലത്ത് കരാറിന് അംഗീകാരം നൽകുകയും, പിന്നീട് വന്ന മോദി സർക്കാർ കരാറിൽ ഒപ്പിടുകയും ചെയ്തു. കാരാർ പ്രകാരം അടുത്ത പത്ത് വർഷത്തിനുള്ളിൽ 1000 ഡീസൽ ലോക്കോമോട്ടീവ് എൻജിനുകൾ ജനറൽ ഇലക്ട്രിക്കിൽ നിന്നും ഇന്ത്യൻ റെയിൽവേ വാങ്ങുമെന്നാണ് മാധ്യമ വാർത്തകളിലൂടെ അറിയാൻ കഴിയുന്നത്. ഡീസൽ ലോക്കോമോട്ടീവ് വാങ്ങാനുള്ള കരാറിൽ നിന്നും റെയിൽവെ പിൻമാറുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചുവെന്നാണ് അറിയുന്നത്. 2022 ആകുന്നതോടെ എല്ലാ ട്രാക്കുകളുടെയും ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാനാണ് റെയിൽവേ പദ്ധതിയിടുന്നത്. ഇതിനെതിരെ സർക്കാരിന് ശക്തമായ മുന്നറിയിപ്പ് നൽകി ജനറൽ ഇലക്ട്രിക് കമ്പനി രംഗത്തുവന്നു. ഇതിനെ തുടർന്ന് സർക്കാർ കരാറിൽ നിന്ന് പിൻമാറുകയില്ലെന്ന പ്രസ്താവനയുമായി റെയിൽവേ മന്ത്രി ഉടൻ രംഗത്തുവന്നു.

ജനറൽ ഇലക്ട്രിക് വിതരണം ചെയ്ത് അറ്റകുറ്റ പണികൾ നടത്തുന്നത് 4500 എച്ച്പിയുടെയും 6000 എച്ച്പിയുടെയും എൻജിനുകളാണ്. അമേരി

ക്കയിൽ നിന്നാണ് ആദ്യത്തെ എൻജിൻ ഗുജറാത്തിലെ കുന്ദ്ര തുറമുഖത്ത് കൊണ്ടുവന്നത്. ജനറൽ ഇലക്ട്രിക്കലിന്റെ തെക്കനേഷ്യൻ സിഇഒ പറഞ്ഞത് ഓരോ വർഷവും 100 എൻജിനുകൾ വീതം ഇന്ത്യൻ റെയിൽവേക്ക് നൽകും എന്നാണ്. ജനറൽ ഇലക്ട്രിക്കൽ യഥാർത്ഥത്തിൽ എൻജിനുകൾ ഇന്ത്യയിൽ നിർമിക്കുന്നില്ല. മറിച്ച് യന്ത്രഭാഗങ്ങൾ ഇറക്കുമതി ചെയ്ത് കൂട്ടി യോജിപ്പിക്കുകയാണ്. ഇതാണോ മെക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ പുതുമ!

വാരണാസിയിലെ ലോക്കോമോട്ടീവ് ഫാക്ടറി വർഷം തോറും 300 ലോക്കോമോട്ടീവ് എൻജിനുകൾ നിർമിക്കാൻ കഴിയുമെന്നിരിക്കെ എന്തിനാണ് ജനറൽ ഇല്ക്ട്രിക് കമ്പനി വഴി 100 എൻജിനുകൾ ഇറക്കുമതി ചെയ്യുന്നത്. റെയിൽവേ തന്നെ സമ്മതിക്കുന്ന വസ്തുതയാണ് നമ്മുടെ രാജ്യത്ത് നിർമ്മിക്കുന്ന എൻജിനുകൾക്ക് ചെലവ് കുറവാണ് എന്നുള്ളത്. പിന്നെ എന്തിനാണ് സർക്കാർ കൂടുതൽ പണം മുടക്കി വിദേശ ബഹുരാഷ്ട്ര കമ്പനികളിൽ നിന്ന് എൻജിൻ വാങ്ങുന്നത്? അധികമായി ചെലവിടുന്ന പണം ഇവിടുത്തെ കമ്പനികളുടെ വികസനത്തിനും ഗവേഷണത്തിനുമായി ചെലവിട്ടാൽ തദ്ദേശീയമായ സാങ്കേതിക വിദ്യ വികസിപ്പിക്കാനും പ്രവർത്തന ശേഷി വർധിപ്പിക്കാനും കഴിയും.

മധേപുരയിൽ പ്രവർത്തിക്കുന്ന ഫ്രഞ്ച് കമ്പനിയായ ആൾസ്റ്റോവിനാണ് ഇലക്ട്രിക് എൻജിന്റെ കരാർ നൽകിയിട്ടുള്ളത്. ബഹുരാഷ്ട്ര കമ്പനികളായ ജനറൽ ഇലക്ട്രിക്കും ആൾസ്റ്റോവും കൂടി 40,000 കോടി രൂപയുടെ ഇടപാടുകളാണ് റെയിൽവെയുമായി നടത്തുന്നത്. ഈ രണ്ട് കമ്പനികളിൽ നിന്നും വാങ്ങുന്ന ലോക്കോമോട്ടീവിന്റെ നിർമാണ ചെലവ് നമ്മുടെ നിർമാണ കമ്പനികളുടെ ചെലവിനേക്കാൾ 2–3 മടങ്ങ് കൂടുതലാണ്. മുൻ റെയിൽവേ ബോർഡ് അംഗം പി സി അചാര്യ പറഞ്ഞത് നമ്മുടെ രാജ്യത്ത് തന്നെ ലോക്കോമോട്ടീവ് നിർമ്മിക്കുകയാണെങ്കിൽ 20,000 കോടിരൂപ ലാഭിക്കാൻ കഴിയും എന്നാണ്. ബഹുരാഷ്ട്ര കമ്പനികൾക്ക് തന്നെയാണ് ലോക്കോ മോട്ടീവിന്റെ അറ്റകുറ്റപണികൾ ചെയ്യാനുള്ള ചുമതലയും നൽകിയിട്ടുള്ളത്. ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള നിർമാണ യൂണിറ്റുകളും വർക്ഷോപ്പുകളും അടച്ചുപൂട്ടുന്നതിനു വേണ്ടിയുള്ള നടപടിയുടെ ഭാഗമാണ് ഇത് എന്നു വേണം കരുതാൻ. ആയിരക്കണക്കിനു പേർക്ക് ഇക്കാരണത്താൽ തൊഴിൽ നഷ്ടമാകും. മേക്ക് ഇൻ ഇന്ത്യ പദ്ധതി പ്രകാരം ജനങ്ങളുടെ തൊഴിൽ ഇല്ലാതാക്കാനാണോ അതോ നൽകാനാണോ സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്?

ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയിൽ എൽഎച്ബി കോച്ചിന്റെ നിർമാണത്തിന്റെ ആദ്യഘട്ടം 2014 ൽ പൂർത്തിയായി. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സ്റ്റെയിൽ സ്റ്റീൽ എൽഎച്ച്ബി കോച്ചിലേക്ക് പൂർണമായും മാറാൻ കഴിയും. കപൂർത്തലയിലെ റെയിൽ കോച്ച് ഫാക്ടറിയിൽ മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കാൻ കഴിയുന്ന എൽഎച്ച്ബി കോച്ചുകൾ നിർമിക്കുന്നുണ്ട്. അത് മണിക്കൂറിൽ 200 കിമി വേഗതയുള്ളതാക്കാനുള്ള പരിഷ്കരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. റായിബറേലി കോച്ച് ഫാക്ടറിയിൽ ഒരു വർഷം 1000 എൽഎച്ച്ബി കോച്ചുകൾ നിർമിക്കാനുള്ള ശേഷിയുണ്ടെങ്കിലും നിരസിക്കപ്പെടുന്നത് 150 എൽഎച്ച്ബി കോച്ചുകളാണ്. റെയിൽവേ മന്ത്രാലയത്തിന്റെ നിർദേശമാണ് ഇതിന് കാരണം. ഫാക്ടറിയുടെ മുഴുവൻ ശേഷിയും ഉപയോഗപ്പെടുത്താൻ സർക്കാർ ഉത്തരവ് നൽകുന്നില്ല. കോച്ചുകളുടെ നിർമാണ ചുമതലയുള്ള പ്രൈവറ്റ് കമ്പനികളെ ഏല്പിക്കാനാണ് ലക്ഷ്യം വെയ്ക്കുന്നത്.

പുതിയ സാങ്കേതിക വിദ്യ സ്വീകരിക്കുന്നതിലും ഉപയോഗിക്കുന്നതിലും നമ്മുടെ ഉല്പാദക യൂണിറ്റുകളുടെ ശേഷി തെളിയിക്കപ്പെട്ട ശേഷവും അവയിൽ നിക്ഷേപം നടത്തുന്നത് ലാഭകരമായിരിക്കില്ലെന്ന ചിന്ത എന്തുകൊണ്ട് ഉണ്ടാകുന്നു? നമ്മുടെ ഉല്പാദക യൂണിറ്റുകളും വർക് ഷോപ്പുകളും പ്രവർത്തനരഹിതമാക്കിയിട്ട് നിക്ഷിപ്ത താല്പര്യങ്ങളുടെ പേരിൽ അവ ബഹുരാഷ്ട്ര കമ്പനികൾക്ക് വില്ക്കുന്ന കരാറിൽ ഒപ്പിടുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് മേക്ക് ഇൻ ഇന്ത്യ പദ്ധതിയിലൂടെ മോദി സർക്കാർ ചെയ്യുന്നത്? പിന്നെങ്ങനെയാണ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്? ഇതാണോ ബിജെപിയുടെ ദേശീയതയുടെയും ദേശഭക്തിയുടെയും അടയാളങ്ങൾ.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ റെയിൽവെ നടത്തിക്കൊണ്ടിരിക്കുന്ന അച്ചടി പ്രസ്സുകളുടെ പ്രവർത്തനം അവസാനിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. വലിയ തോതിൽ അച്ചടി ആവശ്യങ്ങളുള്ള റെയിൽവെ പോലെയുള്ള വൻകിട സ്ഥാപനങ്ങളുടെ അച്ചടി പ്രവർത്തികൾ സ്വകാര്യവത്കരിക്കുന്നതിലൂടെ നേട്ടങ്ങൾ ലഭിക്കുന്നത് സ്വകാര്യ പ്രസ് ഉടമകൾക്കാണ്

**നിയന്ത്രണങ്ങളോടെ സ്വകാര്യവത്കരണം**

വിവേക് ഡി ഒബ്രോയ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെയാണ് റെയിൽവേ വികസന അതോറിറ്റിക്ക് (RDA) കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. ആർഡിഎ രൂപീകരിച്ചതിന്റെ പിന്നിലെ പ്രധാന ലക്ഷ്യം യാത്രാ നിരക്ക് നിശ്ചയിക്കുക, ചെലവുമായി ബന്ധപ്പെടുത്തി ചരക്ക് കൂലി നിശ്ചയിക്കുക, സ്വകാര്യ യാത്രാ –ചരക്ക് ട്രെയിൻ ഓപ്പറേറ്റേഴ്സിന് നിലവിലുള്ള ട്രാക്കുകൾ ലഭ്യമാക്കുക, സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക, സ്വകാര്യ സംരംഭകരുടെ താല്പര്യം സംരക്ഷിക്കുക തുടങ്ങിയവയാണ്.

ചെലവിന്റെ അടിസ്ഥാനത്തിലാണ് യാത്രാ–ചരക്ക് കൂലി നിരക്ക് നിശ്ചയിക്കപ്പെടുന്നത്. നിലവിൽ യാത്രാകൂലിയായി ഈടാക്കുന്നത് ചെല

വിന്റെ 53 ശതമാനമാണ്. 47 ശതമാനം സർക്കാർ സബ്സിഡിയായി നൽകുന്നു. സബ്സിഡി പിൻവലിക്കുന്നതോടെ യാത്രാകൂലി ഇരട്ടിയാകും. ഇപ്പോഴുള്ള ട്രെയിൻ യാത്രാകൂലി സാധാരണ ജനങ്ങൾക്കും, തൊഴിലാളികൾക്കും വഹിക്കാൻ കഴിയുന്നതാണ്. എന്നാൽ ഇത് അവസാനിക്കാൻ പോവുകയാണ്. സ്വകാര്യവത്കരണം നടക്കുന്നതോടെ കോർപറേറ്റുകളുടെ താല്പര്യാർത്ഥം റെയിൽവേ യാത്രാകൂലി വർധിപ്പിക്കും. വൻകിട കമ്പനികൾക്ക് ലാഭം പ്രധാനമാണ്. കോർപറേറ്റുകൾക്ക് ലാഭം ഉറപ്പുവരുത്താൻ സാധാരണ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നും സർക്കാർ ഒഴിഞ്ഞുമാറും. പൊതുജനങ്ങളുടെ നികുതി പണം കൊണ്ട് നിർമിച്ച ട്രാക്കുകൾ യാതൊരു അധിക നിക്ഷേപവും ഈടാക്കാതെ സ്വകാര്യ സംരംഭകർക്ക് ഉപയോഗിക്കാൻ സൗകര്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ട്രാക്കുകൾ ഉപയോഗിക്കുന്നതിന് ചെറിയ പ്രവേശന ഫീസ് നൽകിയാൽ മാത്രം മതി. അവശ്യ സാധനങ്ങളുടെ ചരക്കു നീക്കത്തിലുള്ള സബ്സിഡി നിർത്തലാക്കപ്പെടും. സ്വകാര്യസംരംഭകർക്ക് റെയിൽവേയുടെ ഇന്നുള്ള ഭൗതിക സാഹചര്യങ്ങൾ കോച്ചുകൾ എൻജിനുകൾ, യാർഡുകൾ, വർക് ഷോപ്പുകൾ തുടങ്ങിയവ യഥേഷ്ടം ഉപയോഗിക്കാനുള്ള അവസരം ലഭിക്കും. ഇപ്പോൾ തന്നെ ടാറ്റാ ചരക്ക് ട്രെയിനുകൾ ഓടിക്കുന്നുണ്ട്.

റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യ കോർപറേറ്റുകൾക്ക് കൈമാറാനുള്ള നടപടികൾ നേരത്തെ തന്നെ റെയിൽവെ സ്വീകരിച്ചിരുന്നു. രാജ്യത്തെ 400 എ1, എ സ്റ്റേഷനുകൾ ലോക നിലവാരമുള്ള സ്റ്റേഷനുകൾ ആക്കാൻ പോകുന്നുവന്ന പേര് പറഞ്ഞ് സ്വകാര്യ കോർപറേറ്റുകൾക്ക് കൈമാറാനുള്ള നടപടികൾ നേരത്തെ തന്നെ റെയിൽവേ സ്വീകരിച്ചിരുന്നു. രാജ്യത്തെ പ്രധാനപ്പെട്ട 23 സ്റ്റേഷനുകളായ ന്യൂഡൽഹി, മുംബൈ, ഹൗറ, ചെന്നൈ, ബംഗ്ലുരു, സെക്കന്ദ്രാബാദ്, ഹൈദരാബാദ് വിജയവാഡ, കോഴിക്കോട് തുടങ്ങിയവ പുനരുദ്ധാരണത്തിന്റെ പേരിൽ സ്വകാര്യ മേഖലക്കു കൈമാറാൻ ടെൻഡർ വിളിച്ചിരിക്കുകയാണ്. പൊതുസ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ കൈമാറിയ രാജ്യത്തെ ആദ്യത്തെ റെയിൽവേ സ്റ്റേഷൻ ഭോപ്പാലിലെ ഹാബിഗൻജ് സ്റ്റേഷനാണ്.

സ്റ്റേഷനുകളുടെ ഭരണ ചുമതല ഏറ്റെടുത്തിരിക്കുന്ന സ്വകാര്യ കരാറുകാരെ വിളിക്കുന്നത് സ്റ്റേഷൻ ഫെസിലിറ്റേഷൻ മാനേജേഴ്സ് (SFM) എന്നാണ്. ഇവർക്ക് 45 വർഷത്തെ കാലാവധിയിൽ സ്റ്റേഷനുകൾ വാടകക്ക് നൽകിയിരിക്കുന്നു. സ്റ്റേഷനുകളുടെ വികസനം, വാണിജ്യ വികസനം, ഭൂമിയുടെ സംരക്ഷണം എന്നിവ ഇവരുടെ ചുമതലയാണ്. ട്രെയിൻ ഓടിക്കുന്നത് യാത്രാ ടിക്കറ്റ്-പ്ലാറ്റ്ഫോം ടിക്കറ്റ് നൽകുന്നത്, ചരക്ക് നീക്കം, സിഗ്നൽ, ടെലികമ്യൂണിക്കേഷൻ തുടങ്ങിയവ റെയിൽവേയുടെ നിയന്ത്രണത്തിൽ തന്നെ ആയിരിക്കും. കരാറുകാർ അവരുടെ ജീവനക്കാരെ നിയമിക്കുന്നതോടെ നിലവിലുള്ള റെയിൽവെ ജീവനക്കാരുടെയും അനുബന്ധ മേഖലയിൽ തൊഴിലെടുക്കുന്നവരുടെയും തൊഴിൽ നഷ്ടമാകും.

**റെയിൽവേയുടെ പൊതുജനസേവനത്തിന് മരണമണി**

സർക്കാർ തുടങ്ങിവെച്ച റെയിൽവെയുടെ സ്വകാര്യവത്കരണ നടപടികൾ കൂടുതൽ ശക്തിയായി മുമ്പോട്ട് കൊണ്ടു പോകണമെന്നായിരുന്നു വിവേക് ഡി ഒബ്റോയുടെ ശുപാർശകൾ. റെയിൽവേയുടെ സ്വകാര്യവത്കരണം പൂർത്തിയാക്കാൻ റെയിൽവേയെ കോർപറേഷൻ ആക്കിമാറ്റാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ ഇവയാണ്.

★ ചരക്ക് ഗതാഗതത്തിനായി dedicated Freight corridors cor[oration of India Ltd. (DRCCIL) നെ കൊണ്ട് പുതിയ പാത നിർമിച്ച് സ്വകാര്യ ഓപ്പറേറ്റേഴ്സിന് നൽകുക, ഈ പാത വഴി ട്രെയിൻ ഓടിക്കുന്നതിന്റെ പണം DRCCIL ന് നൽകണം. റെയിൽവെക്ക് നൽകേണ്ടതില്ല.

★ ഇന്ത്യൻ റെയിൽവേയിൽ നിന്നും റെയിൽവേ ഫിനാൻസ് കോർപറേഷനെ വേർപെടുത്തുക. ഇതിന്റെ ഉടമസ്ഥതയിൽ ലോക്കോമോട്ടീവുകളും കോച്ചുകളും വാഗണുകളും കൊണ്ടുവരിക. സ്വകാര്യ സ്ഥാപനങ്ങൾക്ക് ട്രെയിൻ ഓടിക്കാൻ ഇവ വാടകക്ക് നൽകുക

★ ട്രാക്കുകൾ, സ്റ്റേഷനുകൾ, വൈദ്യുതോപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുക, സിഗ്നൽ സംവിധാനങ്ങൾ റെയിൽവേയിൽ നിന്ന് വേർപെടുത്തി റെയിൽവേ ഇൻഫ്രാസ്ട്രക്ചർ കോർപറേഷനെ ഏല്പിക്കുക. അവർ ആവശ്യമുള്ളവർക്ക് വാടകക്ക് നൽകുക. എന്നിവയും ശുപാർശയിലുണ്ട്.

★ ഉല്പാദന യൂണിറ്റുകൾ റെയിൽവേ മാനുഫാക്ചറിംഗ് കമ്പനിയുടെ കീഴിൽ കൊണ്ടുവരണം. ഇന്റഗ്രൽ കോട്ട് ഫാക്ടറി (ചെന്നൈ) റെയിൽ കോച്ച് ഫാക്ടറി (കപൂർത്തല), ചിത്തരഞ്ജൻ ലോക്കോ മോട്ടീവ് വർക്സ് (പശ്ചിമ ബംഗാൾ) ഡീസൽ ലോക്കോ മോട്ടീവ് വർക്സ് (വാരണാസി) റെയിൽവെ വീൽ ഫാക്ടറി (ബംഗ്ലുരു) തുടങ്ങിയവ ഇതിൽ പെടുന്നു.

★ റെയിൽവേ റിയൽ എസ്റ്റേറ്റ് ബോർഡ് രൂപീകരിച്ച് റെയിൽവേ കോളനികൾ, ഉപയോഗിക്കാത്ത ഭൂമി, റെയിൽവേ കെട്ടിടങ്ങൾ എന്നിവ ഏറ്റെടുത്ത് വികസിപ്പിച്ച് ആവശ്യക്കാർക്ക് പാട്ടത്തിന് നൽകുക.

★ എല്ലാ സബർബൻ ട്രെയിൻ സർവീസുകളും സംസ്ഥാന സർക്കാരിന് കൈമാറുക.

★ നഷ്ടത്തിലുള്ള എല്ലാ പാതകളും നിർത്തലാക്കുക അല്ലെങ്കിൽ അവ സംസ്ഥാന സർക്കാരോ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോ ഏറ്റെടുക്കുകയോ നഷ്ടം നികത്തിക്കൊടുക്കുകയോ ചെയ്യുക എന്നിവയും ലക്ഷ്യമിട്ടുണ്ട്.

**സ്വകാര്യമേഖലയുടെ ലക്ഷ്യം സേവനമല്ല. നഷ്ട ത്തിലാകുന്ന വ്യാപാര സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതുപോലെ റെയിൽവേയിലെ നിക്ഷേ പവും ലാഭകരമല്ലെങ്കിൽ അവിടെ നിന്നും അവർ പിൻവാങ്ങും. ജനങ്ങളുടെ ദുരിതത്തെകുറി ച്ചോ, ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന തിനെക്കുറിച്ചോ അവർ ചിന്തിക്കാറില്ല.**

★ റെയിൽവേ ബോർഡിന്റെ കീഴിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളായ കൊങ്കൺ റെയിൽവേ കോർപറേഷൻ റെയിൽവേ കൺസ്ട്രക്ഷൻ കോർപറേഷൻ (IRCON) ഇന്ത്യൻ റെയിൽവെ കാറ്ററിംഗ് & ടൂറിസം കോർപറേഷൻ (IRCTC) കൺടെയ്നർ കോർപ റേഷൻ ഓഫ് ഇന്ത്യ (CONCOR) റെയിൽവേ ഇൻഫ്രാസ്ട്രക്ചർ ടെക്നിക്കൽ & ഇക്കണോ മിക് സർവീസസ് (RITES) മുംബൈ റെയിൽ വികാസ് കോർപറേഷൻ, റെയിൽ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി തുടങ്ങിയവ സ്വകാര്യവത്കരണത്തിന്റെ ഭാഗമായി സ്വത ന്ത്രമാക്കുക എന്നിവയും ശുപാർശയിൽ ഉൾപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ റെയിൽവേ ബഡ്ജ റ്റിൽ CONCOR, IRCON എന്നിവയുടെ ഓഹരി കൾ വിറ്റഴിക്കുന്നതിന്റെ ഭാഗമായി ഓഹരി കമ്പോളത്തിൽ ലിസ്റ്റ് ചെയ്യുമെന്ന് പ്രഖ്യാപി ച്ചിരിക്കണം.

★ റെയിൽവേ സംരക്ഷണ സേനയും, സർക്കാർ റെയിൽവേ പോലീസും യാത്രക്കാർക്ക് നൽകുന്ന സുരക്ഷാ സൗകര്യങ്ങൾ പിൻവലി ക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

★ റെയിൽവേ ആശുപത്രികളും, സ്കൂളുകളും സ്വകാര്യവത്കരിക്കുക എന്നതും ശുപാർശയി ലുണ്ട്.

റെയിൽവേ ഈ ശുപാർശകൾ നടപ്പാക്കുന്ന തോടെ പൊതുജനസേവനത്തിന്റെ മരണമണിയാ യിരിക്കും റെയിൽവേ സേവന രംഗത്ത് മുഴങ്ങുക. ഇത് റെയിൽവേയിൽ തൊഴിലെടുക്കുന്ന ജീവന ക്കാരുടെ തൊഴിലിനെ മാത്രമല്ല ബാധിക്കുന്നത്. റെയിൽവേയെ ആശ്രയിച്ച് യാത്രചെയ്യുന്ന സാധാ രണക്കാരായ ജനങ്ങളെയും, ചരക്ക് കടത്തിന്റെ സേവനം കൈപറ്റുന്ന ഉപഭോക്താക്കളെയും ബാധിക്കും.

കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി തുടരുന്ന നവ ഉദാരീകരണ സാമ്പത്തിക നയങ്ങളുടെ ഭാഗ മായിട്ട് റെയിൽവേയും ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടിരിക്കുകയാണ്. ഇത് നിലവിലുള്ള ജീവനക്കാരുടെ ജോലി ഭാരം കൂട്ടു ന്നതോടൊപ്പം ട്രെയിൻ യാത്രക്കാരുടെ അപകട സാധ്യതയും വർധിപ്പിക്കുന്നു. പുറം കരാർ ജോലി യും, കരാർ തൊഴിലാളികളുടെ എണ്ണവും ഈ കാലയളവിൽ വൻതോതിൽ വർധിച്ചു. സ്വകാര്യ വത്കരണത്തിന്റെ ഭാഗമായി ജോലികൾ പുറം കരാർ നൽകുന്നതു മൂലം സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ള SC/ST വിഭാഗങ്ങൾക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട തൊഴിൽ സംവ രണം പോലും നിഷേധിക്കപെടുന്നു. റെയിൽവേ ജീവനക്കാർ മുമ്പ് നേരിട്ടു ചെയ്തിരുന്ന ധാരാളം ജോലികൾ ഇന്നു നിർവഹിക്കുന്നത് പുറം കരാർ പ്രകാരമാണ്. കരാർ ജീവനക്കാരെ മനുഷ്യത്വര ഹിതമായി കടുത്ത തൊഴിൽ ചൂഷണത്തിന് വിധേ യരാക്കുന്നു. സ്ഥിരം ജീവനക്കാർക്ക് കൊടുക്കുന്ന വേതനത്തിന്റെ നാലിൽ ഒന്നുപോലും ഇവർക്ക് ലഭിക്കുന്നില്ല. അവർക്ക് ഒരു തരത്തിലുള്ള സാമൂഹിക സുരക്ഷ പദ്ധതികളും ഏർപെടുത്തി യിട്ടില്ല.

രാജ്യത്തെ കോടിക്കണക്കിന് വരുന്ന സാധാ രണ ജനങ്ങൾക്ക് ആവശ്യമായ യാത്രാ സൗകര്യ ങ്ങൾ ലഭ്യമാക്കാൻ സർക്കാരിന് ഉത്തരവാദിത്വ മില്ലേ എന്നതാണ് ഇന്ന് നമ്മുടെ മുമ്പിലുള്ള ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. തൊഴിൽ സ്ഥല ങ്ങളിലേക്കു യാത്ര ചെയ്തു മടങ്ങുന്ന ജീവന ക്കാർക്കും തൊഴിലന്വേഷകർക്കും, സ്കൂളിലും കോളേജിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കും യാത്രാ സൗകര്യം ലഭ്യമാക്കാൻ സർക്കാരിന് ബാധ്യതയില്ലേ? രാജ്യത്തെ പാവപ്പെട്ട കർഷക തൊഴിലാളികൾക്കും കർഷകർക്കും തങ്ങളുടെ ഉപജീവന ആവശ്യങ്ങൾക്ക് സഞ്ചരിക്കാൻ കുറഞ്ഞ യാത്രാ സൗകര്യം വേണ്ടേ? ഇപ്പോൾ ഇത് ലഭ്യമാക്കുന്നത് റെയിൽവേ അല്ലേ? റെയിൽവേയെ പൂർണമായും വാണിജ്യവത്കരി ക്കാനും രാജ്യത്തെ സാധാരണക്കാർക്ക് ട്രെയിൻ യാത്രാ ചെലവ് ദുർവഹമാക്കി സമൂഹത്തിലെ ഒരു പിടി ആളുകൾക്ക് മാത്രമായി ട്രെയിൻ യാത്ര പരി മിതപ്പെടുത്താനാണോ സർക്കാർ ഉദ്ദേശിക്കുന്നത്?

സ്വകാര്യമേഖലയുടെ ലക്ഷ്യം സേവനമല്ല. സേവന പ്രവർത്തനങ്ങൾ നടത്താനായിട്ടല്ല അവർ പണം നിക്ഷേപിക്കുന്നത്. കൂടുതൽ ലാഭം ഉണ്ടാ ക്കാൻ കഴിയുന്ന മേഖലയിലേ അവർ പണം നിക്ഷേപിക്കുകയുള്ളൂ. നഷ്ടത്തിലാകുന്ന വ്യാപാര സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുപോലെ റെയിൽവേയിലെ നിക്ഷേപവും ലാഭകരമല്ലെങ്കിൽ അവിടെ നിന്നും അവർ പിൻവാങ്ങും. ജനങ്ങളുടെ ദുരിതത്തെകുറിച്ചോ, ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ചോ അവർ ചിന്തിക്കാറി ല്ല. റോഡ് വ്യോമ, റെയിൽവേ തുടങ്ങി വിവിധ ഗതാഗത സൗകര്യങ്ങൾ പരിശോധിച്ചാൽ നഷ്ട ത്തിലോടുന്നവയിൽ നിന്നുള്ള സ്വകാര്യമേഖല യുടെ പിൻമാറ്റം ലോകമെമ്പാടും കാണാൻ കഴി യും. റെയിൽവേ സ്വകാര്യവത്കരിച്ച രാജ്യങ്ങളിൽ നിന്നുള്ള അനുഭവങ്ങൾ പഠിക്കാൻ സർക്കാർ തയാറാവുന്നില്ല. അവർ അതിന് താല്പര്യം കാണി ക്കാത്തതിന് കാരണം ലാഭ കൊതിയൻമാരായ തദ്ദേശീയരും വിദേശീയരുമായ കോർപറേറ്റുക ളുടെ താല്പര്യം സംരക്ഷിക്കാനാണ്.

(അടുത്ത ലക്കം തുടരും)

# സംഘടനാ വാർത്തകൾ

# അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി അഭിപ്രായ സമന്വയത്തിലൂടെ നടപ്പിലാക്കുക

### വൈദ്യുതി വികസന സെമിനാർ

**കെ ജയപ്രകാശ് (ജനറൽ സെക്രട്ടറി, കെഎസ്ഇബിഡബ്ല്യൂഎ)**

163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി ജലവൈദ്യുതി പദ്ധതി അഭിപ്രായ സമന്വയത്തിലൂടെ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) 2017 നവംബർ 21 ന് തൃശൂർ ശ്രീ ശങ്കരാ ഹാളിൽ വച്ച് വൈദ്യുതി വികസന സെമിനാർ സംഘടിപ്പിച്ചു. സെമിനാർ ബഹുമാനപ്പെട്ട വൈദ്യുത വകുപ്പു മന്ത്രി ശ്രീ എം എം മണി ഉത്ഘാടനം ചെയ്തു. കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് സ: എളമരം കരീം അധ്യക്ഷത വഹിച്ചു. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ അഖിലേന്ത്യാ പ്രസിഡന്റ് സ: കെ ഒ ഹബീബ് വിഷയം അവതരിപ്പിച്ചു. ഐഎൻടിയുസി സംസ്ഥാന പ്രസിഡന്റ് ശ്രീ ആർ ചന്ദ്ര ശേഖരൻ, കേരളാ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എഐടിയുസി) സംസ്ഥാന പ്രസിഡന്റ് സ: എ എൻ രാജൻ, കെഎസ്ഇബി ഓഫീസേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സ: പി വി ലതീഷ്, കെഎസ്ഇബി എഞ്ചിനിയേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ എൻ ടി ജോബ്, കെഎസ്ഇബി പെൻഷനേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ എം ടി വർഗീസ് എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. സെമിനാർ സ്വാഗത സംഘം ചെയർമാൻ സ: യു പി ജോസഫ് സ്വാഗതം പറഞ്ഞു. കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ: കെ ജയപ്രകാശ് നന്ദി രേഖപ്പെടുത്തി.

ഏത് ഉറക്കത്തിൽ വിളിച്ചു ചോദിച്ചാലും അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കണമെന്ന് താൻ പറയുമെന്നും പദ്ധതി ഇന്നല്ലെങ്കിൽ നാളെ സമവായത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുമെന്നും സെമിനാർ ഉത്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കി. അതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ എല്ലാവിധ അനുമതിയും ലഭിച്ചിട്ടുണ്ട് എന്നും പരമാവധി കുറച്ച് വനം മാത്രമേ അതിരപ്പിള്ളി പദ്ധതി നടപ്പാക്കുമ്പോൾ നഷ്ടമാവൂ എന്നും മന്ത്രി തുടർന്ന് പറഞ്ഞു.

സംസ്ഥാനത്തിന്റെ വികസനത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ യോജിച്ച അഭിപ്രായത്തിൽ എത്തുവാനുള്ള ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാവണമെന്ന് സെമിനാറിൽ അധ്യക്ഷത വഹിച്ച സഖാവ് എളമരം കരീം അഭിപ്രായപ്പെട്ടു. അശാസ്ത്രീയമായ പരിസ്ഥിതിവാദത്തിന്റെ പേരിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടതായ സ്വപ്നതുല്യമായ പദ്ധതികൾ തട്ടിമാറ്റുന്നത് വേദനാജനകമാണെന്നും അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ഉന്നയിക്കുന്ന വാദങ്ങൾക്കൊന്നും ശാസ്ത്രീയമായ പഠനത്തിന്റെയോ



തെളിവുകളുടെയോ പിൻബലമില്ലെന്നും അദ്ദേഹം കൂട്ടിചേർത്തു. കേരളത്തിൽ വരാൻ പോകുന്ന വൻ വ്യവസായ പദ്ധതികൾക്ക് നൽകാവുന്ന തരത്തിൽ വില കുറഞ്ഞ ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കേണ്ടത് ഗവണ്മെന്റിന്റെയും കെഎസ്ഇബിയുടെയും ഉത്തരവാദിത്തമാണ്. അതിരപ്പിള്ളിപോലുള്ള പദ്ധതികൾ നടപ്പിലാക്കിയാൽ മാത്രമേ വർധിച്ചുവരുന്ന ഊർജ ആവശ്യങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാവുകയുള്ളൂ- എളമരം കരീം പറഞ്ഞു.

ലോകത്തെ ശാസ്ത്രജ്ഞർ ഒന്നടങ്കം അനുകൂലിക്കുന്ന ജലവൈദ്യുത പദ്ധതികളെ എതിർക്കുന്നത് ഏതടിസ്ഥാനത്തിലാണെന്ന് ശാസ്ത്രീയമായി ബോധ്യപ്പെടുത്താനുള്ള ബാധ്യത പരിസ്ഥിതി വാദികൾക്കുണ്ട്. വസ്തുതാവിരുദ്ധമായ കാര്യങ്ങളുടെ പേരിൽ അതിരപ്പിള്ളി പദ്ധതി ഉപേക്ഷിക്കുന്നത് കേരളത്തിന് തിരിച്ചടിയാകും. പദ്ധതിയെക്കുറിച്ച് ചാലക്കുടി മേഖലകളിലെ വീടുകൾ കയറിയിറങ്ങിയുള്ള ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം കൊടുക്കണമെന്നും സ: കെ ഒ ഹബീബ് അഭ്യർത്ഥിച്ചു. തുടർന്ന് സംസാരിച്ച മുഴുവൻ ആളുകളും സംഘടനാ ഭേദമന്യേ അതിരപ്പിള്ളി പദ്ധതിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു. അതിരപ്പിള്ളി പദ്ധതിക്ക് അനുകൂലമായി ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ നടത്തണമെന്ന വികാരമാണ് സെമിനാറിൽ പൊതുവെ ഉയർന്നുവന്നത്.

# പി രാമമൂർത്തിഭവൻ ഉദ്ഘാടനം ചെയ്തു

സിഐടിയുവിന്റെ ട്രേഡ് യൂണിയൻ പഠന ഗവേഷണ കേന്ദ്രമായ പി രാമമൂർത്തി ഭവൻ സിപിഐ (എം) ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉത്ഘാടനം ചെയ്തു. ഡൽഹി സാകേത് സെക്ടർ ആറ് പുഷ്പവിഹാറിലാണ് സിഐടിയു സ്ഥാപക ജനറൽ സെക്രട്ടറിയായ പി രാമമൂർത്തിയുടെ പേരിൽ നിർമിച്ച നാലു നില മന്ദിരം. അദ്ദേഹത്തിന്റെ 30-ാം ചരമവാർഷിക ദിനമായിരുന്നു വെള്ളിയാഴ്ച.

വനിതാ തൊഴിലാളികളുടെ ഉന്നമനത്തിനായി പി രാമമൂർത്തിയുടെ മകൾ ഡോ. ആർ പൊന്നി എല്ലാമാസവും 10,000 രൂപ നൽകുമെന്ന് അറിയിച്ചു. ആദ്യ ഗഡുവായി 10,000 രൂപയുടെ ചെക്ക് സിഐടിയു പ്രസിഡന്റ് കെ ഹേമലതക്ക് കൈമാറി. പി രാമമൂർത്തിയുടെ പേരിൽ ഫെലോഷിപ് ഏർപ്പെടുത്താൻ ആവശ്യമായ തുക കുടുംബം നൽകുമെന്ന് മകൾ അഡ്വ. ആർ വൈഗൈ പറഞ്ഞു.

കെ ഹേമലത പതാക ഉയർത്തി. പി രാമമൂർത്തിയുടെ അർധകായ പ്രതിമ വൈസ് പ്രസഡന്റ് എ കെ പത്മനാഭൻ അനാച്ഛാദനം ചെയ്തു. ജനറൽ സെക്രട്ടറി തപൻസെൻ എംപി സംസാരിച്ചു. ദേശീയ സെക്രട്ടറി സ്വദേശ് ദേവ്റോയ് സ്വാഗതവും അമിതാവ് ഗുഹ നന്ദിയും പറഞ്ഞു. നേതാക്കളായ എ സൗന്ദർരാജൻ, കെ കെ ദിവാകരൻ, എ ആർ സിന്ധു, ഹന്നൻമൊള്ള, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ ഇന്ത്യയിലെ മേധാവി ബാനുപാഡ പൂൺവാല, വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

അഡ്വ. ആർ വൈഗൈയും എൻ രാമകൃഷ്ണനും ചേർന്ന് എഴുതിയ പി രാമമൂർത്തിയുടെ ജീവ ചരിത്രം ഡോ. ആർ പൊന്നിക്ക് നൽകി എ കെ പത്മനാഭൻ പ്രകാശനം ചെയ്തു. ഉത്ഘാടനത്തിന്റെ ഭാഗമായി തമിഴ്നാട് ഘടകം തയാറാക്കിയ കലണ്ടർ അഡ്വ. ആർ വൈഗൈയ്ക്ക് നൽകി എ സൗന്ദർരാജൻ പ്രകാശനം ചെയ്തു.

എഴുപതുപേർക്ക് പങ്കെടുക്കാവുന്ന ക്ലാസ് മുറിയും താമസസൗകര്യവും ഉൾപ്പെടുന്നതാണ് പി രാമമൂർത്തി ഭവൻ. ഒന്നാം നിലയിലെ സൗണ്ട്പ്രൂഫ് മുറി രണ്ടായി വിഭജിച്ച് ഒരേസമയം രണ്ട് ക്ലാസ് നടത്താവുന്ന രീതിയിലാണ് രൂപകൽപ്പന. മൂന്നാം നിലയിൽ 50 പുരുഷന്മാർക്കും രണ്ടാം നിലയിൽ 20 സ്ത്രീകൾക്കും താമസിക്കാവുന്ന ഡോർമിറ്ററികൾ ഉണ്ട്.



വിശിഷ്ടാതിഥികൾക്കായി പ്രത്യേക മുറിയുമുണ്ട്. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ, ഓൾഇന്ത്യ റോഡ് ട്രാൻസ്പോർട് എംപ്ലോയീസ് ഫെഡറേഷൻ എന്നിവയുടെ ഡൽഹി ഓഫീസുകൾ ഒരു കോൺഫറൻസ് ഹാളും താഴത്തെ നിലയിൽ പ്രവർത്തിക്കും. കെട്ടടത്തിന്റെ പിൻഭാഗത്ത് പാചകത്തിനും ബെയ്സ്മെന്റിൽ ഭക്ഷണം കഴിക്കുന്നതിനും സൗകര്യമുണ്ട്.

പി രാമമൂർത്തിഭവൻ 2010 ലാണ് നിർമാണം ആരംഭിച്ചത്. അന്നത്തെ സിഐടിയു ജനറൽ സെക്രട്ടറി എം കെ പാന്ഥെയാണ് തറക്കല്ലിട്ടത്.

# സഖാവ് സുകോമൾ സെന്നിന് ആദരാഞ്ജലികൾ



സിഐടിയു വൈസ് പ്രസിഡന്റും വർക്കിംഗ് കമ്മിറ്റി അംഗവുമായിരുന്ന സ: സുകോമൾ സെൻ 2017 നവംബർ 22ന് 85–ാം വയസിൽ കൽകത്തയിൽ വച്ച് അന്തരിച്ചു.

തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ കരുത്തുറ്റ നീക്കങ്ങൾക്ക് നിസ്തുല സംഭാവനകൾ നൽകിയ പ്രമുഖ നേതാവാണ് സുകോമൾ സെൻ. തൊഴിലാളികളുടെ അവകാശ പോരാട്ടങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുടെ ശബ്ദവും മുഖവുമായി അദ്ദേഹം. സംഘടനയെ കെട്ടിപ്പടുക്കുന്നതിനോടൊപ്പം ആശയപരമായ അടിത്തറ ഒരുക്കുന്നതിനും നിർണായക പങ്കുവഹിച്ചു.

തൊഴിലാളികളെ പ്രക്ഷോഭ രംഗത്തേക്ക് ആകർഷിക്കാനും മുതലാളിത്ത വ്യവസ്ഥയുടെ അപകടകരമായ വഴക്കങ്ങളെ തുറന്നു കാട്ടാനും അദ്ദേഹം മുൻപന്തിയിൽ നിന്നു. സർക്കാർ ജീവനക്കാരെ സംഘടിപ്പിച്ചതിനോടൊപ്പം വിവിധ മേഖലയിലെ തൊഴിലാളികളെ പ്രക്ഷോഭപാതയിൽ അണിനിരത്താനും അദ്ദേഹം അസാധാരണമായ വൈഭവം പ്രകടിപ്പിച്ചു. പതിറ്റാണ്ടുകളോളം സിഐടിയു വർക്കിംഗ് കമ്മിറ്റി അംഗമായിരുന്നു. 2010 ൽ ചണ്ഡിഗറിൽ നടന്ന സിഐടിയു ദേശീയ സമ്മേളനം അദ്ദേഹത്തെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു. 2016 ൽ പുരിയിൽ ചേർന്ന 15–ാം ദേശീയ സമ്മേളനത്തിൽ ദേശീയ സെക്രട്ടറിയേറ്റിലെ സ്ഥിരം ക്ഷണിതാവായി. ദേശീയതലത്തിൽ മാത്രമല്ല അന്തർദേശീയ തലത്തിലും സുകോമൾസെൻ ശ്രദ്ധ നേടി. 1996 ൽ രാജ്യാന്തര ട്രേഡ് യൂണിയൻ സംഘടനയുടെ പബ്ലിക് ആന്റ് അലൈഡ് സർവ്വീസസിന്റെ ജനറൽ സെക്രട്ടറിയായി. തൊഴിലാളി പ്രശ്നങ്ങൾ രാജ്യസഭയിലും അദ്ദേഹം ശക്തിയായി ഉന്നയിച്ചു. 1982 മുതൽ 1994 വരെയുള്ള കാലയളവിൽ രണ്ടു തവണ അദ്ദേഹം രാജ്യസഭാംഗമായി.

സംഘാടകൻ എന്നതിനൊപ്പം പ്രത്യയശാസ്ത്രപരമായ അടിത്തറ ശക്തിപ്പെടുത്താനുള്ള സംഭാവനയും അദ്ദേഹം നൽകി. വർക്കിംഗ് ക്ലാസ് ഓഫ് ഇന്ത്യ: ഹിസ്റ്ററി ഓഫ് എമർജെൻസ് ആന്റ് മൂവ്മെന്റ് എന്ന അദ്ദേഹത്തിന്റെ പുസ്തകം ഇന്ത്യയിലെ തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ ചരിത്രം ആധികാരികമായി രേഖപ്പെടുത്തുന്നു.

സുകോമൾ സെന്നിന്റെ നിര്യാണം വർത്തമാനകാല വെല്ലുവിളികളോട് പോരാടുന്ന പുരോഗമന സംഘടനകൾക്ക് നികത്താനാവാത്ത നഷ്ടമാണെന്ന് സിഐടിയു പ്രസിഡന്റ് കെ ഹേമലത, ജനറൽ സെക്രട്ടറി തപൻസെൻ എന്നിവർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റും സ: സുകോമൾ സെന്നിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

ബീഡി ഉല്പന്നങ്ങൾക്ക് കേന്ദ്രം 58 ശതമാനം ജിഎസ്ടി നികുതി നടപ്പാക്കിയതിൽ പ്രതിഷേധിച്ച് സംസ്ഥാന ബീഡി വർക്കേഴ്സ് ഫെഡറേഷൻ തീരുമാനമനുസരിച്ച് ബിഡി തൊഴിലാളികൾ പ്രവർത്തിച്ചു വരുന്ന കേന്ദ്രങ്ങളിലെ ജില്ലകളിൽ കേന്ദ്ര ഗവണ്മെന്റ് ഓഫീസ്കൾക്ക് മുന്നിൽ ആയിരക്കണക്കിന് തൊഴിലാളികൾ നവംബർ 17 ന് മാർച്ചും ധർണയും നടക്കുകയുണ്ടായി. ബീഡിക്ക് 28 ശതമാനവും പുകയിലക്ക് 18 ശതമാനവും ഇലക്ക് 12 ശതമാനം എന്ന രീതിയിലാണ് നികുതി ചുമത്തിയിരിക്കുന്നത്. ഇതിൻ ഫലമായി ബീഡി വ്യവസായം മുന്നോട്ട് പോകാനാകാതെ കടുത്ത പ്രതിസന്ധിയെ നേരിടുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടമാകുന്ന അവസ്ഥയാണു നിലവിലുള്ളത്.




കണ്ണൂർ ഹെഡ് ഓഫീസിനു മുന്നിലേക്ക് തൊഴിലാളികൾ നടത്തിയ മാർച്ച് അഖിലേന്ത്യാ ബീഡി വർക്കേഴ്സ് ഫെഡറേഷൻ പ്രസിഡന്റ് കെ പി സഹദേവൻ ഉത്ഘാടനം ചെയ്യുന്നു.